IV നിയമനിർമ്മാണകാര്യം

2004-ലെ കേരള ധനകാര്യബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള ധനകാര്യബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

V സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം

മി. ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസിന്റെ കോപ്പി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഇതിനകംതന്നെ വിതരണം ചെയ്തിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണന് പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദത്തിനുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിന് ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡപ്രകാരവും നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 65-ാം ചട്ടമനുസരിച്ചും 2004-ജനുവരി 20-ാം തീയതി നോട്ടീസ് നൽകിയ പ്രമേയത്തിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയാവതരണത്തിന് അനുവാദം നൽകണമെന്നതിനെ അനുകൂലിക്കുന്ന അംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കേണ്ടതാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: 20-ൽ കുറയാത്ത അംഗങ്ങൾ പ്രമേയാവതരണത്തെ അനുകൂലിക്കുന്നതിനാൽ ശ്രീ. കോടിയേരി ബാലകൃഷ്ണന് പ്രമേയം അവതരിപ്പിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നു. പ്രമേയം ഇപ്പോൾത്തന്നെ ചർച്ചയ്ക്കെടുക്കാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന് സഭ അനുവദിക്കുകയാണെങ്കിൽ പ്രമേയം ഇപ്പോൾത്തന്നെ ചർച്ചയ്ക്കെടുക്കുന്നതാണ്. അങ്ങനെയാണെങ്കിൽ നേരത്തെ തീരുമാനിച്ച പ്രകാരം ഫെബ്രുവരി മാസം 9-ാം തീയതി സഭ സമ്മേളിക്കേണ്ടതില്ല. ഈ പ്രമേയത്തിന്റെ ചർച്ചയ്ക്കും വോട്ടെടുപ്പിനും ശേഷം തുടർച്ചയായി വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയും വോട്ടെടുപ്പും നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ ബഹുമാനപ്പെട്ട സ്പീക്കർ അഭിപ്രായപ്പെട്ടതുപോലെ സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയത്തിന് അനിശ്ചിതത്വം നല്ലതല്ല. അതുകൊണ്ട് പ്രമേയം ഇപ്പോൾത്തന്നെ ചർച്ചയ്ക്കെടുക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ..... സഭയുടെ തീരുമാനപ്രകാരം പ്രമേയം ഇപ്പോൾത്തന്നെ ചർച്ചയ്ക്കെടുക്കുകയാണ്. ചർച്ചയ്ക്കും വോട്ടെടുപ്പിനും ശേഷം സഭ തുടർച്ചയായി സമ്മേളിച്ച് വോട്ട്ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും നടത്തുന്നതാണ്. .....(ബഹളം).....ആദ്യമായി പ്രമേയത്തിന്റെ ചർച്ചയ്ക്ക് എത്ര സമയം വേണമെന്ന് തീരുമാനിക്കേണ്ടതാണ്.....(ബഹളം).....

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ): രണ്ടുമണിക്കൂർ സമയം ചർച്ചയ്ക്ക് എടുക്കാവുന്നതാണ്.....(ബഹളം).....

ശ്രീ. എ. കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ റൂൾ 66 Leave of Assembly to take up resolution ആണ്. റൂൾ 67, Inclusion of resolution in the list of business ആണ്. ഇന്നത്തെ list-ൽ ആ resolution ഇല്ല. leave to introduce മാത്രമേയുള്ളൂ. റൂൾ 67 പ്രകാരം On the appointed day, the resolution shall be included in the list of business to be taken up after the question hour and before any other business for the day is entered upon. Question hour കഴിഞ്ഞതിനുശേഷം മറ്റ് ബിസിനസ്സിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഇത് എടുക്കേണ്ടതാണ്. ഇത് റൂൾ 66-ന്റെയും 67-ന്റെയും. violation ആണ്. ആ റൂൾ suspend ചെയ്യാൻ നമുക്ക് അധികാരമില്ല. റൂൾ 66-ഉം 67-ഉം നിലനിൽക്കുന്നിടത്തോളം കാലം ഇന്നിത് ചർച്ചയ്ക്ക് എടുക്കാൻ പാടില്ല. Question hour കഴിഞ്ഞതിനുശേഷം മാത്രമേ ഇത് ചർച്ചക്ക് എടുക്കാൻ പാടുള്ളൂ. ഇപ്പോൾ question hour കഴിഞ്ഞ് മറ്റു വിഷയത്തിലേയ്ക്ക് കടന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ചട്ടപ്രകാരം ഇപ്പോൾ എടുക്കുന്നതിന് തകരാറൊന്നുമില്ല ഈ റെസല്യൂഷൻ ഇപ്പോൾ ചർച്ചയ്ക്ക് എടുക്കണമെന്ന് തീരുമാനിക്കാൻ സഭയ്ക്ക് അവകാശമുണ്ട്. സഭയുടെ സെൻസ് അനുസരിച്ചാണ് ചർച്ചയ്ക്ക് എടുത്തിട്ടുള്ളത്. റൂൾ 66-ൽ 3-ാം ഉപവകുപ്പിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഉടനെ ഇത് ചർച്ചയ്ക്കെടുക്കണമെന്നാണ് ഈ സഭയുടെ സെൻസ്. സഭയ്ക്ക് തീരുമാനിക്കാനുള്ള അവകാശമുണ്ട്.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): റൂൾ 66 (3) അനുസരിച്ച് "The Speaker may appoint on such day" On such day എന്ന് പറയുമ്പോൾ, the discussion will be taken up on such day, not being more than 10 days from the date on which the leave is asked for, as he may appoint. അതുകൊണ്ട് ഇന്ന് തന്നെ ഈ വിഷയം ചർച്ച ചെയ്യാം.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പറയട്ടെ.

ശ്രീ. കെ. എം. മാണി: Speaker may appoint on such day എന്ന് തീരുമാനിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ തീരുമാനപ്രകാരം രണ്ട് മണിക്കൂർ സമയം ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. കെ. എം. മാണി: ഏതെങ്കിലും സംശയമുണ്ടെങ്കിൽ ഈ സഭയ്ക്ക് അത് waive ചെയ്യാം.

.....(ബഹളം).....

ശ്രീ. കെ. പി. രാജേന്ദ്രൻ: റൂൾ അനുസരിച്ച് വേണ്ടേ; അങ്ങനെ റൂൾ. waive ചെയ്യണമെങ്കിൽ വോട്ടിന് ഇടണ്ടേ; സഭയുടെ അനുമതി വാങ്ങണ്ടേ?

.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമസഭയുടെ നടപടി ചട്ടം അനുസരിച്ചാണ് നോട്ടീസ് കൊടുത്തിരിക്കുന്നത്. അത് പ്രകാരം ഇപ്പോൾ എടുത്തിരിക്കുന്ന ഈ സമീപനം ശരിയല്ല. ഈ സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് നിങ്ങൾക്ക് എന്തുവേണമെങ്കിലും തീരുമാനിക്കാം. സർ, ഇത് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടുള്ള നിലപാടിലേയ്ക്കാണ് കടക്കാൻ പോകുന്നത്.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് നിയമവിരുദ്ധമോ ചട്ടവിരുദ്ധമോ അല്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് സംസാരിക്കാം.

.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഭരണഘടനയുടെ ആർട്ടിക്കിൾ 179 (സി) അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉന്നയിച്ച പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് അങ്ങ് ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാം. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പറഞ്ഞത് സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്നത് സംബന്ധിച്ച് ചർച്ച 9-ാം തീയതി ആണെന്നാണ്. ഇന്ന് ഇത് ചർച്ച ചെയ്യപ്പെടുകയാണ്. ഞങ്ങൾക്ക് ഇപ്പോൾ ചർച്ച ചെയ്യുന്നതിൽ വിരോധമില്ല. ഇന്ന് വോട്ട് ഓൺ അക്കൗണ്ട് ചർച്ച ചെയ്യാനാണ് ബി. എ. സി. തീരുമാനിച്ചത്. അത് മാറ്റണമെങ്കിൽ മുഖ്യമന്ത്രി നിയമസഭയിൽ പ്രമേയം അവതരിപ്പിച്ച് മാറ്റണം. ഭൂരിപക്ഷപ്രകാരം മാറ്റണം. എങ്കിൽ മാത്രമേ സഭയ്ക്ക് പ്രമയത്തിന്റെ ചർച്ചയിലേക്ക് കടക്കാൻ സാധിക്കുകയുള്ളൂ.

.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: C. M. is the Leader of the House.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 9-ാം തീയതി പ്രമേയം ചർച്ചക്ക് എടുക്കാം എന്നായിരുന്നു ധാരണ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു അവിശ്വാസ പ്രമേയത്തിന് നോട്ടീസ് കിട്ടിയാൽ സംശയത്തിന്റെ നിഴലിൽ ഒരു നിമിഷം നിൽക്കാൻ പാടില്ല. പ്രതിപക്ഷത്തിന്റെ നിലപാട് ഇതിന് എമർജൻസിയില്ല എന്നാണോ? പക്ഷേ ഞങ്ങളെ സംബന്ധിച്ച് അവിശ്വാസത്തിന്റെ നിഴൽ നിൽക്കാൻ പാടില്ല. ഉടനെ നമുക്ക് ചർച്ചയാകാം. നിങ്ങൾ പറഞ്ഞ ഒരു കാര്യം മാത്രമേയുള്ളൂ appointed day -ൽ question hour-ന് ശേഷം മറ്റ് ബിസിനസ്സിനു മുമ്പ് ഇത് ലിസ്റ്റ് ചെയ്താൽ മതി. ഈ സഭയ്ക്ക് അതിന് അധികാരമുണ്ട്. question hour-ന് ശേഷവും ബിസിനസ്സിനു മുമ്പും ഇത് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞാൽ അച്ചടിച്ച് നാളെ വേണമെന്നില്ല. ലിസ്റ്റിൽ ഉൾപ്പെടുത്തുക എന്ന് പറഞ്ഞാൽ അജണ്ടയിൽ ഉൾപ്പെടുത്തുക എന്നുള്ളതാണ്. ഈ സഭയ്ക്ക് അതിന് അധികാരമുണ്ട്. ആവശ്യമെങ്കിൽ ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ ഉന്നയിക്കുന്ന പ്രശ്നം അതല്ല. ഇന്നത്തെ ദിവസം വോട്ട് ഓൺ അക്കൗണ്ടിനുവേണ്ടിയാണ് സഭ തീരുമാനിച്ചത്. ആ അജണ്ട മാറുമ്പോൾ അത് സഭയുടെ അംഗീകാരത്തോടുകൂടി മാത്രമേ മാറ്റാൻ പാടുള്ളൂ. അങ്ങനെ മാറ്റുമ്പോൾ മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ച് ഭൂരിപക്ഷപ്രകാരം തീരുമാനിക്കണം.

.....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഇതിനുവേണ്ടി വലിയ തർക്കം വേണ്ട. ആവശ്യമെങ്കിൽ നമുക്ക് റൂൾ ഔദ്യോഗികമായിത്തന്നെ വേവ് ചെയ്യാം, ഈ സഭയ്ക്ക് അതിന് അധികാരമുണ്ട്. അതുകൊണ്ട് ആദ്യം അവിശ്വാസപ്രമേയം ചർച്ചയ്ക്ക് എടുക്കാം. അതുകഴിഞ്ഞ് വോട്ട് ഓൺ അക്കൗണ്ട് ചർച്ച ചെയ്യാം. റൂൾ വേവ് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, I demand a poll.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—85

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. എ. കെ. ആന്റണി
7. ശ്രീ. എൻ. ഡി. അപ്പച്ചൻ
8. ശ്രീ. ഇ. എം. അഗസ്തി
9. ശ്രീ. കെ. ബാബു
10. ശ്രീ. ബാബു ദിവാകരൻ
11. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
12. ശ്രീ. വി. ബാലാറാം
13. ശ്രീ. ടി. വി. ചന്ദ്രമോഹൻ
14. ശ്രീ. കെ. എ. ചന്ദ്രൻ
15. ശ്രീ. എം. എ. ചന്ദ്രശേഖരൻ
16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീ. ജോർജ് ജെ. മാത്യു
19. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
20. ശ്രീമതി കെ. ആർ. ഗൗരിയമ്മ
21. ശ്രീ. എം. എം. ഹസ്സൻ
22. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
23. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
24. ശ്രീ. ടി. എം. ജേക്കബ്
25. ശ്രീ. ജോണി നെല്ലൂർ
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. ജോസഫ് എം. പുതുശ്ശേരി
28. ശ്രീ. പി. ജെ. ജോയി
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. ജി. കാർത്തികേയൻ
31. ശ്രീ. കെ. കെ. നായർ
32. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
33. ഡോ. എം. എ. കുട്ടപ്പൻ
34. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
35. ശ്രീ. ലൂഡി ലൂയിസ്
36. ശ്രീ. സി. മമ്മൂട്ടി
37. ശ്രീ. കെ. മുഹമ്മദാലി
38. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
39. ശ്രീ. കെ. മോഹൻ കുമാർ
40. ശ്രീ. എ. കെ. മണി
41. ശ്രീ. സി. മോയിൻകുട്ടി
42. ശ്രീ. ആര്യാടൻ മുഹമ്മദ്
43. ശ്രീ. സി. പി. മുഹമ്മദ്
44. ശ്രീ. എം. മുരളി
45. പ്രൊഫ. എ. ഡി. മുസ്തഫ
46. ശ്രീ. എഴുകോൺ നാരായണൻ
47. ശ്രീ. ഉമ്മൻ ചാണ്ടി
48. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
49. ശ്രീ. വി. ജെ. പൗലോസ്
50. ശ്രീ. അടൂർ പ്രകാശ്
51. ശ്രീ. ടി. എൻ. പ്രതാപൻ
52. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
53. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
54. ശ്രീമതി രാധാരാഘവൻ
55. ശ്രീ. എം. വി. രാഘവൻ
56. ശ്രീ. എ. എൻ. രാജൻ ബാബു
57. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
58. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
59. ശ്രീ. യു. സി. രാമൻ
60. ശ്രീ. തമ്പാനൂർ രവി
61. ശ്രീ. റോഷി അഗസ്റ്റിൻ

LIBRARY ARCHIVES Kerala Legislative Assembly

62. ശ്രീ. പി. ശങ്കരൻ
63. ശ്രീ. കെ. ശങ്കരനാരായണൻ
64. ശ്രീമതി മാലേത്ത് സരളാദേവി
65. ശ്രീ. വി. ഡി. സതീശൻ
66. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
67. ശ്രീ. കെ. കെ. ഷാജു
68. ശ്രീ. ഷിബു ബേബി ജോൺ
69. ശ്രീ. കടവൂർ ശിവദാസൻ
70. ശ്രീമതി ശോഭനാ ജോർജ്
71. ശ്രീ. നാലകത്ത് സൂപ്പി
72. ശ്രീ. സ്റ്റീഫൻ ജോർജ്
73. ശ്രീ. കെ. സുധാകരൻ
74. ശ്രീ. ഡി. സുഗതൻ
75. ശ്രീ. എ. സുജനപാൽ
76. ശ്രീ. സി. എഫ്. തോമസ്
77. പ്രൊഫ. കെ. വി. തോമസ്
78. ശ്രീ. പി. ടി. തോമസ്
79. ശ്രീ. തോമസ് ചാഴികാടൻ
80. ശ്രീ. തോമസ് ഉണ്ണിയാടൻ
81. ശ്രീ. ഉമേഷ് ചള്ളിയിൽ
82. ശ്രീ. എം. എ. വാഹീദ്
83. ശ്രീ. കെ. സി. വേണുഗോപാൽ
84. ശ്രീ. ബി. വിജയകുമാർ
85. ശ്രീ. കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. എ. എ. അസീസ്
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീ. ടി. കെ. ബാലൻ
7. ശ്രീ. ബിനോയ് വിശ്വം
8. ശ്രീ. വി. കെ. ചന്ദ്രൻ
9. ശ്രീ. വി. ചെന്താമരാക്ഷൻ
10. ശ്രീ. ടി. കെ. ദേവകുമാർ
11. ശ്രീ. പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ശ്രീ. കെ. കെ. ജയചന്ദ്രൻ
15. ശ്രീ. എം. വി. ജയരാജൻ
16. ശ്രീ. പി. ജയരാജൻ
17. ഡോ. കെ. സി. ജോസഫ്
18. ശ്രീ. വി. സി. കബീർ
19. ശ്രീ. എം. കുമാരൻ
20. ശ്രീ കെ. വി. കുഞ്ഞിരാമൻ
21. ശ്രീ. കോവൂർ കുഞ്ഞുമോൻ
22. ശ്രീ. വി. കെ. സി. മമ്മത് കോയ
23. ശ്രീ. മത്തായി ചാക്കോ
24. ശ്രീ. കെ. പി. മോഹനൻ
25. ശ്രീ. പിരപ്പൻകോട് മുരളി
26. ശ്രീ. പി. നാരായണൻ
27. ശ്രീ. കെ. രാധാകൃഷ്ണൻ
28. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
29. ശ്രീ. എൻ. രാജൻ
30. ശ്രീ. കെ. പി. രാജേന്ദ്രൻ
31. ശ്രീ. രാജു എബ്രഹാം
32. ശ്രീ. ടി. പി. രാമകൃഷ്ണൻ
33. ശ്രീ. സാജു പോൾ
34. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
35. ശ്രീ. എ. സി. ഷൺമുഖദാസ്
36. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ .. 85

പ്രതികൂലിക്കുന്നവർ .. 36

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

റൂൾ വേവ് ചെയ്ത് തൽസമയം തന്നെ പ്രമേയം ചർച്ചയ്ക്കെടുക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. പ്രമേയം ചർച്ചയ്ക്ക് എടുക്കുന്നു.

(ബഹളം).....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ: .....Order.....Order..... നിങ്ങൾ പറഞ്ഞത നുസരിച്ചാണ് തീരുമാനം എടുത്തത്.

(ബഹളം).....(ബഹളം) .....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പോയിന്റ് ഓഫ് ഓർഡർ കേട്ടതിനുശേഷം അതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് പറയാനുള്ളത് പറയുക.

(ബഹളം).....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണന് പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

.....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ resolution-നാണ് ഇപ്പോൾ സഭയുടെ മുമ്പിലുള്ളത്, അങ്ങ് സംസാരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട എം. വി. ജയരാജൻ പോയിന്റ് ഓഫ് ഓർഡറുമായി നിൽക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രമേയം അവതരിപ്പിച്ച് സംസാരിച്ചതിനുശേഷം ശ്രീ. ജയരാജന് സമയം അനുവദിക്കാം.

.....(ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, "കേരള നിയമസഭാ സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ ഒരു നിയമസഭാ സ്പീക്കറുടെ നിഷ്പക്ഷത കൈവെടിഞ്ഞ് ഒരു രാഷ്ട്രീയ പാർട്ടിയുടെയും ഗ്രൂപ്പിന്റെയും വക്താവായി പ്രവർത്തിക്കുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (ഐ) യിൽ താൻ അഞ്ചാം ഗ്രൂപ്പിന്റെ നേതാവാണെന്ന് സ്വയം പ്രഖ്യാപിക്കുകയുണ്ടായി. കോൺഗ്രസ് ഹൈക്കമാന്റ് തന്നെ സ്പീക്കറുടെ ഈ നടപടി ശരിയായില്ല എന്ന് വ്യക്തമാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിരിക്കുന്നു. 2003 സെപ്റ്റംബർ 23-ന് എറണാകുളം ലോകസഭാ മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ മൽസരിച്ച കോൺഗ്രസ് സ്ഥാനാർത്ഥി ശ്രീ. എം. ഒ. ജോൺ തന്റെ കൂടി സ്ഥാനാർത്ഥിയാണെന്നും താനുമായി ആലോചിച്ചാണ് ശ്രീ. എം. ഒ. ജോണിനെ കോൺഗ്രസ് സ്ഥാനാർത്ഥിയാക്കിയതെന്നും പരസ്യ പ്രസ്താവന നടത്തുകയും അദ്ദേഹത്തിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു കോൺഗ്രസിലെ ഗ്രൂപ്പ് പോരാട്ടത്തിൽ സജീവപങ്കാളിത്തം വഹിച്ച് മന്ത്രിസഭ നിലനിർത്താൻവേണ്ടി എം. എൽ. എ.-മാരെ ഫോൺ ചെയ്ത് ഭീഷണിപ്പെടുത്തുകയും ഗ്രൂപ്പ് പ്രവർത്തനങ്ങൾക്കായി പലതവണ ഡൽഹിയിൽ പോവുകയും ഒരു എം. എൽ. എ.-യുടെ വിലനിലവാരം ഒരു കോടി രൂപവരെ ഉയർന്നിരിക്കുകയാണെന്ന് പ്രഖ്യാപിച്ച് നിയമസഭാംഗങ്ങളെ അവഹേളിക്കുകയും ചെയ്തതു വഴി സ്പീക്കർ എന്ന നിലയിലുള്ള നിഷ്പക്ഷതയും നിയമസഭയുടെ വിശ്വാസവും സ്വയം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ആകയാൽ അദ്ദേഹത്തെ നിയമസഭയുടെ സ്പീക്കർ സ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്ന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ഇത്തരം ഒരു പ്രമേയം അവതരിപ്പിക്കേണ്ടിവന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ് അപൂർവ്വമായി മാത്രമേ സ്പീക്കറെ നീക്കംചെയ്യണമെന്ന പ്രമേയം നിയമസഭയിൽ ചർച്ചയ്ക്ക് വരാറുള്ളൂ. ഇതിനുമുമ്പ് ഒരു സന്ദർഭത്തിൽ മാത്രമേ ഇത്തരത്തിലൊരു പ്രമേയം ചർച്ചയ്ക്ക് വിധേയമായിട്ടുള്ളൂ സ്പീക്കർ പദവി പരമോന്നതമായ പദവിയാണ്. നിയമസഭാംഗങ്ങളിൽ നിന്നാണ് സ്പീക്കറെ തെരഞ്ഞെടുക്കുന്നതെങ്കിലും സഭയുടെ നാഥനാണ് സ്പീക്കർ. സ്പീക്കർ എങ്ങനെയായിരിക്കണം എന്നത് സംബന്ധിച്ച് ലോക്സഭാ സ്പീക്കർമാരായിരുന്ന വ്യക്തികൾ നടത്തിയിട്ടുള്ള വിലയിരുത്തലുകൾ ഉണ്ട്. ലോക്സഭ സ്പീക്കറായിരുന്ന മൗലങ്കർ 1952 മേയ് 15-ന് ലോക്സഭയിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞത് "സ്പീക്കർ പൂർണ്ണമായും രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കണം; അതായത് അദ്ദേഹം പാർട്ടി ചർച്ചകളിലും വിവാദങ്ങളിലും നിന്ന് വിട്ടുനിൽക്കണം" എന്നാണ് കോൺഗ്രസ് പാർട്ടിയുടെ പ്രതിനിധിയായിട്ടാണ് ശ്രീ. വക്കം പുരുഷോത്തമൻ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. കോൺഗ്രസിനുതന്നെ സ്പീക്കർ എങ്ങനെയായിരിക്കണം എന്നതുസംബന്ധിച്ച് ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു സ്പീക്കർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന പാരമ്പര്യമുള്ളത് ബ്രിട്ടീഷ പാർലമെന്റിലാണ്. ഇൻഡ്യയിലും ഇത് പ്രാവർത്തികമാക്കിയെങ്കിൽ മാത്രമേ

11 A.M.] സ്പീക്കർ നിഷ്പക്ഷനായിരിക്കൂ എന്ന സ്ഥിതി വന്നപ്പോൾ 1953-ൽ കൂടിയ ഇന്ത്യയിലെ സഭാദ്ധ്യക്ഷൻമാരുടെ സമ്മേളനം ഈ പ്രശ്നം വിശദമായ ചർച്ചചെയ്യപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അന്ന് പറഞ്ഞ കാര്യം ഈ സന്ദർഭത്തിൽ പ്രസക്തമാണ്. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി പറഞ്ഞത് "ഈ കീഴ്വഴക്കം അംഗീകരിക്കുന്നതോടൊപ്പം പ്രാധാന്യമുള്ള സംഗതി സ്പീക്കർ രാഷ്ട്രീയത്തിലെ വിവാദങ്ങളിൽ സജീവമായി പങ്കെടുക്കുന്നതിൽ നിന്നു മാറി നിൽക്കുകയെന്നുള്ളതാണ്. സ്പീക്കർ സ്വയം ഒരു ന്യായാധിപന്റെ സ്ഥാനത്ത

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഷ്ഠിക്കപ്പെടേണ്ടതാണ്. ഒരു കാര്യത്തിലും കക്ഷി ചേരുകയോ, അബോധമായിപ്പോലും പക്ഷഭേദം കാണിക്കുകയോ ചെയ്യാതെ സഭയിലെ എല്ലാ വിഭാഗങ്ങൾക്കും സ്പീക്കറുടെ നിഷ്പക്ഷതയിലും സത്യസന്ധതയിലും വിശ്വാസം ആർജിക്കാൻ കഴിയുന്ന തരത്തിൽ സ്പീക്കർ മാറേണ്ടതാണ്". ഇത് എന്റെ അഭിപ്രായമല്ല, കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ അഭിപ്രായമാണ്. ഇത്തരത്തിലുള്ള ഒരു കീഴ്വഴക്കം രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞാൽ മാത്രമേ സ്പീക്കർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടണം എന്ന കീഴ്വഴക്കത്തെ ന്യായീകരിക്കാൻ കഴിയൂ എന്നാണ് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി പറഞ്ഞത്. സർ, 1956 മാർച്ചിൽ അന്നത്തെ ലോക്സഭാ സ്പീക്കറായിരുന്ന അനന്തശയനം അയ്യങ്കാർ പറഞ്ഞു, "ഞാൻ പാർട്ടി അംഗത്വം രാജിവയ്ക്കുന്നില്ലെങ്കിലും സ്പീക്കറുടെ സ്ഥാനത്തിരുന്നുകൊണ്ടുള്ള എന്റെ എല്ലാ നടപടികളും എല്ലാപേരുടേയും മനസ്സിൽ വിശ്വാസം ജനിപ്പിക്കുന്നതിനും സഭയുടെ നിലവാരവും പാരമ്പര്യവും കീഴ്വഴക്കങ്ങളും ഉയർത്തിപ്പിടിക്കുന്നതിനുമായിരിക്കും" എന്ന്. സ്പീക്കർ അയ്യങ്കാർ കോൺഗ്രസ് പാർട്ടിയിലെ അഗത്വം നിലനിർത്തിയെങ്കിലും പാർലമെന്ററി പാർട്ടിയിലെ അംഗത്വം.....

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം ഡെപ്യൂട്ടി സ്പീക്കറായിരുന്നോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അല്ല, സ്പീക്കർ ആയിരുന്നു. ഡെപ്യൂട്ടി സ്പീക്കർക്ക് രാഷ്ട്രീയ പ്രവർത്തനമാകാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അല്ല, ഞാൻ സംശയം തീർത്തു എന്നേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്പീക്കറെ സംബന്ധിച്ചാണ് സർ, അദ്ദേഹം പാർലമെന്ററി പാർട്ടി സ്ഥാനം രാജിവച്ചു. സ്പീക്കർ വീണ്ടും തെരഞ്ഞെടുപ്പിൽ മൽസരിക്കുമ്പോൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയെന്ന ബ്രിട്ടീഷ് കീഴ്വഴക്കം അതേപടി ഇന്ത്യയിലും പിൻതുടരണമെന്ന സഭാദ്ധ്യക്ഷൻമാരുടെ തീരുമാനം പിന്നീട് വ്യതിചലിച്ചു, ഇന്ത്യയിൽ അത് പ്രായോഗികമല്ലെന്ന് വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് കീഴ്വഴക്കങ്ങളുണ്ടായി. ഇവിടെ സ്പീക്കറെ സംബന്ധിച്ച് പറയുകയാണെങ്കിൽ തെരഞ്ഞെടുപ്പിൽ മൽസരിച്ചുകൊണ്ടാണ് വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നത്. സ്പീക്കറായി സ്ഥാനമേറ്റെടുത്തതിനുശേഷം വിവാദപരമായ, കക്ഷി രാഷ്ട്രീയമായുള്ള എല്ലാ ബന്ധങ്ങളും ആ വ്യക്തി വിച്ഛേദിക്കണമെന്നാണ് ഇവിടെ ഉണ്ടായിരിക്കുന്ന കീഴ്വഴക്കം. ഇൻഡ്യയിൽ ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ ലോക്സഭാ സ്പീക്കർമാരും രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കുകയെന്ന കീഴ്വഴക്കം പാലിച്ചിട്ടുണ്ട്. സ്പീക്കറായി തെരഞ്ഞെടുത്തപ്പോൾ പാർട്ടി അംഗത്വംപോലും ഉപേക്ഷിച്ച ഡോ. എം. സഞ്ജീവറെഡ്ഡിയുടെ മഹനീയ മാതൃക നമ്മുടെ മുമ്പിൽ ഉണ്ട്. ഡോ. ജി. എസ്. ധില്ലൻ, ടി. ആർ. ഭഗത്, ഡോക്ടർ ബൽറാം ഝാക്കർ, റാബി റേ, ശ്രീ. ശിവരാജ് പാട്ടീൽ, ശ്രീ. സംഗ്മ ഇവരെല്ലാം കോൺഗ്രസുകാരായിരുന്നു. ഇവർ കക്ഷി രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനതീതമായി സ്പീക്കർ സ്ഥാനത്തിരുന്നുകൊണ്ട് പ്രവർത്തിച്ചു. ജി. എം. സി. ബാലയോഗിയുടെ സ്ഥിതി നമുക്ക് അറിയാം. അദ്ദേഹം എല്ലാ വിവാദങ്ങളിൽ നിന്നും മാറിനിന്നു. എന്തിനധികം പറയുന്നു, ശിവസേനക്കാരനായ ഇപ്പോഴത്തെ ലോക്സഭാ സ്പീക്കർ പോലും കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കാൻ ശ്രമിക്കുന്നു. സ്പീക്കർമാർ ഇങ്ങനെ ആയിരിക്കണമെന്നുള്ളതുകൊണ്ട് 1985-ൽ ഭരണഘടന ഭേദഗതി ചെയ്യുമ്പോൾ 52-ാം ഭേദഗതിയിൽ കൂറുമാറ്റത്തെ സംബന്ധിച്ച് 10-ാം പട്ടിക എഴുതിച്ചേർത്തപ്പോൾ അതിൽ ഒരു കാര്യം പറഞ്ഞു, ഒരു രാഷ്ട്രീയ കക്ഷിയുടെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടാൽ, പാർട്ടി അംഗത്വം ഉപേക്ഷിച്ചാൽ, അദ്ദേഹത്തിന് മെമ്പർഷിപ്പ് നഷ്ടപ്പെടും. എന്നാൽ സ്പീക്കറോ, ഡെപ്യൂട്ടി സ്പീക്കറോ അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടാൽ പാർട്ടി അംഗത്വം ഉപേക്ഷിച്ചാൽ, അദ്ദേഹത്തിന് മെമ്പർഷിപ്പിൽ പരിരക്ഷ, ഭരണഘടന തന്നെ അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരാൻ കാരണം സ്പീക്കർ നിഷ്പക്ഷനാകണം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. ഈ ഔന്നത്യമായിട്ടുള്ള ഒരവസ്ഥയാണ് സ്പീക്കർക്ക് എല്ലാ കാലത്തും അനുവദിച്ചുകൊടുത്തിട്ടുള്ളത്. സ്പീക്കർ പദവിയുടെ ഔന്നത്യത്തെ സംബന്ധിച്ച് ഞാൻ ഏതെങ്കിലും ഒരു മാർക്സിസ്റ്റ് നേതാവിന്റെ ഉദ്ധരണി ഇവിടെ പറയുന്നില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ കോൺഗ്രസുകാർ മറന്നോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു, സ്പീക്കർ സഭയുടെ അന്തസ്സിന്റേയും സ്വാതന്ത്ര്യത്തിന്റേയും പ്രതീകമാണെന്ന്, സഭ രാഷ്ട്രത്തെ പ്രതിനിധീകരിക്കുന്നതിനാൽ സ്പീക്കർ സ്വാതന്ത്ര്യത്തിന്റേയും അന്തസ്സിന്റേയും പ്രതീകമാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. സ്വതന്ത്രമായ ഈ സ്ഥാനം വഹിക്കേണ്ടത് സവിശേഷമായ കഴിവും നിഷ്പക്ഷതയും അവകാശപ്പെടാൻ കഴിയുന്ന വ്യക്തികൾ ആയിരിക്കണമെന്നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത്. സ്പീക്കർ സഭയ്ക്കുള്ളിൽ മാത്രം നിഷ്പക്ഷത പാലിച്ചാൽ മതിയെന്നാണ് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ സ്വീകരിച്ചിരിക്കുന്ന നിലപാട്. ഇത് എവിടെയുള്ള കീഴ്വഴക്കമാണ്? സഭ ചേരുന്ന സമയത്തുമാത്രം ഒരു സ്പീക്കർ നിഷ്പക്ഷനായാൽ മതിയോ? സ്പീക്കർ എന്ന നിലയിലുള്ള കർത്തവ്യം സഭ ചേരുന്ന സമയത്ത് മാത്രമല്ല, ചേരാത്ത സമയത്തും ഉണ്ട്. ഇപ്പോൾ കൂറുമാറ്റ നിരോധന നിയമം നിലവിൽ വന്ന സാഹചര്യത്തിൽ സഭ ചേരാത്ത സന്ദർഭത്തിൽ ഒരു പ്രശ്നം വന്നാലും അതിന്മേൽ തീരുമാനമെടുക്കേണ്ടത് സ്പീക്കറാണ്. ഇതിന്റെ അർത്ഥം സ്പീക്കർ സഭയിൽ നിഷ്പക്ഷനായി പ്രവർത്തിക്കേണ്ടുന്ന വ്യക്തിയാണെന്നാണ്. കോൺഗ്രസ് നേതാക്കൻമാർ പോലും ഇതിനുമുൻപ് അംഗീകരിച്ചിരിക്കുന്ന കീഴ്വഴക്കമാണിത്. ഈ കീഴ്വഴക്കത്തിൽ നിന്ന് ശ്രീ. വക്കം പുരുഷോത്തമൻ വ്യതിചലിച്ചു എന്നുള്ളതാണ് ഈ പ്രമേയം അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചത്. സർ, ഇന്ത്യാ രാജ്യത്ത് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മ്യൂണിസിറ്റ് സ്പീക്കർ 1957-ൽ തെരഞ്ഞെടുക്കപ്പെട്ട ശങ്കരനാരായണൻ തമ്പി ആയിരുന്നു. ഒരു കമ്മ്യൂണിസ്റ്റ്കാരനായാൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷനാകുമോ എന്ന പ്രശ്നം ഉണ്ടായി. ശങ്കരനാരായണൻ തമ്പി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അന്ന് ഈ സഭയിൽ അനുമോദന പ്രസംഗം നടത്തിക്കൊണ്ട് പി. ടി. ചാക്കോ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. അന്ന് അദ്ദേഹം പറഞ്ഞു, "ഡെമോക്രസിയിൽ വിശ്വസിക്കുന്ന പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളുടേതുപോലുള്ള പാർട്ടിയിലെ അംഗങ്ങൾക്ക് പാർട്ടി ബന്ധങ്ങൾ ഉപേക്ഷിച്ച് പ്രവർത്തിക്കുക യെന്നുപറഞ്ഞാൽ അത് കുറേക്കൂടി എളുപ്പമുള്ള കാര്യമാണ്. എന്നാൽ അങ്ങേയ്ക്കൊരു കാര്യം വ്യക്തമാക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്, ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അങ്ങേയ്ക്ക് പാർട്ടി ബന്ധങ്ങൾ ഉപേക്ഷിക്കുന്നതിനും പാർട്ടി ബന്ധങ്ങൾക്കും താൽപ്പര്യത്തിനും അതീതമായി ഒരു ഉന്നതമായ സ്ഥാനത്തിരുന്ന് എത്രമാത്രം പ്രവർത്തിക്കാൻ കഴിയും എന്ന്" കമ്മ്യൂണിസ്റ്റുകാരൻ ഈ സ്ഥാനത്ത് വരുമ്പോൾ എന്തായിരിക്കും എന്നൊരു ആശങ്ക അന്നുണ്ടായിരുന്നു. ശങ്കരനാരായണൻ തമ്പി മാതൃക കാണിച്ചു, സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വക്കം പുരുഷോത്തമൻ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ നടത്തിയ പ്രസംഗം ഞാൻ വായിച്ചു, അദ്ദേഹം പറഞ്ഞു, "ഭരണപക്ഷത്തിന് മഹാഭൂരിപക്ഷമുള്ള ഇപ്പോഴത്തെ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ വിനിയോഗിക്കാൻ സഹായകമായ സാഹചര്യം സൃഷ്ടിക്കേണ്ടത് ഭരണപക്ഷത്തിന്റെ കടമയാണ്; കഴിഞ്ഞ കാല അനുഭവങ്ങൾ എന്തുതന്നെ ആയാലും ഈ സ്ഥിതി നമുക്ക് ഉണ്ടാകാൻ പാടില്ല" എന്ന്. സ്പീക്കറായി ചുമതലയേറ്റെടുത്തതിനുശേഷം ശ്രീ. വക്കം പുരുഷോത്തമൻ നടത്തിയ പ്രസംഗത്തിൽ പറഞ്ഞതാണിത്. ഇത് എത്രമാത്രം പാലിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്? കോൺഗ്രസുകാരനായി തെരഞ്ഞെടുക്കപ്പെട്ട സ്പീക്കറായി ശ്രീ. വക്കം പുരുഷോത്തമൻ കോൺഗ്രസ് അംഗീകരിച്ചിരിക്കുന്ന സമീപനമാണോ സ്പീക്കറെന്നുള്ള നിലയിൽ സ്വീകരിച്ചിട്ടുള്ളത്? ശങ്കരനാരായണൻ തമ്പിക്കുശേഷം സ്പീക്കറായത് സീതി സാഹിബ് ആണ്. മുസ്ലീംലീഗ്കാരനായ സീതി സാഹിബ് അന്ന് സ്പീക്കറാകുമ്പോൾ മുസ്ലീംലീഗിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. അദ്ദേഹം സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇവിടെ വിവാദമുണ്ടായി. നിഷ്പക്ഷത തെളിയിക്കാൻവേണ്ടി തൊപ്പിവരെ ഊരിച്ചിട്ടാണ് സ്പീക്കറാക്കിയത്. കോൺഗ്രസ് പാർട്ടി തൊപ്പി ഊരാൻ പറഞ്ഞു, അദ്ദേഹം മുസ്ലീംലീഗിന്റെ ജനറൽ സെക്രട്ടറിയായിരുന്നിട്ടും സഭയിൽ നിഷ്പക്ഷനായിരുന്നു. സർ, മൊയ്തിൻകുട്ടി ഹാജിയെ ഞാൻ ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്. അദ്ദേഹം മുസ്ലീംലിഗിന്റെ സമാദരണീയനായ നേതാവായിരുന്നു. അദ്ദേഹം വിവാദങ്ങളിൽ പങ്കാളിയായില്ല. ഇതിനുമുൻപ് സ്പീക്കറായിരുന്നവരിൽ നിന്ന് വ്യത്യസ്തമായി ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ എന്തുകൊണ്ട് ഈ നിലപാട് സ്വീകരിച്ചു?, ഇത് ഈ സഭയുടെ അന്തസ്സിന് യോജിച്ചതാണോ? അതാണ് ഇവിടത്തെ പ്രശ്നം. സർ ബഹുമാനപ്പെട്ട സ്പീക്കറെ വളരെ കഴിവുള്ള വ്യക്തിയായി എല്ലാവരും അംഗീകരിച്ചതാണ്. കൃഷി, മൃഗസംരക്ഷണം, ടൂറിസം, ആരോഗ്യം,

തൊഴിൽ തുടങ്ങിയ സുപ്രധാനമായ വകുപ്പുകൾ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. ഒരു കോൺഗ്രസ് നേതാവ് എന്നുള്ള നിലയിൽ അർഹിക്കുന്ന വിവിധ പദവികൾ അദ്ദേഹത്തിന് കിട്ടി. പാർലമെന്റ് മെമ്പറായിരുന്നപ്പോൾ ലോകസഭയുടെ പാനൽ ഓഫ് ചെയർമാൻമാരുടെ കൂട്ടത്തിൽ അദ്ദേഹവും ഉണ്ടായിരുന്നു. ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണർ സ്ഥാനത്ത് ഇരുന്ന വ്യക്തിയെ സ്പീക്കർ സ്ഥാനത്ത് ഇരുത്തിയ കോൺഗ്രസാണ് ഇതിന് ഉത്തരവാദി. അത്തരം ഉന്നത സ്ഥാനത്ത് ഇരുന്ന ഒരു വ്യക്തിയെ ഇതുപോലെയുള്ള ഒരു സ്ഥാനത്ത്, നിയമസഭയുടെ സ്പീക്കർ സ്ഥാനത്ത് ഇരുത്തിയാൽ ഉൾക്കൊള്ളുവാൻ പ്രയാസമുണ്ടാകും. ആനയെ ആരെങ്കിലും ആട്ടിന്റെ ആലയിൽ കെട്ടാറുണ്ടോ? കോൺഗ്രസ് പാർട്ടിയുടെ ഈ നടപടി സഹിക്കേണ്ടി വന്നിരിക്കുന്നത് കേരളമാണ്; കേരള നിയമസഭയാണ്. കോൺഗ്രസ് എന്ന്പറഞ്ഞാൽ തന്നെ വിവിധ ഗ്രൂപ്പുകളുടെ ഒരു ഫെഡറേഷനാണ്. വിവിധ ഗ്രൂപ്പുകളുടെ ഫെഡറേഷന്റെ ഭാഗമായിട്ടാണ് യഥാർത്ഥത്തിൽ അദ്ദേഹത്തിനെ സ്പീക്കർ കസേരയിലേക്ക് അവരോധിച്ചത്. ഈ സാഹചര്യത്തിൽ ഞങ്ങളൊക്കെ പ്രതീക്ഷിച്ചത്, മുൻപ് സ്പീക്കറായിരുന്നു ശ്രീ. വക്കം പുരുഷോത്തമൻ അദ്ദേഹത്തിന്റെ മുൻകാല അനുഭവമെല്ലാം വച്ചുകൊണ്ട് ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിക്കുമെന്നാണ്. പക്ഷേ കോൺഗ്രസ് ഒരു പ്രതിസന്ധിയിൽപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ സമീപനം പുറത്തുവന്നു. കോൺഗ്രസ് ഗുരുതരമായ കുഴപ്പത്തിൽപ്പെട്ടപ്പോൾ അദ്ദേഹം ഒരു കോൺഗ്രസുകാരനായി ആക്ട് ചെയ്തു. അതിന്റെ ഭാഗമായി അദ്ദേഹം പുറപ്പെടുവിച്ച പ്രസ്താവനകൾ ഈ സഭയുടെ അന്തസ്സിന് യോജിച്ചതായിരുന്നോ എന്ന് അദ്ദേഹം പരിശോധിക്കണം. ഈ പ്രമേയത്തിന്റെ ഗതി എന്തായിരിക്കുമെന്ന് എല്ലാവർക്കു മറിയാം. ഈ പ്രമേയം ഭൂരിപക്ഷപ്രകാരം തള്ളപ്പെടും. പക്ഷേ അത് തിരുത്തുന്നതിനുള്ള ഒരു അവസരമായി ഈ ചർച്ച സഹായകരമാകുമോ എന്നതാണ് ഇവിടെ പരിശോധിക്കേണ്ടത്.....(ബഹളം).....നിങ്ങളാരെങ്കിലും വോട്ട് ചെയ്യുന്നുണ്ടെങ്കിൽ എനിക്കതിൽ വിരോധമില്ല. നിങ്ങളിലാരുടെ പിൻതുണയും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ ഇവിടെ പ്രമേയം കൊണ്ടുവന്നതിന്റെ പിന്നിലുള്ള കാരണം, ഇവിടെ ഒരു തിരുത്തൽ ആവശ്യമായിട്ടുണ്ട് എന്നതാണ്. ഇത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷവുമായി എങ്ങനെ മുന്നോട്ടു പോകാൻ സാധിക്കും? എറണാകുളം ലോകസഭാ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചപ്പോൾ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ പറഞ്ഞു, ഇവിടെ ശ്രീ. എം. ഒ. ജോൺ സ്ഥാനാർത്ഥിയായത് എന്റെ കൂടി അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് എന്ന്. ഇങ്ങനെ പറഞ്ഞത് ശരിയാണോ? കോൺഗ്രസിന്റെ ഗ്രൂപ്പിസത്തിൽ സ്പീക്കർ കക്ഷി പിടിക്കാൻ പാടുണ്ടോ? ശ്രീ. എം. ഒ. ജോൺ തന്റെ കൂടി സ്ഥാനാർത്ഥിയാണെന്ന് പ്രഖ്യാപിക്കുക മാത്രമല്ല അദ്ദേഹം എറണാകുളത്ത് പോയി ക്യാമ്പ് ചെയ്തു. സെപ്റ്റംബർ 15 മുതൽ 20 വരെ എറണാകുളം ഗസ്റ്റ് ഹൗസിൽ അദ്ദേഹമുണ്ടായിരുന്നു. എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് അദ്ദേഹം ആർക്കെല്ലാം ഫോൺ ചെയ്തുവെന്നുള്ളത് അദ്ദേഹത്തിന്റെ മൊബൈൽ ഫോൺ നമ്പരുകൾ പരിശോധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയാൽ അറിയാം. അതിൽ നിന്നും അദ്ദേഹം ഇലക്ഷൻ പ്രചരണത്തിൽ പ്രവർത്തിച്ചുവെന്ന് വ്യക്തമാകും. അദ്ദേഹം പറഞ്ഞത് ഞാൻ പത്രത്തിൽ വായിച്ചു, "കണ്ണൂരിൽ പോകുന്ന വഴിക്ക് ഞാൻ എറണാകുളത്ത് ഇറങ്ങി" അങ്ങനെ കണ്ണൂരിൽ പോകുന്ന വഴിക്ക് എറണാകുളത്ത് ഇറങ്ങിയ സ്പീക്കർ എന്തിനാണ് ആലുവ ഗസ്റ്റ് ഹൗസിൽ പോയത്? . അതുപോകട്ടെ, ആലുവ കണ്ണൂരിലേക്ക് പോകുന്ന വഴിക്കാണെന്ന് മനസ്സിലാക്കാം. ആലുവ ഗസ്റ്റ് ഹൗസിൽ നിന്ന് പറവൂരിൽ എന്തിന് പോയി? പറവൂരിലെ എസ്. എൻ. ഡി. പി. യൂണിയൻ പ്രസിഡന്റ് കെ. വി. രാമകൃഷ്ണന്റെ വീട്ടിൽ ക്യാമ്പ് ചെയ്തത് എന്തിനാണ്? എന്തിനാണ് അവിടെ ആളുകളെ വിളിച്ച് വരുത്തി സംസാരിച്ചത്? കീഴ്മാട് ശ്രീനാരായണഗിരി സ്കൂളിൽ അനാഥരെ താമസിപ്പിക്കുന്ന സ്ഥലത്ത് എന്തിന് സ്പീക്കർ പോയി? എന്തെങ്കിലും ഔദ്യോഗിക പരിപാടിയുണ്ടായിരുന്നോ? പള്ളുരുത്തിയിലെ എസ്.എൻ.ഡി.പി. യൂണിയൻ നേതാക്കൻമാരുമായി കൂടിയാലോചന നടത്തി നിരവധി വീടുകളിൽ ഫോൺ ചെയ്തില്ലേ? പള്ളുരുത്തി എസ്.എൻ.ഡി.പി. നേതാവ് എ. കെ. സന്തോഷുമായിട്ട് സംസാരിച്ചു. എസ്.എൻ.ഡി.പി.-യുടെ പ്രസ്താവന ഇലക്ഷൻ പ്രചരണത്തിൽ ഇറക്കാൻ സ്പീക്കർ ഇടപെട്ടില്ലേ? പറവൂർ മുനിസിപ്പൽ കൗൺസിലറായ ഉദയനെ അഡ്വക്കേറ്റ് ഗോപൻ മുഖേന രാമകൃഷ്ണന്റെ വീട്ടിൽ വിളിച്ചുവരുത്തി സംസാരിച്ചില്ലേ? ഉദയൻ കോൺഗ്രസ്സ് (ഐ)-ക്കാരനാണ്. ഐ-ക്കാരനെ മാറ്റി എ-യിലേയക്ക് കൊണ്ടുവരാൻ എന്തിന് സ്പീക്കർ കൂട്ടുനിന്നു? സ്പീക്കർ എന്ന സ്ഥാനത്ത് ഇരുന്നുകൊണ്ട് ചെയ്യാൻ പാടുള്ള കാര്യങ്ങളാണോ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ചെയ്തത് എന്നുള്ളതാണ് ഇവിടെ പ്രസക്തമായിട്ടുള്ള ചോദ്യം. ഇതുകഴിഞ്ഞപ്പോൾ കോൺഗ്രസ് ഗ്രൂപ്പിസത്തിന്റെ ഭാഗമായി അദ്ദേഹം നടത്തിയ പ്രസ്താവനകളുടെ കോപ്പി ഞാൻ എടുത്തുവച്ചിട്ടുണ്ട്. കൂടുതൽ സമയമെടുക്കാൻ ഉദ്ദേശിക്കാത്തതുകൊണ്ട് ഞാൻ അതൊന്നും ഇവിടെ വായിക്കുന്നില്ല. ഓരോ സന്ദർഭത്തിലുമുള്ള അദ്ദേഹത്തിന്റെ ഒന്നുരണ്ട് പ്രസ്താവന ഞാൻ പറയാം. 'ഐ ഗ്രൂപ്പ് എം. എൽ. എ.-മാരെ എപ്പോൾ വേണമെങ്കിലും പുറത്താക്കും'—സ്പീക്കർ; 'പാർട്ടിയെ നശിപ്പിക്കാനുള്ള ശത്രുക്കളുടെ ശ്രമത്തിൽ കോൺഗ്രസുകാർ വീഴരുത്'—വക്കം. ഇങ്ങനെ ഒരു സ്പീക്കർ പറയാമോ? 'പാർട്ടിയെ തോൽപ്പിക്കാൻ നോക്കുന്നവർ രാജിവച്ച് പോകണം'—സ്പീക്കർ. "പാർട്ടി പിളർന്നാൽ 6 പേർ കൂടി 'ഐ' ഗ്രൂപ്പ് വിടും"-വക്കം. കെ. പി. സി. സി. പ്രസിഡന്റ് പറയേണ്ട ഭാഷ എന്തിന് സ്പീക്കർ പറഞ്ഞു? യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അന്നൊരു കെ. പി. സി. സി. പ്രസിഡന്റായി ആക്റ്റ് ചെയ്യുകയാണ് ചെയ്തത്. എം. എൽ. എ.-യുടെ വില ഒരു കോടി രൂപയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചില്ലേ? മാത്രമല്ല അദ്ദേഹം പറഞ്ഞു, എം. എൽ. എ.-മാർക്ക് ഉപമുഖ്യമന്ത്രി പദം വരെ വാഗ്ദാനം ചെയ്തിരുന്നു എന്ന്. ആരാണ് വാഗ്ദാനം ചെയ്തത് എന്ന് സ്പീക്കർ ഇവിടെ വ്യക്തമാക്കണം. ഈ പ്രസ്താവന വന്നപ്പോൾ ഐ ഗ്രൂപ്പുകാർ പറഞ്ഞു. 'സ്പീക്കർ ഭീഷണിപ്പെടുത്തുന്നു' എന്ന്. ശ്രീ. പി. പി. ജോർജിനെ. സീറ്റിൽ ഇപ്പോൾ കാണുന്നില്ല. "ഭീഷണി—സ്പീക്കർ ആവശ്യപ്പെട്ടാൽ പേര് പറയാം— -കെ. പി. സി. സി. പ്രസിഡന്റ്,

LIBRARY ARCHIVES Kerala Legislative Assembly

കെ. മുരളീധരൻ''. 'വക്കം ചാക്കിടൽ തുടങ്ങി'— വാർത്ത. 'സ്പീക്കർക്കെതിരായി പരാതി നൽകും'—ഐ ഗ്രൂപ്പ്. ഞങ്ങളല്ല. 'വക്കം ഡൽഹിയിൽ സോണിയയെയും കാണും'—വാർത്ത. ഇത്തരം വാർത്തകളെല്ലാം ഞാൻ ഇവിടെ ഉദ്ധരിക്കുന്നില്ല. ഈ പ്രസ്താവനകളാകെ വായിച്ചാൽ എന്താണ് ഇവിടെ സംഭവിച്ചത്? ആരാണ് ഒരു എം. എൽ. എ.-ക്ക് ഒരു കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞത്? സ്പീക്കർ അത് വ്യക്തമാക്കണം. ചരിത്രിസ്ഗഢിൽ ഒരു എം. എൽ. എ.-ക്ക് 25 ലക്ഷം രൂപ കൊടുത്ത് പിടിച്ച സമയത്താണ് നമ്മുടെ സ്പീക്കർ പറയുന്നത് ഇവിടെ എം. എൽ. എ.-ക്ക് ഒരു കോടിയാണ് വിലയെന്ന്. ഒരു കോടി രൂപ എന്നുപറഞ്ഞപ്പോൾ ഞാൻ മനസ്സിലാക്കിയത് കോൺഗ്രസിലുള്ള ഗ്രൂപ്പുകാരെ അങ്ങോട്ടുമിങ്ങോട്ടും മാറ്റാൻ വേണ്ടി കൊടുത്തുവെന്നാണ്. കോൺഗ്രസ് (ഐ) ഗ്രൂപ്പിലുണ്ടായിരുന്ന 7 പേർ ഇപ്പുറത്തേക്ക് മാറി. അതിൽ ശ്രീ. കെ. വി. തോമസിനെ മാറ്റിയത് കോടിയാണെന്ന് ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ പേരിൽ വിജിലൻസ് കേസുണ്ടായിരുന്നു. അത് ഒതുക്കി. അദ്ദേഹം ഗ്രൂപ്പ് മാറി എന്ന് മാത്രമേയുള്ളു. മറ്റ് 6 എം. എൽ. എ.-മാർക്ക് ഓരോ കോടി രൂപ കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കണം. ആർക്കാണ് ഓരോ കോടി രൂപ കൊടുത്തത്? ഒരു കോടി രൂപ കിട്ടിയതിന്റെ അടിസ്ഥാനത്തിലാണോ ഇങ്ങനെ അവർ മാറിയത്? കേരളത്തിലെ എം. എൽ. എ.-മാർക്ക് അപമാനകരമായ പ്രസ്താവനയാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നുണ്ടായത്. എം. എൽ. എ.-മാർക്ക് തലയിൽ മുണ്ടിട്ട് നടക്കേണ്ട അവസ്ഥാവിശേഷമാണ് ഈ പ്രസ്താവനയിലൂടെ ഉണ്ടായത്. രാഷ്ട്രീയക്കാരെക്കുറിച്ച് പരമപുച്ഛമുണ്ടാകുന്ന അവസ്ഥ ഈ പ്രസ്താവനയോടുകൂടി വന്നുകഴിഞ്ഞു. ഈ സഭയുടെ അന്തസ്സിന് യോജിച്ച ഒരു പ്രസ്താവനയല്ല സ്പീക്കർ ചെയ്തത്. ഇത്തരത്തിലുള്ള നിലപാടുകൾ സ്വീകരിച്ച അദ്ദേഹം നിയമസഭയ്ക്കകത്ത് സ്വീകരിച്ച നിലപാടുകൾ പ്രതിപക്ഷത്തെ കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടായിരുന്നോ എന്ന് അദ്ദേഹം ചിന്തിക്കണം. ഇവിടെ മുത്തങ്ങ സംഭവമുണ്ടായപ്പോൾ സ്പീക്കർ യഥാർത്ഥത്തിൽ അതിരുവിട്ടു. നിയമസഭാവേദിയിൽ ശ്രീ. കെ. രാധാകൃഷ്ണൻ നിരാഹാരം കിടന്നു. ഏതൊരു സ്പീക്കറും പ്രത്യേക പരിഗണന കൊടുക്കും. അദ്ദേഹം അതിന് സന്നദ്ധമായില്ല. നിയമസഭയ്ക്കകത്ത് പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് പ്രതിപക്ഷനേതാവിന്പോലും മൈക്ക് നിഷേധിക്കുന്ന അവസ്ഥാവിശേഷം ഉണ്ടായി. പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കുന്ന ഒരു സമീപനം ഇവിടെയുണ്ടായിട്ടില്ല. സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അദ്ദേഹം സഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കുന്നതിൽ നിന്ന് വ്യതിചലിച്ചുവെന്നുള്ളതാണ് കഴിഞ്ഞകാല അനുഭവം വ്യക്തമാക്കുന്നത്. ഇവിടെ ഓരോ പ്രശ്നത്തിലും അദ്ദേഹം സ്വീകരിച്ച നിലപാട് എണ്ണിയെണ്ണി പറയാൻ സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ അതിലേക്ക് നീങ്ങുന്നില്ല. പ്രത്യേകമായി ഒരു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യാ രാജ്യത്തിനുതന്നെ മാതൃകയാണ് കേരള നിയമസഭ. ആ നിയമസഭയുടെ അന്തസ്സിനനുസരിച്ച് പ്രവർത്തിക്കുന്ന സ്പീക്കറാണ് ആ കസേരയിൽ ഉണ്ടാകേണ്ടതെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ ആവശ്യം. ഇതിനകത്ത് തിരുത്തൽ നടത്താൻ ഈ ചർച്ച സഹായകരമാകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്. അദ്ദേഹം പറഞ്ഞു, 'എന്നെ ഒന്നും ചെയ്യാൻ സാധിക്കില്ല'; 'ഒരു വ്യക്തി വിചാരിച്ചാൽ എന്നെ കൊല്ലാനാകും. പക്ഷേ ആരൊക്കെ വിചാരിച്ചാലും എന്നെ വിരട്ടാനാകില്ല' എന്നൊക്കെ. ഇതിനെ സംബന്ധിച്ച് മാധ്യമം പത്രം എഴുതിയ മുഖപ്രസംഗം ഉദ്ധരിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. മാധ്യമം പത്രം എഴുതി 'വക്കം പഞ്ചായത്തിലെ മെമ്പറായി രാഷ്ട്രീയത്തിലേക്ക് കടന്നുവന്ന ഒരു പുരുഷോത്തമനേ ഈ വാക്കുകൾ ചേരൂ. എന്നാൽ അദ്ദേഹം സ്പീക്കർ പദവിയിൽ എത്തിയാൽ ഇങ്ങനെയൊന്നും അപകടമായി പറഞ്ഞുകളയരുതായിരുന്നു'. നിയമസഭയിൽ 71 അംഗങ്ങളുടെ പിൻബലമുള്ളിടത്തോളം തന്നെ ഒന്നും ചെയ്യാനാവുകയില്ല എന്ന ന്യായം നേർവഴിക്കുള്ളതാണ്. പക്ഷേ സ്പീക്കർ മറ്റുള്ളവരേയും വിരട്ടുന്ന ഒരു ലോക പോലീസ് ആകരുതെന്നാണ് നല്ല മനസ്സുള്ളവർ ആഗ്രഹിക്കുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭ, ഒരിക്കലും ഒരു വിഗ്രഹത്തെ ചുറ്റിപ്പറ്റി ആശങ്കകൾ പാടില്ല. അങ്ങനെ വരുമ്പോൾ അത് ലെജിസ്ലേച്ചർ ആക്ടിവിസമായിട്ട് മാറും. ഇവിടെ ലെജിസ്ലേച്ചർ ആക്ടിവിസമായിട്ട് മാറുന്നതിന് സ്പീക്കർ സ്വീകരിച്ച നിലപാടാണ് ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കാൻ ഞങ്ങളെ നിർബന്ധിക്കപ്പെട്ടത്. ഇവിടെ പ്രതിപക്ഷത്തിരിക്കുന്നവരുടെ അവകാശങ്ങൾ സംരക്ഷിച്ചു കൊടുക്കാൻ എല്ലാ കാലത്തും തയ്യാറായിട്ടുണ്ട്. ഞങ്ങൾ ഇവിടെ 40 അംഗങ്ങളാണുള്ളത്. അപ്പുറത്ത് മൃഗീയമായ 100 അംഗങ്ങളുടെ ഭൂരിപക്ഷമാണ് ഇങ്ങനെയൊരു നിലപാടെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അപ്പുറത്തെ 100 അംഗങ്ങളുടെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ടാണ് ചട്ടം വിരുദ്ധമായി ഈ ചർച്ച തന്നെ ഇവിടെ നടത്തുന്നത്. അല്ലെങ്കിൽ ഇതിന് ധൈര്യം ഉണ്ടാകുമായിരുന്നില്ല. 100 അംഗങ്ങളുണ്ടെന്ന ധാരണയിൽ എന്തും ചെയ്യാം എന്ന അവസ്ഥ വന്നാൽ എങ്ങനെയാണ്? നിയമസഭയുടെ പരമോന്നത സ്ഥാനത്തിരിക്കുന്ന വ്യക്തി നിഷ്പക്ഷത കൈവെടിഞ്ഞ് ഗ്രൂപ്പിന്റെ ഭാഗമായി പ്രവർത്തിച്ച് ഗ്രൂപ്പ് രാഷ്ട്രീയത്തിന്റെ ഭാഗമായി മാറുന്ന അവസ്ഥ വന്നാൽ എങ്ങനെയാണ് അദ്ദേഹത്തിന് ആ കസേരയോട് നിഷ്പക്ഷത പാലിക്കാൻ കഴിയുന്നത്? അദ്ദേഹത്തിന്റെ മുമ്പിൽ വരുന്ന പ്രശ്നങ്ങളോടുള്ള സമീപനം ഇത്തരത്തിൽ ആവുകയില്ലേ? ഈ നിയമസഭയിൽ ഇതിനു മുമ്പൊരു സന്ദർഭത്തിലും ഉണ്ടാകാത്ത അവസ്ഥാവിശേഷം സംജാതമായിരിക്കുകയാണ്. രണ്ട് തവണ സ്പീക്കറാകാൻ അവസരം കിട്ടിയ കേരളത്തിലെ ഒരേയൊരു വ്യക്തിയാണ് ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ. അദ്ദേഹത്തിൽ നിന്ന് കേരളം ആഗ്രഹിക്കുന്നത് ഇത്തരത്തിലുള്ളതല്ല. അതുകൊണ്ട് തിരുത്താൻ ഒരു അവസരമായി ഇത് എടുക്കുമോ? ഓരോ ആറ് മാസം കഴിയുമ്പോഴും ഞങ്ങൾക്ക് വിമർശിക്കാനുള്ള സ്ഥിതി ഉണ്ടാകാൻ പാടില്ല. സ്പീക്കർ ആ കസേരയിൽ ഇരുന്നു കഴിഞ്ഞാൽ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഞങ്ങൾക്ക് അദ്ദേഹത്തെ ഒന്നും പറയാൻ കഴിയുകയില്ല. ആ കസേരയിൽ ഇരുന്നാൽ ഒന്നും ചെയ്യാൻ പറ്റാത്തതുകൊണ്ടാണ് ഇപ്പോൾ പ്രമേയമായി വന്നിട്ടുള്ളത്.

2/196/2013—30.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഗൗരവമായ ഒരു പ്രമേയമാണ് നിയമസഭയിൽ ചർച്ചയ്ക്ക് വിധേയമാകുന്നത്. അതർഹിക്കുന്ന ഗൗരവത്തിൽ എടുക്കണം. 9-ാം തീയതി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ട് ഇന്ന് ചർച്ച ചെയ്യാമെന്ന് പറഞ്ഞതിന്റെ ഉദ്ദേശം ഞങ്ങളുടെ എല്ലാ മെമ്പർമാരും ഇന്ന് ഇല്ല. എന്നതാണ്. അത്തരമൊരു സന്ദർഭം നോക്കി ചർച്ചക്ക് എടുത്ത സമീപനം ശരിയല്ല. ഇന്ന് ചർച്ച ചെയ്യണമെങ്കിൽ കക്ഷിനേതാക്കളുമായി ആലോചിച്ച് തീരുമാനിച്ചുകൂടായിരുന്നോ? എന്ത് സമവായമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്? ഈ ഒരു കാര്യത്തിൽപ്പോലും പ്രതിപക്ഷത്തെ വിശ്വാസത്തിൽ എടുക്കാത്ത മുഖ്യമന്ത്രിയല്ലേ അദ്ദേഹത്തെക്കൊണ്ട് ഇത്തരത്തിലുള്ള ഒരു അവസ്ഥ ഉണ്ടാക്കുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....യേസ്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ സ്ഥിതിയിലേയ്ക്ക് ശ്രീ. വക്കം പുരുഷോത്തമനെ എത്തിച്ചതിനു കാരണം ആ കസേരയിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. കോൺഗ്രസിനെ തമ്മിലടിപ്പിച്ച് ആളുകളെ കൂടെ നിർത്താൻവേണ്ടി മുഖ്യമന്ത്രി നടത്തുന്ന എല്ലാത്തിനും സ്പീക്കറെ കൂട്ടു നിർത്തും. മുഖ്യമന്ത്രിയും സ്പീക്കറും ചേർന്ന് നടത്തിയിട്ടുള്ള അവിഹിതമായ സംഭവങ്ങളെ സംബന്ധിച്ച് ഞങ്ങൾക്ക് പറയണമെങ്കിൽ ഇങ്ങനെ പ്രമേയം അവതരിപ്പിച്ചെങ്കിൽ മാത്രമേ കഴിയൂ. അതുകൊണ്ടാണ് പ്രമേയം അവതരിപ്പിക്കാൻ ഞാൻ തയ്യാറായത്. ഒരു നിമിഷം വൈകാതെ സ്പീക്കറെ ആ കസേരയിൽ നിന്ന് മാറ്റാൻ ഈ സഭ തീരുമാനിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. വളരെ പ്രധാനപ്പെട്ട ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനും റൂളിംഗിനു വേണ്ടിയുമാണ് നേരത്തെ ഞാൻ എഴുന്നേറ്റ് നിന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പറയണം. അതാണ് ഇപ്പോൾ സംഭവിച്ചത്.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഇവിടെ കാട്ട് ചെയ്യുന്നത് റൂൾ 216 ആണ്. ബില്ലുകളും മറ്റുകാര്യങ്ങളും പരിഗണിക്കുന്നത് സംബന്ധിച്ച് സഭ അംഗീകരിച്ച പ്രകാരം നീക്കിവച്ചിട്ടുള്ള സമയം സഭയുടെ ഒരു ഉത്തരവ് എന്നപോലെ പ്രാബല്യത്തിൽ വരുത്തേണ്ടതും അത് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇവിടെ അത് ബുള്ളറ്റിനായി ഞങ്ങൾക്ക് എല്ലാം കിട്ടിയതാണ്. സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന പ്രമേയത്തിന് അനുമതിതേടലും തുടർന്ന് അത് ചർച്ചയ്ക്ക് എടുക്കുന്ന ദിവസവും നിശ്ചയിച്ച് ഒരു ഉത്തരവായി ബുള്ളറ്റിൻ ഇറങ്ങിയ ശേഷം നിയമസഭാ ചട്ടങ്ങൾ ലംഘിച്ച് ഇന്ന് ഇങ്ങനെ ചർച്ചയ്ക്ക് എടുത്തത് ഓർഡറിലല്ല. നമ്മുടെ ചട്ടത്തെ തന്നെ ലംഘിക്കുന്നതാണ്. നിയമസഭാ ചട്ടം 298-ന്റെ ലംഘനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: Please..... please resume your seat.....what is your point of order...

ശ്രീ. എം. വി. ജയരാജൻ: സർ, 67-ാം ചട്ടപ്രകാരം കാര്യവിവരപ്പട്ടികയിൽ ചോദ്യോത്തരവേളയ്ക്ക് അനുവദിച്ച സമയത്തിനുശേഷം ഇത്തരം പ്രമേയങ്ങൾ എടുക്കണമെന്നാണ്. അതും ലംഘിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: What is your point of order.....

ശ്രീ. എം. വി. ജയരാജൻ: സർ, റൂൾ വേവ് ചെയ്യാമെന്ന് മുഖ്യമന്ത്രി പറഞ്ഞതിലൂടെ അതും ഇല്ലാതായി. അതുകൊണ്ട് വ്യക്തമായ റൂളിംഗ് ഉണ്ടാകണം. റൂൾ 216 ഇൻവോക്ക് ചെയ്യാൻവേണ്ടി പ്രമേയം കൊണ്ടുവന്നിട്ടുമില്ല; ഉപക്ഷേപം അവതരിപ്പിച്ചിട്ടുമില്ല.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ. എപ്പോൾ വേണമെങ്കിലും റൂൾ വേവ് ചെയ്യാനുള്ള അധികാരം ഈ സഭയ്ക്കുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം വേവ് ചെയ്യാമെന്ന് പറഞ്ഞതോടുകൂടി അങ്ങ് സഭയുടെ സെൻസ് എടുത്ത് തീരുമാനിച്ചു കഴിഞ്ഞ കാര്യമാണ്. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് സഭയുടെ പരിഗണനയിൽ വരുന്നതുമായി ബന്ധപ്പെട്ട ചട്ടമാണ് അദ്ദേഹം വായിച്ചത്. അതിന് എക്സംപ്ഷൻ ഉണ്ട്. സഭയ്ക്ക് അധികാരമുണ്ട്. റൂൾ വേവ് ചെയ്യണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സഭ അത് അംഗീകരിച്ചു കഴിഞ്ഞു. ഇനി അദ്ദേഹത്തിന്റെ പോയിന്റ് ഓഫ് ഓർഡറിന് വല്ല പ്രസക്തിയുമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: റൂളിംഗിനെ ചോദ്യം ചെയ്യാൻ പാടില്ല. .....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു. ഇവിടെ ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രമേയം അവതരിപ്പിച്ച് കുറേ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞ പല കാര്യങ്ങളോടും ഞാൻ യോജിക്കുകയാണ്. ഒന്ന് അദ്ദേഹം പറഞ്ഞത് ബ്രിട്ടനിലെ സമ്പ്രദായമാണ്. വളരെ ശരിയാണ്. ബ്രിട്ടണിൽ ഒരാൾ സ്പീക്കറായി കഴിഞ്ഞാൽ അദ്ദേഹം നിഷ്പക്ഷനാണ്. രാഷ്ട്രീയ പാർട്ടിയുമായി ബന്ധമില്ല, ആ വ്യക്തി പിന്നീട് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് ഇൻഡിപെൻഡന്റ് കാൻഡിഡേറ്റായിട്ടാണ്. ആ വ്യക്തിയെ ഒരു രാഷ്ട്രീയ പാർട്ടിയും എതിർക്കുകയില്ല. ആ വ്യക്തി പാർലമെന്റിന്റെ House of Commons-ലേക്ക് ഐകകണ്ഠ്യേന തെരഞ്ഞെടുത്ത് വരും. അദ്ദേഹത്തിന്റെ constituency എന്നു പറയുന്നത് അവിടെയുള്ള പാർലമെന്റ് സീറ്റുകളാണ്. എവിടെ നിന്നാലും അദ്ദേഹത്തിന് എതിർപ്പില്ല എന്നു മാത്രമല്ല പണ്ട് ഉണ്ടായിരുന്ന ഒരു സിസ്റ്റം

LIBRARY ARCHIVES Kerala Legislative Assembly

ഒരാൾ സ്പീക്കർ ആയിക്കഴിഞ്ഞാൽ അദ്ദേഹം നിഷ്പക്ഷനാണ്. അദ്ദേഹം വീണ്ടും കോമൺ സഭയിലേക്ക് തെരഞ്ഞെടുത്ത് വന്നുകഴിഞ്ഞാൽ വീണ്ടും സ്പീക്കറായി തുടരും. മരണംവരെ വേണമെങ്കിൽ തുടരാവുന്ന സാഹചര്യം. അങ്ങനത്തെ ഒരു സാഹചര്യമാണ് ബ്രിട്ടണിൽ ഉണ്ടായിരുന്നത്. ഇന്നും ബ്രിട്ടണിൽ സ്പീക്കറെ എതിർക്കുന്ന സമ്പ്രദായമില്ല. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ കുറേക്കൂടി എക്സ്പ്ലെയിൻ ചെയ്തു എന്നേയുള്ളു. ഞാൻ അതിനെ അനുകൂലി ക്കുകയാണ്. അദ്ദേഹം വേറൊരു കാര്യം പറഞ്ഞു. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രു, കോൺഗ്രസ് പ്രസിഡന്റായിരുന്ന ജവഹർലാൽ നെഹ്രു, 1953-ൽ ഗ്വാളിയാറിൽ ഇന്ത്യയിലെ ഒന്നാമത്തെ സ്പീക്കറായ മൗലങ്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോൺഫറൻസിൽ ഇക്കാര്യം ആലോചിച്ചു എന്ന്. സ്പീക്കർ നിഷ്പക്ഷൻ ആയിരിക്കണം; സ്പീക്കർ സ്വതന്ത്രമായി മൽസരിക്കണം; അദ്ദേഹത്തെ ആരും കണ്ടസ്റ്റ് ചെയ്യാൻ പാടില്ല എന്നുള്ള ബ്രിട്ടണിലെ സമ്പ്രദായത്തെക്കുറിച്ചാണ് അവർ സംസാരിച്ച് തീരുമാനം എടുത്തത്. അത് പ്രിസൈഡിംഗ് ആഫീസേഴ്സ് കോൺഫറൻസിലെ തീരുമാനമാണ്. 1953-ൽ ഗ്വാളിയാറിൽ വച്ച് നടന്ന കോൺഫറൻസിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്നത്തെ സ്പീക്കറായ മൗലങ്കർ, ലോകത്തെ പാർലമെന്ററി ഡെമോക്രസി അംഗീകരിച്ച മുഴുവൻ രാജ്യങ്ങളിലേയും ആളുകൾ അംഗീകരിക്കപ്പെടുന്ന സ്പീക്കറായിരുന്ന മൗലങ്കർ പറഞ്ഞതിനെക്കുറിച്ചാണ് അങ്ങ് പറഞ്ഞത്. അദ്ദേഹം നിഷ്പക്ഷൻ എന്നു മാത്രമല്ല മാതൃകാപരമായ സ്പീക്കർ, ലോകസഭയുടെ ഒന്നാമത്തെ സ്പീക്കർ, ആരും എതിര് പറയാത്ത സ്പീക്കർ ആയിരുന്നു. ആ കോൺഫറൻസിലെ കാര്യം ഞാൻ ഇവിടെ ഉദ്ധരിക്കാം ശക്ധർ ആൻറ് കൗൾ—The Conference of Presiding Officers held at Gwalior in 1953, adopted a resolution to the effect that a convention should be established that the seat from which the Speaker stands for re-election should not be contested..... അതായിരുന്നു. അതാണ് ബ്രിട്ടണിലെ സമ്പ്രദായം. ആ നിഷ്പക്ഷനായ സ്പീക്കർ മൗലങ്കാർ എന്താണ് ചെയ്തത്? അദ്ദേഹം ഇക്കാര്യത്തെക്കുറിച്ച് കോൺഗ്രസ് പ്രസിഡന്റായ ജവഹർലാൽ നെഹ്രുവിന് എഴുതി.—I know at that moment also he was the Congress President— Sir, In pursuance of the resolution, Chairman of the Conference Shri G.V. Mavalankar took up the matter with the then Congress President. The Working Committee of the Congress considered the matter and sent a communication to Shri Mavalankar which was disclosed by him at the Conference of Presiding Officers held at Srinagar in 1954. ഇത്രയും വലിയ നിഷ്പക്ഷനായ മൗലങ്കർ എഴുതിയത് ആർക്കാണ്? കോൺഗ്രസ്സ് പ്രസിഡന്റിന്. കോൺഗ്രസ്സ് പ്രസിഡന്റിനാണ് അന്ന് ലോക്സഭാ സ്പീക്കർ എഴുതിയത്. കോൺഗ്രസ്സ് പ്രസിഡന്റ് അത് വർക്കിംഗ് കമ്മിറ്റിക്ക് വയ്ക്കുന്നു. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയാണ് തീരുമാനിക്കുന്നത്. നിങ്ങൾ ആലോചിക്കണം. ഇദ്ദേഹം കോൺഗ്രസ്സ് പ്രസിഡന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

ഒന്ന് കാണാൻ പോയതിന് കലിതുള്ളുന്ന ശ്രീ. കോടിയേരിയോട് ഞാൻ ചോദിക്കട്ടെ, പ്രിസൈഡിംഗ് ഓഫീസർമാരുടെ കോൺഫറൻസിൽ എടുത്ത ഡിസിഷൻ കോൺഗ്രസ്സ് പ്രസിഡന്റിന് എഴുതുന്നത് മൗലങ്കർ. അദ്ദേഹം അന്നും കോൺഗ്രസ്സ് മെമ്പറാണ്. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അതിനെക്കുറിച്ച് ആലോചിച്ചിട്ട് പറഞ്ഞത് എന്താണെന്നറിയാമോ? Obviously they (the Congress Working Committee) accept the desirability of laying the wider convention that the Speaker's seat should not be contested but that will require the concurrence of other political parties which they felt was not possible to obtain.... ബാക്കി കക്ഷികളുടെ പിന്തുണ കിട്ടാൻ പ്രയാസമായതുകൊണ്ട് സാദ്ധ്യമല്ല എന്ന് വർക്കിംഗ് കമ്മിറ്റി തീരുമാനമെടുത്ത് മൗലങ്കറെ അറിയിച്ചു. മൗലങ്കർ അക്കാര്യം 1954-ൽ ശ്രീനഗറിൽ കൂടിയ പ്രിസൈഡിംഗ് ഓഫീസർമാരുടെ കോൺഫറൻസിൽ വച്ചു. എന്താണ് അത് കാണിക്കുന്നത്? സ്പീക്കേഴ്സ് കോൺഫറൻസിൽ എടുത്ത തീരുമാനം മൗലങ്കർ അന്നത്തെ കോൺഗ്രസ്സ് പ്രസിഡന്റിനെ അറിയിക്കുന്നു. കോൺഗ്രസ്സ് പ്രസിഡന്റ് വർക്കിംഗ് കമ്മിറ്റിയിൽ വയ്ക്കുന്നു. വർക്കിംഗ് കമ്മിറ്റി മൗലങ്കറെ അറിയിക്കുന്നു. അദ്ദേഹം പ്രിസൈഡിംഗ് ഓഫീസർമാരുടെ യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നു. ഇവിടെ സംഭവിച്ചത് എന്താണ്? സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ ഡൽഹിയിൽ പോയി. കോൺഗ്രസ്സ് പ്രസിഡന്റിനെ കണ്ടോ കണ്ടില്ലേ എന്നറിയില്ല. അതാണ് കുറ്റം. ഞാൻ പറയുന്നതിന്റെ അർത്ഥം മൗലങ്കർ കോൺഗ്രസ്സുകാരനാണ്. ആ നിമിഷത്തിലും കോൺഗ്രസ്സുകാരനാണ്. സ്പീക്കറായപ്പോൾ മൗലങ്കർ കോൺഗ്രസ്സ് പാർട്ടിയിൽ നിന്ന് രാജി വച്ചിട്ടില്ല. കോൺഗ്രസ്സ് പാർട്ടിയിൽ നിന്ന് രാജിവച്ച ഏക സ്പീക്കർ ഡോ. സഞ്ജീവറെഡ്ഡി മാത്രമാണ്. അനന്തശയനം അയ്യങ്കാർ ഉൾപ്പെടെ ബാക്കിയുള്ള സ്പീക്കർമാർ കോൺഗ്രസ്സ് പാർട്ടിയുടെ മെമ്പർമാരായി തുടരുന്നു എന്നുള്ളതാണ് വസ്തുത. കോൺഗ്രസ്സ് മെമ്പറായി തുടരുന്നതിന് ഭരണ ഘടനയിൽ യാതൊരു എതിർപ്പും പറഞ്ഞിട്ടില്ല.

എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ കോൺസ്റ്റിറ്റ്യൂഷന്റെ പത്താം ഷെഡ്യൂളിനെക്കുറിച്ച് പറഞ്ഞു. Anti Defection Act എന്ന് അദ്ദേഹം പറഞ്ഞത് പത്താം ഷെഡ്യൂളാണ്. ഞാൻ അതും ഇവിടെ കാട്ട് ചെയ്യാം. പത്താം ഷെഡ്യൂൾ പറഞ്ഞിട്ട് അദ്ദേഹം പറഞ്ഞത് നിഷ്പക്ഷനായിരിക്കണമെന്നാണ്. ഞാൻ പറയുന്നത് പാർട്ടിക്കാരനാവാമെന്നാണ്. പത്താം ഷെഡ്യൂളിന്റെ ക്ലാസ്സ്-5 വായിച്ചു നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്, "X Schedule of the Constitution of India – Provisions as to Disqualification on the ground of Defection : 2 (1) Subject to the provisions of paragraphs 3, 4 and 5, a member of a House belonging to any political party shall be

LIBRARY ARCHIVES Kerala Legislative Assembly

disqualified for being a member of the House"-അല്ലാത്തതിലൊക്കെ ഡിസ്ക്വാളിഫൈ ചെയ്യും. (a) if he has voluntarily given up his membership of such political party;....or..... അങ്ങനെയൊക്കെ പറഞ്ഞു. 5-ൽ എന്താണ് പറയുന്നത്? അതാണ് എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത്. അത് ഞാൻ കാട്ട് ചെയ്യാം. (5) Notwithstanding anything contained in this Schedule, a person who has been elected to the Office of the Speaker or the Deputy Speaker of the House of the People or the Deputy Chairman of the Council of States or the Chairman or the Deputy Chairman of the Legislative Council of a State or the Speaker or the Deputy Speaker of the Legislative Assembly of a State, shall not be disqualified under this Schedule,

(a) if he, by reason of his election to such office, voluntarily gives up the membership of the political party to which he belonged immediately before such election and does not, so long as he continues to hold such office thereafter, rejoin that political party or become a member of another political party; or

(b) if he, having given up by reason of his election to such office his membership of the political party to which he belonged immediately before such election, rejoins such political party after he ceases to hold such office. 2 (1)-ൽ പറഞ്ഞത് വോളന്ററിയായിട്ട് പാർട്ടി മെമ്പർഷിപ്പ് രാജിവച്ചാൽ അദ്ദേഹത്തിന് മെമ്പർഷിപ്പ് നഷ്ടപ്പെടും, സീസ് ചെയ്യും. അത് പ്രൊട്ടക്ട് ചെയ്തുകൊണ്ട് ഇവിടെ പറഞ്ഞത് ഒരാൾ സ്പീക്കറാകാൻ വേണ്ടി അദ്ദേഹത്തിന്റെ മെമ്പർഷിപ്പ് രാജിവയ്ക്കുന്നു. വോളന്ററിയായി, സ്വന്ത ഇഷ്ടപ്രകാരം രാജിവയ്ക്കണമെന്നല്ല, രാജി വയ്ക്കുകയാണെങ്കിൽ അദ്ദേഹത്തിന് അതുകഴിഞ്ഞാൽ വീണ്ടും പാർട്ടിയിൽ തുടരാം. അല്ലെങ്കിൽ വേറെ പാർട്ടിയിൽ ചേരാം. രാജിവയ്ക്കാത്തവർക്ക് പറ്റില്ല. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? രാജിവയ്ക്കണമെന്നില്ല. വോളന്ററിയായി രാജിവയ്ക്കുകയാണെങ്കിൽ മാത്രം അത് ബാധകമാണ്. ക്ലാസ്സ്-5 നോക്കിയാൽ രാജിവയ്ക്കണമെന്നില്ല, വേണമെങ്കിൽ തുടരാം. ഡോ. സഞ്ജീവറെഡ്ഡി ഉൾപ്പെടെ എല്ലാവരും തുടർന്നു. അതിന്റെ അർത്ഥം പൊളിറ്റിക്കൽ പാർട്ടിയിൽ മെമ്പറായി തുടരാം. ശ്രീ. വക്കം പുരുഷോത്തമൻ കോൺഗ്രസ്സ് പാർട്ടിയുടെ മെമ്പറാണ്. യാതൊരു സംശയവും വേണ്ട. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സ്പീക്കറായിരുന്ന ശ്രീ. എം. വിജയകുമാർ സ്റ്റേറ്റ് കമ്മിറ്റി മെമ്പർ ആയിരുന്നില്ലേ? അതുപോലെ കോൺഗ്രസ്സിന്റെ എ. ഐ. സി. സി. മെമ്പറാണ് ഇദ്ദേഹമെന്ന് നിങ്ങൾ മനസ്സിലാക്കണം. അതിനെ ഭരണഘടനയിൽ ഒരിടത്തും എതിർത്തിട്ടില്ല. ഇൻഡ്യാ രാജ്യത്ത് ഇന്നുള്ള ഏതെങ്കിലും ഒരു നിയമത്തിൽ സ്പീക്കർ രാഷ്ട്രീയപാർട്ടിയിൽ അംഗമാകാൻ പാടില്ല എന്ന് പറയുന്നില്ല. എന്നുമാത്രമല്ല, X Schedule of the Constitution – Anti Defection Act Section 5 അനുസരിച്ച് അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയപാർട്ടിയിലെ മെമ്പറായി തുടരാം. രാഷ്ട്രീയപാർട്ടി മെമ്പറായി തുടരാൻ കോൺസ്റ്റിറ്റ്യൂഷൻ പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? രാഷ്ട്രീയപാർട്ടിയുടെ ഭരണഘടന അദ്ദേഹത്തിന് ബാധകമാണ്. ഭരണഘടനയനുസരിച്ച് അദ്ദേഹം ചെയ്യേണ്ടതൊക്കെ ചെയ്യണം. അത് കോൺസ്റ്റിറ്റ്യൂഷൻ അംഗീകരിക്കുന്നു. ഇതാണ് വസ്തുത. ഞാൻ ഒന്നുകൂടി പറയട്ടെ, സ്പീക്കർ നിഷ്പക്ഷനായിരിക്കണം. എനിക്ക് അക്കാര്യത്തിൽ സംശയമൊന്നുമില്ല. ഈ സ്പീക്കർ നിഷ്പക്ഷനാണ്. രണ്ടരക്കൊല്ലമായിട്ടും സഭയ്ക്കകത്ത് നിഷ്പക്ഷത കൈവിട്ടിട്ടില്ല എന്നുള്ളതിന്റെ തെളിവാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രമേയത്തിൽ സഭയ്ക്കകത്ത് നടന്ന അത്തരത്തിലുള്ള ഒരു കാര്യത്തെക്കുറിച്ചും പറയുന്നില്ല എന്നുള്ളത്. എന്നുവച്ചാൽ അദ്ദേഹം പൂർണ്ണമായും നിഷ്പക്ഷനായിരുന്നുവെന്ന് ഇവർ സമ്മതിക്കുന്നു. അതല്ലേ സത്യം? എന്നുമാത്രമല്ല ഇവിടെ ഏതെങ്കിലും സന്ദർഭത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തു നിന്ന് നിഷ്പക്ഷതയില്ലാത്ത നടപടി ഉണ്ടായിരുന്നുവെങ്കിൽ അന്നാണ് റിമൂവൽ മോഷൻ കൊടുക്കേണ്ടത്. നിങ്ങൾ കൊടുത്തില്ലല്ലോ? അസംബ്ലി ചേരാത്ത സമയത്ത് സ്പീക്കറെ മാറ്റണമെന്ന് പറഞ്ഞ് പ്രമേയം കൊടുത്താൽ ആർക്ക് അത് അംഗീകരിക്കാൻ കഴിയും? പിന്നെ നിങ്ങൾ ഇവിടെ മുൻ സ്പീക്കറുടെ കാര്യമൊക്കെ പറഞ്ഞല്ലോ? എന്തായിരുന്നു. ശ്രീ. എം. വിജയകുമാറിന്റെ സ്ഥിതി? പാലക്കാട് അദ്ദേഹത്തെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറാക്കി തെരഞ്ഞെടുത്തില്ലേ? അന്ന് അദ്ദേഹം സ്പീക്കറല്ലേ? രണ്ട് പാർട്ടി കോൺഗ്രസ്സിലും പങ്കെടുത്തില്ലേ? അതിനുശേഷം 2001-ലെ തെരഞ്ഞെടുപ്പിൽ അരിവാൾ ചുറ്റിക നക്ഷത്രം വച്ചല്ലേ സ്പീക്കർ മത്സരിച്ചത്? ബഹുമാന്യനായ പ്രതിപക്ഷനേതാവ് പോലും പോയി അദ്ദേഹത്തിന് വേണ്ടി പ്രസംഗിച്ചില്ലേ? അന്ന് ശ്രീ. എം. വിജയകുമാർ ആരാണ്? ഈ സംസ്ഥാനത്തെ സ്പീക്കർ. ഈ പറയുന്ന ജനാധിപത്യ മര്യാദ ഉണ്ടായിരുന്നുവെങ്കിൽ ഒരു രാജിക്കത്ത് കൊടുത്തുകൂടായിരുന്നോ? ബാക്കി കാര്യം ഞാൻ പറയുന്നില്ല. കോൺസ്റ്റിറ്റ്യൂഷനിൽ സ്പീക്കർ പദവി പോകുന്നത് പിറ്റേ തിരഞ്ഞെടുപ്പ് കഴിയുമ്പോഴാണ്. അല്ലെങ്കിൽ രാജി വയ്ക്കാം. ഡെപ്യൂട്ടി സ്പീക്കറെ ഏർപ്പെടുത്താം. ഡെപ്യൂട്ടി സ്പീക്കറും സ്ഥാനാർത്ഥിയാണ്. എന്നാലും ഏൽപ്പിക്കാം. ആ മര്യാദയൊന്നും ശ്രീ. കോടിയേരി ബാലകൃഷ്ണാ കണ്ടില്ലല്ലോ? തിരുവനന്തപുരം പട്ടണത്തിലല്ലേ അദ്ദേഹം മൽസരിച്ചത്? അന്ന് സ്പീക്കറല്ലേ? സ്പീക്കർക്ക് മൽസരിക്കാമല്ലോ? അനന്തശയനം അയ്യങ്കാർ കോൺഗ്രസ് പാർട്ടിയുടെ ചിഹ്നത്തോടുകൂടി മൽസരിച്ചില്ലേ? എത്രയെത്ര സ്പീക്കർമാർ മൽസരിച്ചു? ഒരു കാര്യമുള്ളത് രാഷ്ട്രീയം ആവാം പക്ഷെ ഇതിനകത്ത് പാടില്ല. യാതൊരു സംശയവും ഇല്ല. സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ നിഷ്പക്ഷമല്ലാതെ ഇന്നതു ചെയ്തു എന്ന് നിങ്ങൾക്ക് ഒരു സമയത്തും പറയാൻ കഴിഞ്ഞിട്ടില്ല. ഉണ്ടെങ്കിൽ അന്ന് Removal Motion കൊണ്ടുവരുമായിരുന്നു. കൊണ്ടുവരാൻ സാധിച്ചിട്ടില്ലല്ലോ? ഇപ്പോൾ നിങ്ങൾ വേറെ ചിലത് കണക്കുകൂട്ടി. അതൊക്കെ പൊളിഞ്ഞു പോയി. ഇത്രയുമേ ഞാൻ പറയുന്നുള്ളൂ. ഇതിൽ കൂടുതലായി ഞാൻ ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഇപ്പോൾ ഇവിടെ പറഞ്ഞത് എന്താണ്? സ്പീക്കർക്ക് എതിരെ സമരം സഭ കൂടുമ്പോൾ അല്ലാതെ ഞാൻ അതൊന്നും കാട്ട് ചെയ്യുന്നില്ല. ചാപ്റ്റർ 31 എടുത്തു നോക്കൂ. ഞാൻ അതൊന്നും കാട്ട് ചെയ്യുന്നില്ല. വളരെ ക്ളിയറാണ് പലതും ഉണ്ട്. കോൺസ്റ്റിറ്റ്യൂഷൻ എടുത്തു നോക്കൂ. 179 (സി)-യിൽ പറയുന്നില്ലേ പ്രമേയം കൊടുത്ത് 14 ദിവസത്തിനു ശേഷം അതിൽ ലീവ് ചോദിക്കണം. Rules of Procedure 65, അതുപോലെ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷനിലെ സെക്ഷൻ 179 അനുസരിച്ച് ഇതിൽ ലീവ് ചോദിക്കണം. ലീവ് കിട്ടിയാലും പതിനാല് ദിവസം കഴിഞ്ഞേ പറ്റൂ. അതിനു മുൻപ് പ്രമേയം പരിഗണനയ്ക്കെടുക്കാൻ പാടില്ല. ശ്രീ. കെ. പി. രാജേന്ദ്രന് വേഗം കാര്യങ്ങൾ മനസ്സിലാകും. ശ്രീ. കോടിയേരി ബാലകൃഷ്ണന് അത്രയ്ക്ക് മനസ്സിലാകുകയില്ല. 1968-ൽ പഞ്ചാബിൽ ഇന്നത്തെ ബി. ജെ. പി.-കാർ അതായത് അന്നത്തെ ജനസംഘ്കാർ, സി. പി. ഐ.-കാർ എല്ലാം കൂടി ഭരിക്കുന്ന കാലം. നിങ്ങൾ ആലോചിക്കണം. ആ കാലത്ത് പഞ്ചാബിൽ ഒരു മെമ്പറെ പുറത്താക്കിയതിന്റെ പേരിൽ സ്പീക്കർക്കെതിരെ ഉടനെ ഒരു റിമൂവൽ നോട്ടീസ് കൊടുത്തു. സ്പീക്കർ ഉടനെ തന്നെ അടുത്ത ദിവസത്തെ ചർച്ചയ്ക്ക് വച്ചു. ചർച്ചയ്ക്ക് വച്ചതിനുശേഷം അത് പോയിന്റൗട്ട് ചെയ്യണം. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് ആയിരിക്കുമെന്നു തോന്നുന്നു. അവർ പോയിന്റൗട്ട് ചെയ്തിട്ട് പറഞ്ഞു പിറ്റേ ദിവസം ചർച്ചയ്ക്ക് വയ്ക്കുന്നത് ശരിയല്ല 14 ദിവസം കഴിഞ്ഞേ പറ്റുകയുള്ളൂ എന്ന്. 14 ദിവസത്തിനു മുമ്പ് ശരിയല്ല എന്ന്. ഇത് വായിച്ചതിന്റെ പേരിൽ ബഹളം ഉണ്ടാക്കി. പക്ഷെ ഗവൺമെന്റ് ഉറച്ചുനിന്നു. സ്പീക്കറും ഉറച്ചുനിന്നു. ശ്രീ. കെ. പി. രാജേന്ദ്രന് നല്ലതുപോലെ അറിയാവുന്ന സ്പീക്കറാണ്. നിങ്ങൾ ഭരിക്കുന്നകാലം ബി. ജെ. പി.-യുടെ കൂടെ.....(ബഹളം)..... ബി. ജെ. പി.-യും അന്നത്തെ ജനസംഘും ഒക്കെ ഒന്നാണ്. അവസാനം വലിയ ഇഷ്യൂ ആയതിനുശേഷം ഇവിടെയെല്ലാവരും പുകഴ്ത്തുന്ന ഡോ. സഞ്ജീവറെഡ്ഡി അതിനെക്കുറിച്ച് പറഞ്ഞ കമന്റ്സ് ഞാൻ വായിക്കാം "We have to remember that the office of the Speaker is an august one". അത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മനസ്സിലാക്കണം It is an august one എന്നാണ് ആ ചെയർ പറഞ്ഞത്. അത് മനസ്സിലാക്കിയിട്ടല്ല നിങ്ങൾ ഇതുവരേയും പ്രവർത്തിച്ചത്. He is one who should be shown all respect by every section of the House. In fact, he cannot discharge his onerous responsibilities effectively if he is denied such respect. It follows that motions or resolutions for the removal of the Speaker should not be brought forward in a light-hearted manner.....അത്ര റെസ്പെക്ട് കൊടുക്കണം ചെയർ ആരാഞ്ഞങ്കിലും. നാളെ ശ്രീ. കോടിയേരി ബാലകൃഷ്ണനാണെങ്കിലും ശ്രീ. കെ. പി. രാജേന്ദ്രനാണെങ്കിലും റെസ്പെക്ട് ഞങ്ങൾ തരും. യാതൊരു സംശയവും ഇല്ല. ഞാൻ ഒരു കാര്യം കൂടി പറയട്ടെ It follows that motions or resolutions for the removal of the Speaker should not be brought forward in a light-hearted manner. ഞാനും നിങ്ങളും ആരാധിക്കുന്ന ഡോ. സഞ്ജീവറെഡ്ഡി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലോക്സഭാ സ്പീക്കർ ആയപ്പോൾ പാർട്ടി അംഗത്വം രാജി വച്ച ഏക നേതാവാണ്. ശ്രീ. വർക്കല രാധാകൃഷ്ണൻ എട്ടാം നിയമസഭയിലെ സ്പീക്കർ ആയിരുന്നു. ഞാൻ അന്ന് പ്രതിപക്ഷത്ത് ഇരിക്കുന്ന കൊച്ചു മെമ്പറാണ്. എട്ടാം നിയമസഭയുടെ കാലത്ത് ഞങ്ങൾ സഭയ്ക്കകത്ത് ഉണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് റിമൂവൽ നോട്ടീസ് കൊടുത്തു. റിമൂവൽ നോട്ടീസ് കൊടുത്തതിന്റെ പിറ്റേദിവസം സഭ തീർന്നു. മി. കോടിയേരി ബാലകൃഷ്ണാ സഭ Prorogue ചെയ്തിരുന്നില്ല. പിറ്റേദിവസം സഭ തീർന്നു എന്നാണ് ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞത്. ടെക്നിക്കലായി പതിനാലു ദിവസം ഉണ്ട്. പക്ഷെ Prorogue ചെയ്തിട്ടില്ല. Prorogue ചെയ്ത് സ്പീക്കർക്ക് സഭ വിളിച്ചുകൂട്ടാം. ഡൽഹിയിൽ ചെയ്തതുപോലെ ചെയ്യണ്ട. ഡൽഹിയിൽ Prorogue ചെയ്ത് ഡിസംബർ 31 കഴിഞ്ഞിട്ടും വീണ്ടും സഭ ചേരുന്നു. പക്ഷെ ഇവിടെ Prorogue ചെയ്തിട്ടില്ല. Prorogue ചെയ്താൽ ഗവർണറാണ് ആർട്ടിക്കിൾ 174 അനുസരിച്ച് സഭ വിളിച്ചുകൂട്ടേണ്ടത്. ആർട്ടിക്കിൾ 174, 163-ന് വിധേയമായിട്ടാണ്. 163 എന്നു പറയുന്നത് ക്യാബിനറ്റിന്റെ റെക്കമെന്റേഷനോടുകൂടി മാത്രമേ സാധിക്കുകയുള്ളൂ. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഗവർണർക്കല്ലാതെ ഗവൺമെന്റിന് അധികാരമില്ല. ഇവിടെ സഭ കൂടിക്കൊണ്ടിരിക്കുന്ന സന്ദർഭം. തലേദിവസം കൊടുത്തിട്ട് ശ്രീ. വർക്കല രാധാകൃഷ്ണൻ അത് നിഷേധിച്ചു. പിന്നെ അത് എന്തായി എന്ന് ഞങ്ങൾ അറിഞ്ഞിട്ടില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇന്നെങ്കിലും അതൊന്ന് അന്വേഷിക്കണം. അന്ന് വേണമെങ്കിൽ അദ്ദേഹത്തിന് നീട്ടിവയ്ക്കാമായിരുന്നു. സഭയില്ലാത്ത സന്ദർഭത്തിൽ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അന്ന് ശ്രീ. വർക്കല രാധാകൃഷ്ണന് ഒരു നോട്ടീസ് കൊടുത്തപ്പോൾ സഭ ചേരാത്ത സമയം ആയതുകൊണ്ട് പരിഗണനയ്ക്കെടുത്തില്ല. പിന്നീട് സഭ ചേർന്നല്ലോ ആ സമയത്തും ശ്രീ. വർക്കല രാധാകൃഷ്ണൻ സ്പീക്കർ ആയിരുന്നല്ലോ; അന്ന് ഒരു നോട്ടീസ് കൊടുത്തുകൂടായിരുന്നോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: അതിനെക്കുറിച്ച് ബഹുമാനപ്പെട്ട അന്നത്തെ ഞങ്ങളുടെ പ്രതിപക്ഷ നേതാവ് ശ്രീ. കെ. കരുണാകരൻ പറഞ്ഞ ഒരു കാര്യം ഞാൻ വായിക്കാം. വ്യാഴാഴ്ച സഭ നിർത്തി വച്ച ശേഷം ചേമ്പറിലേക്ക് ചെല്ലാനുള്ള ക്ഷണം പ്രതിപക്ഷ നേതാക്കൾ നിരസിച്ചത് വിനയപൂർവ്വം തന്നെയാണ്. സ്പീക്കറുടെ ചേമ്പറിൽ ചെല്ലാൻ വാസ്തവത്തിൽ ഭയമാണെന്ന് പ്രതിപക്ഷ നേതാക്കൾ പറഞ്ഞു. അതായിരുന്നു അന്നത്തെ സ്ഥിതി. എന്തും പറയാൻ മടിയില്ലാത്തവരാണ് അവർ സ്പീക്കറെ കയ്യേറ്റം ചെയ്തു എന്നും മറ്റുമുള്ള ആരോപണം പ്രചരിപ്പിക്കാനും അവർക്ക് ഒരു മനോവിഷമവും ഉണ്ടാകില്ല. സാക്ഷി പറയാൻ മന്ത്രിമാരും ഉണ്ടാകും. അതിന് ഉടനെ നോട്ടീസ് കൊടുക്കുകയല്ലേ വേണ്ടത്? സഭ Prorogue ചെയ്തിട്ടില്ല. Prorogue ചെയ്യാത്ത സഭയിൽ കൊടുത്തതിനു ശേഷം ഗവർണർക്ക് കൊണ്ടുപോയി കൊടുത്തിട്ട് വല്ല കാര്യവും ഉണ്ടോ? ഇത് കഴിഞ്ഞ് തെരുവിലേക്ക് ഇറങ്ങണം. അതുകൊണ്ടാണ് ഡോ. സഞ്ജീവറെഡ്ഡി

പറഞ്ഞത് It is an August one എന്ന്. ഏറ്റവും മഹനീയമായ സ്ഥാനമാണ്. ആ സ്ഥാനത്തെ കളങ്കപ്പെടുത്താൻ മാത്രമേ ഈ പ്രമേയം പര്യാപ്തമാകൂ എന്നതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു. രാഷ്ട്രീയമായി പ്രവർത്തിക്കാൻ എല്ലാവിധ അധികാരങ്ങളും ഉണ്ടെങ്കിലും വക്കം പുരുഷോത്തമൻ എന്നു പറയുന്ന സ്പീക്കർ വേണ്ടത്ര ചെയ്യുന്നില്ല എന്നാണ് എന്റെ ആക്ഷേപം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊടുത്ത പ്രമേയത്തിൽ പറഞ്ഞിട്ടുള്ള ഒരു കാര്യത്തെക്കുറിച്ച് അറിഞ്ഞാൽ കൊള്ളാം. ബാക്കിയൊക്കെ അദ്ദേഹം പറയുന്നതുകൊണ്ട് ഞാൻ പറയുന്നില്ല. "കോൺഗ്രസ്സിലെ ഗ്രൂപ്പ് പോരാട്ടത്തിൽ സജീവ പങ്കാളിത്തം വഹിച്ച് മന്ത്രിസഭ നിലനിറുത്താൻവേണ്ടി എം. എൽ. എ.-മാരെ ഫോൺ ചെയ്തു ഭീഷണിപ്പെടുത്തുകയും....." എന്നു പറഞ്ഞിരിക്കുന്നതിൽ ഏത് എം. എൽ. എ.-യെ ഭീഷണിപ്പെടുത്തിയെന്ന് പറയാമോ? ഞങ്ങളുടെ ഭാഗത്തല്ലേ ഭീഷണിപ്പെടുത്തുക? ഏത് എം. എൽ. എ.-യെ ഭീഷണിപ്പെടുത്തി എന്ന് പറയാമോ? ഒരു എം. എൽ. എ.-യുടെ പേര് പറയാമോ? ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലെയുള്ള ഉത്തരവാദപ്പെട്ട.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ആരോപണം ഉന്നയിച്ചത് ഇപ്പോഴും കെ. പി. സി. സി. പ്രസിഡന്റായി ഇരിക്കുന്ന ശ്രീ. കെ. മുരളീധരനാണ്. ഭീഷണിപ്പെടുത്തിയ ആളുകൾ ഇപ്പോൾ പറയുന്നത് അവർ ഒരു കോടി രൂപ കൊടുത്തതുകൊണ്ടാണെന്നാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: കോടി എന്നു പറഞ്ഞാൽ ശ്രീ. കോടിയേരി ബാലകൃഷ്ണന് ഒരു വിലയുമില്ല. ഏതായാലും ഈ സഭയിലെ ഒരംഗത്തിനോടും പറഞ്ഞിട്ടില്ല എന്ന് ഇപ്പോൾ വ്യക്തമായി. വേറെയാരോ എന്നാണ് പറയുന്നത്. ഈ സഭയിൽ ഇരിക്കുന്ന മെമ്പർമാരിൽ ഏതെങ്കിലും ഒരു മെമ്പർ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് പറഞ്ഞോ തന്നെ ഫോണിൽക്കൂടി ഭീഷണിപ്പെടുത്തി എന്ന്? ഇല്ല. വേറെയാരോ എന്നാണ് പറയുന്നത്. വെറുതെ എന്തെങ്കിലും പറയാവുന്നതാണോ അസംബ്ളി; പ്രത്യേകിച്ചും ഇതുപോലെയുള്ള മോഷനിൽ. ഏതായാലും ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയുടെ അന്തസ്സ് പാലിക്കാൻ വേണ്ടി അങ്ങേയറ്റം ശ്രദ്ധിച്ച ആളാണ്. അതുകൊണ്ടുതന്നെയാണ് രണ്ടാം തവണയും സ്പീക്കറാകാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സംസാരിച്ച സമയത്ത് സ്വാഭാവികമായും ഞാൻ ധരിച്ചത് സ്പീക്കർ നിയമസഭയ്ക്കകത്ത് പക്ഷം ചേർന്ന് പ്രവർത്തിക്കുന്നു എന്ന് ഇല്ലാത്തതാണെങ്കിലും കുറേ ആരോപണങ്ങൾ അദ്ദേഹം പറയും എന്നാണ്. പക്ഷേ അദ്ദേഹത്തിന്റെ പ്രസംഗത്തിലെ 99 ശതമാനം കാര്യങ്ങളും സ്പീക്കർ പുറത്ത് ചെയ്തിട്ടുള്ള ചില പ്രസ്താവനകളെ അവലംബിച്ചുകൊണ്ടാണ് എന്നു പറഞ്ഞാൽ സ്പീക്കറുടെ നിഷ്പക്ഷതയെ സംബന്ധിച്ച് കാര്യമായി പറയാൻ എന്റെ സ്നേഹിതൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കൈവശം ഒന്നുമില്ല എന്നതാണ് അതിൽ തെളിയുന്ന കാര്യം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സംസാരിച്ച സമയത്ത് സ്പീക്കറുടെ സഭയ്ക്ക് പുറത്തുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന്റെ പ്രസ്താവനകളെ സംബന്ധിച്ചും പറഞ്ഞു. ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് സ്പീക്കർ വിലയിരുത്തപ്പെടേണ്ടത് രണ്ട് ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്. ഒന്ന് As a Presiding Authority of the Legislature. രണ്ടാമത്തേത് As the Head of the Legislature Secretariat. രണ്ട് മാനദണ്ഡത്തിലും ശ്രീ. വക്കം പുരുഷോത്തമനെ വിലയിരുത്തുകയാണെങ്കിൽ അദ്ദേഹത്തിന് 100 ശതമാനം മാർക്കും ലഭിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ മൗലങ്കറെ ഉദ്ധരിച്ചു. മൗലങ്കർ പ്രഗൽഭനായ ഒരു വ്യക്തിത്വം തന്നെയാണ്. ഗുണമേൻമയുള്ള, ക്വാളിറ്റിയുള്ള ഒരു സ്പീക്കറെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞത് എത്രയോ ശരിയാണ്. The Speaker's position is thus unique and though he may not appear to exercise direct authority either in the administration of the country or in the foreign policy and relations of the country, he yet exercises directly and remote the amount of influence on both. Naturally such a person is respected by his countrymen..... എന്നു പറഞ്ഞിട്ട് അദ്ദേഹത്തെപ്പറ്റി അഡീഷണലായി പറയുന്നത് In addition, he must have qualities of intellect and have a quick grasp of questions at issues, presence of mind, infinite patience, a sense of humour etc. will make a Speaker both great and popular and if he sustains patience almost to an infinite degree and has a sense of humour, he will be able not only to discharge all his duties to the satisfaction of all, but to feel genuine pleasure in his work. മൗലങ്കറുടെ ഗുണമേൻമയുള്ള സ്പീക്കറെപ്പറ്റിയുള്ള വാക്കുകൾ ചാർത്തിക്കൊടുക്കാൻ കേരളം കണ്ട ഏറ്റവും പ്രഗൽഭനായ സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമനാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രണ്ട് മാനദണ്ഡങ്ങൾ ഉപയോഗിച്ച് നിങ്ങൾ ശ്രീ. വക്കം പുരുഷോത്തമനെ വിലയിരുത്തണ്ടേ? നന്നായി. ഒരു കണക്കിന് ഈ പ്രമേയം ഇല്ലായിരുന്നെങ്കിൽ ശ്രീ. വക്കം പുരുഷോത്തമനെ സംബന്ധിച്ച്, സ്പീക്കറെ സംബന്ധിച്ച്, ഈ സഭയിൽ ചർച്ച വരുമായിരുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഈ പ്രമേയം അവതരിപ്പിച്ച സ്നേഹിതനോട് ഞാൻ ചോദിക്കുന്നത് നിങ്ങൾ ശ്രീ. വക്കം പുരുഷോത്തമൻ ഈ സഭയിൽ ചെയ്തിട്ടുള്ള നല്ലവശങ്ങളെക്കുറിച്ച് ഒരു നിമിഷമെങ്കിലും ചിന്തിച്ചോ? ഞാൻ വിനീതമായി ചൂണ്ടിക്കാണിക്കുകയാണ്. ശ്രീ. വക്കം പുരുഷോത്തമൻ ഈ നിയമസഭയ്ക്ക് കൊടുത്ത ഏറ്റവും വലിയ സംഭാവന എന്നു പറയുന്നത് ഈ നിയമസഭയുടെ ടൈം മാനേജ്മെന്റിൽ കാണിച്ച ശുഷ്കാന്തിയാണ്. പണ്ടൊരു കീഴ്വഴക്കം ഉണ്ടായിരുന്നു.

രാത്രിയോളം ചർച്ച ചെയ്യുക, ചർച്ച ചെയ്യാതെ പിരിയുക. വിൻസ്റ്റൻ ചർച്ചിൽ House of Commons-ൽ ലെജിസ്ലേച്ചർ ബിസിനസ് എങ്ങനെ ആകണം എന്നതിനെക്കുറിച്ച് പറഞ്ഞ ഒരു വാക്കുണ്ട്. "Hurried Legislation is not usually successful. Prolonged sitting do not necessarily mean rapid progress". വിൻസ്റ്റൻ ചർച്ചിൽ പറഞ്ഞിട്ടുള്ള ആ വാക്ക് കേരളത്തിൽ നടപ്പിലാക്കിയത് ശ്രീ. വക്കം പുരുഷോത്തമനാണ്. മറ്റൊരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറാകുന്നതിന് മുമ്പ് ഒരു പ്രിവിലേജ് ക്ളാസ് ഉണ്ടായിരുന്നു. ഞാൻ രണ്ടുമൂന്ന് സെഷനിൽ ഉണ്ടായിരുന്ന ആളാണ്. ഈ സ്പെഷ്യൽ പ്രിവിലേജ് ക്ളാസ് എന്നു പറയുന്നത്. അവർക്ക് സമയപരിധിയില്ല. അവർക്ക് എന്തും ആകാം. അവർക്ക് എന്തും പ്രസംഗിക്കാം. ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായി വന്നതിനുശേഷമാണ് പ്രിവിലേജ് ക്ളാസില്ലാതെ equal justice to everybody എന്ന തത്വം ഈ സഭയിൽ കൊണ്ടുവന്നത്. നിങ്ങൾ അദ്ദേഹത്തെപ്പറ്റി ദോഷം പറയുന്നുണ്ടല്ലോ, ആക്ഷേപിക്കുന്നുണ്ടല്ലോ. ആക്ഷേപിക്കുന്ന സമയത്ത് ഒരു കാര്യം കൂടി മനസ്സിലാക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണനാകട്ടെ, എനിക്ക് ആകട്ടെ, ചെറിയവർക്ക് ആകട്ടെ, വലിയവർക്ക് ആകട്ടെ ഈ നിയമസഭയിലെ അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ ചെറിയവർ എന്ന ഭാവമില്ല, വലിയവർ എന്ന ഭാവമില്ല, equal justice to everybody എന്ന തത്വം സഭയിൽ കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു എന്നത് ഞാൻ അദ്ദേഹത്തിൽ കാണുന്ന പ്രസക്തമായ വ്യക്തിത്വമാണ്. മറ്റൊരു കാര്യം ഈ നിയമസഭയ്ക്ക് ശ്രീ. വക്കം പുരുഷോത്തമൻ കൊടുത്ത ഏറ്റവും വലിയൊരു കോൺട്രിബ്യൂഷനുണ്ട്. അത് മറക്കരുത്. നമ്മുടെ നാട്ടിൽ ലെജിസ്ലേച്ചറും, എക്സിക്യൂട്ടീവും ജുഡീഷ്യറിയും അതതിന്റെ മേഖലയിൽ പ്രവർത്തിക്കുന്നതിന് പകരം പരസ്പരം കുറച്ചൊക്കെ കയ്യേറ്റത്തിലേക്ക് പോകുന്ന സ്വഭാവത്തിലേക്ക് നമ്മുടെ രാജ്യം പോകുന്നു എന്നുള്ളത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ജുഡീഷ്യറിയുടെ അധികാരം എന്താണ്, ലെജിസ്ലേച്ചറിന്റെ അധികാരം എന്താണ് എന്നത് സംബന്ധിച്ച് കൺഫ്യൂഷൻ വന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഞാൻ പറയട്ടെ, നിയമസഭയുടെ പരമാധികാരം പ്രകാശഗോപുരംപോലെ ഉയർത്തിപ്പിടിച്ചവനാണ് ശ്രീ. വക്കം പുരുഷോത്തമൻ. ഇവിടെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ഉദ്ധരിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ ഒരു കാര്യം ഞാനും ഉദ്ധരിക്കട്ടെ. The theory underlining the Indian Constitution in this respect can hardly be better expressed on the words of Pandit Jawaharlal Nehru. I quote: "No Supreme Court, no Judiciary can stand in the judgement over the sovereign will of Parliament representing the will of the entire community. It can pull up the sovereign will if it goes wrong but the ultimate analysis with the future of the communities concerned, no judiciary can come in

LIBRARY ARCHIVES Kerala Legislative Assembly

the way. Ultimately the fact remains that the Legislature must be supreme and must not be interfered by the Court of Law in such measures as social reforms" എന്നാണ്. ശ്രീ. വക്കം പുരുഷോത്തമൻ തന്റേടം കാണിച്ചു. ഇവിടെ പലർക്കും ഒരു ചോദ്യമുണ്ടായിരുന്നു. ശ്രീ. വക്കം പുരുഷോത്തമൻ അങ്ങനെ പറഞ്ഞാൽ പ്രത്യാഘാതം ഉണ്ടാവില്ലേ? ശ്രീ. വക്കം പുരുഷോത്തമൻ പറഞ്ഞത് അദ്ദേഹത്തിന്റെ വ്യക്തിപരമായ താൽപ്പര്യത്തിന് വേണ്ടിയായിരുന്നില്ല. നിയമനിർമ്മാണസഭയുടെ പരമാധികാരം ഈ സഭയ്ക്ക് എത്ര പവിത്രമായി ഉയർത്തിപ്പിടിക്കാൻ സാധിക്കുമോ ആ പവിത്രത അദ്ദേഹം പ്രവർത്തനത്തിൽ കാണിച്ചു എന്നുള്ളതിന് ചരിത്രത്തിൽ അദ്ദേഹം ബഹുമാനം അർഹിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. വക്കം പുരുഷോത്തമൻ ആ കാര്യത്തിൽ കാണിച്ച ധൈര്യത്തേയും തന്റേടത്തേയും ഈ സഭ പ്രകീർത്തിക്കണം എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഞാൻ പറയുന്നത് നിങ്ങളുടെ പ്രമേയത്തെ ഒരു സബ്സ്റ്റാന്റീവ് മോഷൻ എന്നുള്ള നിലയിൽ അദ്ദേഹം ചെയ്ത നല്ല കാര്യങ്ങൾക്ക് അഭിനന്ദനം രേഖപ്പെടുത്തുന്നു എന്നു പറഞ്ഞ് തിരുത്തണം.

House of Commons – British tradition is greatest. ഞാൻ അതിനോട് യോജിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ചൂണ്ടിക്കാണിച്ച ബ്രിട്ടീഷ് പാർലമെന്ററി സിസ്റ്റം പ്രകാരം Once a Speaker always a Speaker എന്ന കൺസപ്റ്റ് ബ്രിട്ടീഷ് പാർലമെന്റിലുണ്ട്. ബ്രിട്ടീഷ് പാർലമെന്റ് സമ്പ്രദായം എടുത്തു നോക്കുകയാണെങ്കിൽ അവിടുത്തെ സ്പീക്കറുടെ പദവിയിലേക്ക് ഇൻഡ്യയിലെ സ്പീക്കർ ഉയർന്നുവരണം എന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകില്ല. അവിടെ എത്ര നിഷ്പക്ഷമാണ്. നിഷ്പക്ഷം എന്നു മാത്രമല്ല, ശരിക്കു പറഞ്ഞാൽ മറ്റുള്ള ആളുകളുടെ കൂടെ കാപ്പി കുടിക്കാൻ പോലും ബ്രിട്ടനിലെ സ്പീക്കർ പോകാറില്ല. ബ്രിട്ടനിലെ സ്പീക്കർ ക്ളബ്ബിൽ പോകില്ല. എത്ര മനോഹരമായാണ് അതേപ്പറ്റി പറഞ്ഞിട്ടുള്ളത്. പാർലമെന്ററി സിസ്റ്റത്തിലേക്ക് ഇന്ത്യയ്ക്ക് പോകാനൊക്കുമോ? ഇൻഡ്യയിലെ ബഹു. പാർട്ടി സംവിധാനത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്പീക്കർ കൺടെസ്റ്റ് ചെയ്തുവരികയാണ്. സ്പീക്കർ കൺടെസ്റ്റ് ചെയ്യാതെ ഇവിടെ ബ്രിട്ടീഷ് പാർലമെന്ററി സംവിധാനം പോലെ "Outside or less than inside of House the Speaker abstain from every form of suggestion of partyship. He never publicly discuss or voices or opine of the party issues. He never attend a party meeting. He has no connection with the party newspapers: He never sets shoot in the political talk. He never mingle with the fellow members in tea room or smoking room. He does not even make a campaign for his election". It is marvellous. എന്ന സ്വഭാവത്തിലേക്ക് സ്പീക്കർ മത്സരിക്കാത്ത സ്വഭാവത്തിലേക്ക്, സ്പീക്കർക്ക് കൺടെസ്റ്റ് ചെയ്യപ്പെടാതെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ സ്പീക്കറായി വരുന്ന സംവിധാനത്തിലേയ്ക്ക് ഈ നാടിന് പോകാനൊക്കുമോ? നമ്മുടെ നാട്ടിലെ സാഹചര്യമെടുത്തു പരിശോധിക്കുമ്പോൾ തീർച്ചയായിട്ടും ഈ തരത്തിലുള്ള കാര്യങ്ങൾക്ക് പ്രസക്തിയുണ്ട്. കാരണം ഇന്ത്യൻ
12 NOON] സാഹചര്യത്തിൽ നെഹ്റു തന്നെപറഞ്ഞിട്ടുണ്ട്. സമയച്ചുരുക്ക മായതുകൊണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ ഇവിടെ കോട്ട് ചെയ്യുന്നില്ല. പാർട്ടി ടിക്കറ്റിൽ മൽസരിച്ചുവരുന്ന ഒരു സംവിധാനമാണ് അഭികാമ്യം. അല്ലാതെ ശരിയല്ല. നെഹ്റു പറഞ്ഞ വാക്ക് എന്റെ കൈയിലുണ്ട്. സ്പീക്കർ നിഷ്പക്ഷനായിരിക്കണം. തെരഞ്ഞെടുപ്പിലൂടെ വരികതന്നെ വേണം. 1951-ൽ തിരുവനന്തപുരത്ത് പ്രിസൈഡിംഗ് ഓഫീസേഴ്സിന്റെ യോഗം കൂടിയിരുന്നു. ആ യോഗത്തിൽ പറഞ്ഞ കാര്യമാണ് എന്റെ ഓർമ്മയിൽ വരുന്നത്. ബ്രിട്ടൻ പാർലമെന്റ് സമ്പ്രദായംപോലെ നമ്മുടെ രാജ്യത്തും കൊണ്ടുവരുന്നത് അഭികാമ്യമാണ്. 1953-ൽ ഗ്വാളിയറിൽ ചേർന്ന പ്രിസൈഡിംഗ് ഓഫീസേഴ്സിന്റെ യോഗത്തിലും പറഞ്ഞിട്ടുണ്ട്. ഞാൻ നിങ്ങളോട് ചോദിക്കട്ടെ. നിങ്ങൾ വലിയ തത്വങ്ങളൊക്കെ പറയുന്നുണ്ടല്ലോ. നിങ്ങൾക്കു പറ്റുമോ? ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ, ആ സ്വഭാവത്തിൽ ഇവിടെ കൊണ്ടുവരാൻ ഒക്കുമോ? പിന്നെ ചെയ്യേണ്ടത് എന്താണ്? ഇവിടെ പറഞ്ഞിട്ടുള്ള അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. നിയമസഭയ്ക്കകത്തായാലും പുറത്തായാലും സ്പീക്കറുടെ പെരുമാറ്റത്തിൽ പക്ഷം ചേർന്നിട്ടുണ്ടോ? പക്ഷം ചേർന്നിട്ടില്ല. എനിക്ക് സ്പീക്കറെ കുറേക്കാലമായിട്ട് അറിയാം. ലേബർ മിനിസ്റ്റർ ആയിരുന്ന കാലം മുതൽ അദ്ദേഹത്തെ അറിയാം. അന്ന് സാധാരണ തൊഴിലാളി നേതാക്കൻമാരായ ഞങ്ങൾ പറയാറുണ്ട്. വക്കമാണ് മീറ്റിംഗ് വിളിച്ചിരിക്കുന്നതെങ്കിൽ രണ്ടിലൊന്നാകും. ഒന്നുകിൽ തീരും അല്ലെങ്കിൽ തീരില്ല. അങ്ങനെ വലിച്ചിഴച്ചുകൊണ്ട് പോകുന്ന പാരമ്പര്യം വക്കത്തിനില്ല. അത് എന്റെ അനുഭവമാണ്. പിന്നെ ഞങ്ങൾക്കാർക്കും പ്രത്യേകമായി ഒരു സൗകര്യങ്ങളും അദ്ദേഹം ചെയ്തുതന്നിട്ടില്ല. ഒരു മിനിറ്റുപോലും ഏറെ തന്നിട്ടില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഞങ്ങൾക്ക് അദ്ദേഹം യാതൊരുവിധത്തിലുള്ള സൗകര്യങ്ങളും ചെയ്തിട്ടില്ല. പിന്നെ നിങ്ങളുടെ സ്വഭാവം നന്നായിക്കോട്ടെ എന്നുവച്ച് എന്തെങ്കിലും ഒരു സൗകര്യം കിട്ടിയിട്ടുണ്ടെങ്കിൽ അത് പ്രതിപക്ഷത്തിനാണ് എന്നാണ് എന്റെ വിശ്വാസം. ഞങ്ങൾക്ക് ഒരു സൗജന്യങ്ങളും കിട്ടിയിട്ടില്ല. പക്ഷേ നിങ്ങൾ ഇങ്ങനെ ഇല്ലാത്ത കാര്യത്തിന് പ്രമേയം കൊണ്ടുവന്നത് ശരിയല്ല. ചരിത്രരേഖയാണിത്. ഒരു സ്പീക്കറുടെ പെരുമാറ്റത്തെക്കുറിച്ച്, ഇന്ത്യയിലെ മാതൃകാപരമായ നിയമനിർമ്മാണത്തിന് തുടക്കം കുറിച്ച ഒരു സംസ്ഥാനത്തു നടന്ന ഡിസ്കഷൻ, പാർലമെന്ററി ഡെമോക്രസിയുടെ ചരിത്രത്തിൽ ഏറ്റവും വലിയൊരു ചർച്ചയാണ്. ഒരു കറുത്ത പുള്ളിയായി ഈ ചർച്ച നിങ്ങൾ വരുത്തിയല്ലോ എന്നുള്ള എന്റെ ഖേദം ഞാൻ പ്രകടിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ മറ്റ് കാര്യങ്ങളിലും രാഷ്ട്രീയ കാര്യങ്ങളിലുമൊന്നും ഞാൻ കടക്കുന്നില്ല. ഇന്ത്യയിൽ ധാരാളം ആളുകൾ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ജി. വി. മൗലങ്കർ, അയ്യങ്കാർ, സഞ്ജീവറെഡ്ഡി

LIBRARY ARCHIVES Kerala Legislative Assembly

ദില്ലൻ, ഹെഗ്ഡെ, ബെൽറാംത്ഡാക്കർ, ബി. ആർ. ഭഗത്, ശിവരാജ് പാട്ടീൽ എന്നിവർ അവരെ സെലക്ട് ചെയ്തതിനുശേഷം നന്ദി പ്രകാശിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിന്റെ പ്രൊസീഡിംഗ്സ് എന്റെ കൈയിലുണ്ട്. അവരെല്ലാം പറഞ്ഞത് എന്താണ്? "നിങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസം നിഷ്പക്ഷമായും സത്യസന്ധമായും ഞങ്ങൾ നിർവ്വഹിക്കും" എന്നാണ്. അതുപോലെ അദ്ദേഹം നിർവ്വഹിച്ചു.

രാഷ്ട്രീയ സദാചാരത്തെപ്പറ്റിയൊക്കെ എന്റെ സ്നേഹിതന്മാർ പറഞ്ഞു. ഇലക്ഷനിൽ 40 സീറ്റ് കിട്ടി അപ്പുറത്തിരിക്കാൻവേണ്ടി ജനം വിധിയെഴുതിയിട്ട് പുളിവിൽ ഒരു മന്ത്രിസഭയിൽ കയറാൻ പറ്റുമോ എന്ന് ആലോചിക്കുകയാണ്. മൂന്നുമാസംകൊണ്ട് നിങ്ങൾ ഈ നാട്ടിൽ നടത്തിയ കളിയൊക്കെ ജനങ്ങൾ കണ്ടില്ലേ? നിങ്ങളാണോ രാഷ്ട്രീയ സദാചാരത്തെക്കുറിച്ച് പറയുന്നത്? നിങ്ങൾക്ക് പറയാനുള്ള ധാർമ്മികാവകാശമില്ല. മേലിൽ നിങ്ങൾ ഇങ്ങനെ ചെയ്യരുത്. നിങ്ങൾ നല്ല ആളുകളായി രാഷ്ട്രീയ സദാചാരം പാലിച്ച് ജീവിക്കണം. അതാണ് ഞാൻ പറയുന്നത്. സ്പീക്കറെ സംബന്ധിച്ച് ഇത്തരത്തിലുള്ള ഒരു അവിശ്വാസപ്രമേയം വന്നത് ഖേദകരമായിപ്പോയി. ഈ നിയമസഭയുടെ ചരിത്രത്തിൽ സത്യസന്ധമായി, നീതിബോധത്തോടുകൂടി പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട സ്പീക്കർക്കെതിരെ ഇത്തരത്തിലുള്ള പ്രമേയം കൊണ്ടുവന്നത് സങ്കടകരമാണ് എന്നുകൂടി പൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രമേയത്തിന് യാതൊരു പ്രസക്തിയുമില്ല എന്ന് ദരിക്കൽക്കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>: സർ, ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു. എം. എൽ. എ.-മാർക്ക് ഒരു കോടി രൂപ വില പറഞ്ഞതും കോൺഗ്രസ് എം. എൽ. എ.-മാരെ ഫാക്സ് സന്ദേശമയച്ച് ഗ്രൂപ്പ് മാറ്റാൻ ശ്രമിച്ചതും ഇവിടെ സൂചിപ്പിച്ചു. ഞാൻ ഇവരുടെ പ്രസംഗങ്ങളുടെ ലിസ്റ്റ് നോക്കിയപ്പോൾ ആ ഭാഗത്തുനിന്നും ശ്രീ. ആര്യാടൻ മുഹമ്മദ് ദീർഘമായി സംസാരിച്ചു. ഇനിയും സംസാരിക്കാൻ അപ്പുറത്ത് ആളുകളൊക്കെ ഇരിപ്പുണ്ട്. അധികാരത്തിന്റെ ദണ്ഡും വാളും കാണിച്ച് നിയന്ത്രിക്കേണ്ട ഒന്നല്ല നിയമസഭ. സഭയുടെ അധിപനാണ് സ്പീക്കർ. സ്പീക്കറുടെ നിഷ്പക്ഷത ആലങ്കനീയമാണ്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചത് ആവർത്തിക്കുകയല്ല. ലോക്സഭയുടെ സ്പീക്കർ ജി. വി. മൗലങ്കർ സ്പീക്കർ പദവിക്ക് നൽകിയ മാന്യത ചരിത്രരേഖയാണ്. ഞാൻ സഭയ്ക്കകത്തുള്ള കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. ഞങ്ങൾ എന്തുകൊണ്ടാണ് ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നത്? എന്തുകൊണ്ടാണ് ഇവിടേക്ക് കാര്യങ്ങൾ എത്തിയത്? സ്പീക്കർമാർക്കെതിരായി എന്നും അവിശ്വാസപ്രമേയമൊന്നും ഈ സഭയിൽ വരാറില്ലല്ലോ? 43 വർഷത്തിനിടയിൽ ഇരുപതോളം സ്പീക്കർമാരുണ്ടായി. ശ്രീ. എ. സി. ജോസിനെതിരായി മുമ്പ് അവിശ്വാസപ്രമേയം വന്നു; സഭ ചർച്ച ചെയ്തു. ഇപ്പോൾ ശ്രീ. വക്കം പുരുഷോത്തമനെതിരായിട്ടും വന്നു. എന്തുകൊണ്ടാണ് ഇവിടെവരെ ഞങ്ങളെ എത്തിച്ചത്? ഇവിടെ നേരത്തെ സൂചിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ വീണ്ടും ഞാൻ പറയുന്നതല്ല. ഒന്നുരണ്ടു കാര്യങ്ങൾ പറയാം ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു സഭയിൽ നിഷ്പക്ഷമായി അദ്ദേഹം കാര്യങ്ങൾ കൈകാര്യം ചെയ്തുവെന്ന്. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന അംഗങ്ങൾ നാൽപ്പതേയുള്ളൂ. ശരി പ്രതിപക്ഷത്തിന് പറയാനുള്ള അവകാശങ്ങൾക്ക് പ്രതിപക്ഷ നേതാവിന് പറയാനുള്ള അവകാശങ്ങൾക്ക് തുടങ്ങി എത്രയോ കാര്യങ്ങൾക്ക് ഞങ്ങൾ നിയമസഭയിൽ പ്രശ്നങ്ങൾ ഉയർത്തേണ്ടിവന്നിട്ടുണ്ട്. തർക്കങ്ങളുണ്ടായി. നിയമസഭ നടത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ സ്പീക്കറുടെ ഭാഗത്തുനിന്നും ഉണ്ടായ ഏകപക്ഷീയമായ നിലപാടുകൾ, സഭയിൽ ഒരുപാട് പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് ഞാൻ ആവർത്തിക്കുകയല്ല. ഒറ്റ കാര്യം ഇവിടെ എടുത്തുപറയുകയാണ്. ഈ സഭയിൽ ഞങ്ങളെയൊക്കെ ഏറ്റവും വേദനിപ്പിച്ച ഒരു സംഭവമാണ് ആദിവാസികളുടെ വിഷയം. മുത്തങ്ങാ പ്രശ്നം. ജോഗി എന്നുപറയുന്ന ഒരു ആദിവാസിയെ വെടിവച്ച് കൊന്നതല്ലേ? ആ സംഭവം സഭയിൽ ചൂണ്ടിക്കാണിച്ചപ്പോൾ, ആദിവാസികൾക്കെതിരായി വെടിവയ്പും ലാത്തിച്ചാർജ്ജും മൃഗീയമായ നരവേട്ടയും നടന്ന സന്ദർഭത്തിൽ ആ പ്രശ്നം ഇവിടെ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നും ഉണ്ടായ പരാമർശങ്ങൾ, ചില കമന്റുകൾ അതൊക്കെ ഈ നിയമസഭയുടെ രേഖയിലില്ലേ? അതൊക്കെ ഈ നിയമസഭയുടെ രേഖയിൽ എഴുതിവച്ചിരിക്കുകയല്ലേ? ആദിവാസികളെ വെടിവച്ചു കൊല്ലണമെന്നല്ലേ പറഞ്ഞത് ആ സംഭവം മാത്രം പോരേ? പാവപ്പെട്ടവരിൽ പാവപ്പെട്ട, ഏറ്റവും ദരിദ്രരായ സാധുക്കളായ, ആദിവാസികളെ വെടിവച്ചു കൊല്ലണം എന്ന് കേരള നിയമസഭയുടെ ഒരു സ്പീക്കർ നിയമസഭയിൽ പറയുക എന്നുപറഞ്ഞാൽ.....(ബഹളം)..... അത് ഈ സഭയിലുണ്ടായ സംഭവമല്ലേ? .....(ബഹളം).....എന്നെ പറയാൻ അനുവദിക്കണം..... ആദിവാസികളെ വെടിവച്ചു കൊല്ലണമെന്ന പ്രശ്നം ഈ സഭയിൽ പറഞ്ഞതല്ലേ?.....(ബഹളം)..... ഇതിനുമുമ്പ് ദേശാഭിമാനിയിലെ ശ്രീ. ആർ. എസ്. ബാബുവിന് പാസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഉണ്ടായി. ഈ സഭയിൽ പത്രലേഖകരുമായി, പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം ഉണ്ടായി, സ്പീക്കറുടെ ഓഫീസിനുമുന്നിൽ ഈ നിയമസഭയ്ക്കകത്ത് പത്രലേഖകരെ കയ്യേറ്റം ചെയ്ത പ്രശ്നം ഉണ്ടായി. അങ്ങനെ എത്രയെത്ര സംഭവങ്ങൾ? അതൊക്കെ ചൂണ്ടിക്കാണിക്കേണ്ട സന്ദർഭത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ തന്നിട്ടുള്ള പോയിന്റിൽ ഒതുങ്ങിനിന്ന് സംസാരിക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ....

ശ്രീ. കെ. പി. രാജേന്ദ്രൻ: മൈക്ക് ഓഫ് ചെയ്ത സംഭവങ്ങൾ നിരവധി അംഗങ്ങളുടെ പ്രിവിലേജ് പ്രൊട്ടക്ട് ചെയ്യേണ്ട ആളാണ് സ്പീക്കർ. അംഗങ്ങളുടെ അന്തസ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ചർച്ചയെ സംബന്ധിച്ച് വ്യക്തമായ നിബന്ധനകളുണ്ട്. ആ നിബന്ധനകളിൽ ഏറ്റവും പ്രധാനപ്പെട്ടത് അഭ്യൂഹങ്ങൾ, പരിഹാസപരമായ പ്രയോഗങ്ങൾ, ആരോപണങ്ങൾ, അപകീർത്തികരമായ പ്രസ്താവനകൾ എന്നീ കാര്യങ്ങൾ ഈ ചർച്ചകളിൽ വന്നുകൂടാ.... ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് അതിനു വിരുദ്ധമായി, ആരോപണത്തിന്റെ രൂപത്തിലാണ്. പത്രത്തിൽ അത് വരാതിരിക്കാൻ എക്സ്പഞ്ച് ചെയ്യണമെന്ന് റൂളിംഗ് കൊടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. പി. രാജേന്ദ്രൻ: ജനാധിപത്യത്തെ ശക്തിപ്പെടുത്താനുള്ള കീഴ്വഴക്കങ്ങളാണ് സൃഷ്ടിക്കേണ്ടത്. ഈ സഭയിൽ മുൻ സ്പീക്കർമാരുടെ റൂളിംഗുകൾ ഉണ്ട്; കീഴ്വഴക്കങ്ങളുണ്ട്. ആ കീഴ്വഴക്കങ്ങൾ അംഗീകരിക്കേണ്ടത് അംഗീകരിക്കണ്ടേ? ആ കീഴ്വഴക്കങ്ങൾ ഉൾക്കൊള്ളേണ്ടത് ഉൾക്കൊള്ളണ്ടേ? ആ കീഴ്വഴക്കങ്ങൾ നോക്കുമ്പോൾ കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട ശ്രീ എം. വിജയകുമാർ ആയാലും, 1-ാം കേരള നിയമസഭയിലെ സ്പീക്കറായ ശ്രീ. ശങ്കരനാരായണൻ തമ്പി ആയാലും സഭയിൽ സ്പീക്കർമാർ നിരവധി റൂളിംഗുകളും നല്ല കീഴ്വഴക്കങ്ങളും സൃഷ്ടിക്കുന്നത് സഭ നടത്തിക്കൊണ്ടു പോകാനാണ്. അല്ലാതെ അധികാരത്തിന്റെ ദണ്ഡും വാളും ഉപയോഗിക്കലല്ല. സഭ നടത്തിക്കൊണ്ടു പോകണം. ജനങ്ങളുടെ പ്രശ്നങ്ങൾ സഭയിൽ അവതരിപ്പിക്കണം, ജനകീയ വിഷയങ്ങൾ സഭയിൽ അവതരിപ്പിക്കണം. ഒന്നര മണിക്ക് ബെല്ലടിച്ച് ചാപ്പാടടിക്കലാണോ നിയമസഭ? ഒന്നര മണിക്ക് ബെല്ലടിച്ച് ചാപ്പാടടിക്കാൻ പറ്റില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ, ജനങ്ങളുടെ അവകാശങ്ങൾ, ജനകീയമായി നാട്ടിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ സഭയിൽ ചർച്ച ചെയ്യണ്ടേ? അതിനുള്ള അവസരങ്ങൾ ഇല്ലാതാക്കുകയാണോ? അതുപോലുള്ള വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവന്നാൽ പ്രതിപക്ഷത്തിന് സഭയിൽ പറയണം. ഞങ്ങൾക്ക് അടിയന്തിരപ്രമേയം കൊണ്ടുവരാൻ അവകാശമില്ലേ? കഴിഞ്ഞ പ്രാവശ്യം നിങ്ങൾ എത്ര അടിയന്തിരപ്രമേയം കൊണ്ടുവന്നു? നിങ്ങൾ കൊണ്ടുവന്നിട്ടുള്ള വിഷയങ്ങളിൽ ശ്രീ. ജേക്കബിനെപ്പോലുള്ളവർ ഇവിടെ നടത്തിയ പ്രസംഗങ്ങളൊക്കെ ഈ സഭയിൽ നടന്നതല്ലേ? അന്ന് നിങ്ങൾക്ക് ഒരു നിയന്ത്രണവുമില്ലായിരുന്നു. നിങ്ങൾക്ക് ഇഷ്ടംപോലെ പ്രസംഗിക്കാം. ഇപ്പോൾ ഞങ്ങൾ പ്രതിപക്ഷത്തിരുന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിച്ചാൽ അതിനെ തടസ്സപ്പെടുത്തുകയാണ്. അടിയന്തിരപ്രമേയത്തിന് തടസ്സങ്ങൾ കൊണ്ടുവരുകയാണ്. ഏതെങ്കിലും വിഷയങ്ങൾ കൊണ്ടുവന്നാൽ അത് അനുവദിക്കാതിരിക്കുകയാണ്. അത് എവിടെ എത്തി? അത് എത്തിയെത്തി കോൺഗ്രസ് പാർട്ടിയിലെ ഗ്രൂപ്പ് രാഷ്ട്രീയത്തിലും എം.എൽ.എ.-മാരെ മാറ്റലും എം.എൽ.എ.-മാരെ വിലയ്ക്കെടുക്കലും അവസാനം ഏറ്റവും പരിഹാസ്യമായ വിധത്തിൽ നമ്മുടെ നിയമസഭയേയും നിയമസഭാംഗങ്ങളേയും അപഹാസ്യരാക്കിയില്ലേ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): ഒരു ചോദ്യം ചോദിക്കട്ടെ. മെമ്പർ കഴിഞ്ഞ നിയമസഭയിൽ അംഗമായിരുന്നില്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: അതെ.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: അന്ന് ഞാൻ ആദ്യദിവസം മുമ്പിലിരുന്ന ആളാണ്. പിന്നെ ഒരാളേ പാർട്ടിയിലുള്ളുവെന്ന് പറഞ്ഞ് എന്നെ പുറകിലിരുത്തി. അതിനുശേഷം ആദിവാസി നിയമം ഇവിടെ പാസ്സാക്കി. അപ്പോൾ ഞാൻ രണ്ടു കയ്യും പൊക്കിക്കാണിച്ച് എതിർപ്പ് പ്രഖ്യാപിച്ചു. എന്നെ അവഗണിച്ചുകൊണ്ട് unanimous ആയിട്ട് പാസ്സാക്കിയെന്ന് പറഞ്ഞ സ്പീക്കറാണോ നല്ലത്? വെറുതേ സംസാരിക്കണ്ട.

ശ്രീ. കെ. പി. രാജേന്ദ്രൻ: ആദിവാസി ബിൽ സഭയിൽ കൊണ്ടുവന്നപ്പോൾ ശ്രീമതി ഗൗരിയമ്മയുടെ കൂടെയുള്ളവരൊക്കെ എതിർത്തു. അത് ശ്രീമതി ഗൗരിയമ്മ മറക്കരുത്. കരുണാകര വിരുദ്ധരുടെ ഗ്രൂപ്പ് നേതാവായി സ്പീക്കർ അധഃപതിക്കുവാൻ പാടില്ല. സ്പീക്കർ ഇപ്പോൾ എത്തിയത്, എം. എൽ. എ.-മാരുടെ ഗ്രൂപ്പ് മാറ്റ പ്രശ്നത്തിൽ അവർക്ക് വിലക്ക് കൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ വിലപേശൽ രാഷ്ട്രീയം അവസാനിപ്പിക്കണം. ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഇതിന് മുമ്പ് നാലു തവണ ഇതുപോലെ പ്രമേയത്തിന് നോട്ടീസ് വന്നിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് സൂചിപ്പിച്ചതുപോലെ സ്പീക്കർ എന്ന നിലയിൽ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമന്റെ നിഷ്പക്ഷതയെക്കുറിച്ച് ഒരിക്കൽപ്പോലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദ്യം ചെയ്തിട്ടില്ല എന്നതുതന്നെ ഈ കാര്യത്തിലുള്ള ദാരിദ്ര്യം വ്യക്തമാക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മലയിളകിയാലും മഹാജനങ്ങളുടെ മനസ്സ് ഇളകരുതെന്നാണ് പറയുന്നത്. സ്വതന്ത്ര ഭാരതം സർദാർ വല്ലഭായ് പട്ടേലിനെ ഉരുക്ക് മനുഷ്യൻ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ഈ വർത്തമാന കാലത്ത് ആ ഉരുക്കു മനുഷ്യനെന്ന വിശേഷണം ആർക്കെങ്കിലും ഉണ്ടാകണമെന്നുണ്ടെങ്കിൽ അത് ശ്രീ. വക്കം പുരുഷോത്തമനായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രവർത്തിച്ച രംഗത്തൊക്കെ വളരെയേറെ വ്യക്തിമുദ്ര പതിപ്പിക്കുവാൻ ബഹുമാന്യനായ വക്കം പുരുഷോത്തമന് കഴിഞ്ഞു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ നിഷ്പക്ഷതയെക്കുറിച്ച് ഒരിക്കൽപ്പോലും ശ്രീ. കോടിയേരി ബാലകൃഷ്ണൻ പരാമർശിച്ചിട്ടില്ല. അതിന് ഏറ്റവും നല്ല ഉദാഹരണം ചോദ്യോത്തരവേള തന്നെ. 100 അംഗങ്ങളും 40 അംഗങ്ങളുമുള്ള ഭരണ-പ്രതിപക്ഷത്തിന് സമയം കൊടുക്കുന്നത് ഒരുപോലെയാണ്. അല്ലാതെ അംഗബലം അനുസരിച്ചല്ല. അത് അദ്ദേഹത്തിന്റെ നിഷ്പക്ഷതയുടെ ഏറ്റവും വലിയ ഉദാഹരണമായി ചൂണ്ടിക്കാണിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. സഭാംഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും അവരുടെ അവകാശം സംരക്ഷിക്കുന്നതിനും അവർക്ക് മാന്യത ഉണ്ടാക്കുന്നതിനും ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ നൽകിയിട്ടുള്ള സംഭാവന വളരെ വലുതാണ്. ഇടതുമുന്നണിയുടെ കാലത്ത് സ്പീക്കറായിരുന്ന ശ്രീ. എം. വിജയകുമാർ പാർട്ടി ലീഡേഴ്സായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയേയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയും മറ്റും പുറകിലത്തെ സീറ്റിലിരുത്തിയ കാര്യമൊക്കെ നമുക്കറിയാം. മനഃപൂർവ്വമുള്ള രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ എം. എൽ. എ.-മാരുടെ പെൻഷൻ നിഷേധിക്കുവാൻ തീരുമാനം എടുത്തതുതന്നെ ശ്രീമതി കെ. ആർ. ഗൗരിയമ്മ കൂടുതൽ പെൻഷൻ വാങ്ങുമെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ്. അത്തരത്തിലാണ് അന്നത്തെ സ്പീക്കർ പെരുമാറിയതെങ്കിൽ ഇവിടെ ശ്രീ. വക്കം പുരുഷോത്തമൻ അംഗങ്ങളുടെ താൽപര്യം സംരക്ഷിക്കുവാൻ വലിയ സംഭാവന നൽകിയിട്ടുണ്ട്. എത്ര ഉദാഹരണം വേണമെങ്കിലും പറയാം. എം. എൽ. എ. ക്വാർട്ടേഴ്സിൽ ഫ്ളാറ്റ് അനുവദിക്കുന്ന കാര്യത്തിൽ, അതുപോലെ നിയമസഭാംഗങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിൽ ഒക്കെ അദ്ദേഹം വളരെ മുമ്പിൽ നിന്ന ആളാണ്. അത് പറയാതിരിക്കുവാൻ കഴിയില്ല. എല്ലാ രംഗങ്ങളിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ച ആളാണ് തൊഴിൽ വകുപ്പുമന്ത്രിയായി, ആരോഗ്യ വകുപ്പുമന്ത്രിയായി ഒക്കെ പ്രവർത്തിച്ചവേളകളിൽ പാർലമെന്റ് അംഗമായിരുന്ന കാലത്ത് അദ്ദേഹം panel of Chairmen ആയി മണിക്കൂറോളം ലോകസഭ നിയന്ത്രിച്ച ആളാണ്. സഭ നിയന്ത്രിക്കുവാനുള്ള അദ്ദേഹത്തിന്റെ പ്രത്യേകതയെക്കുറിച്ച്, അദ്ദേഹത്തിന്റെ ശക്തിയെക്കുറിച്ച് എല്ലാപേരും പുകഴ്ത്തിപ്പറഞ്ഞു. അന്ന് പാർലമെന്റ് അംഗങ്ങൾ, അടുത്ത ലോകസഭാ സ്പീക്കറായിട്ടാണ് ശ്രീ. വക്കം പുരുഷോത്തമനെ വീക്ഷിക്കുന്നതെന്നുകൂടി പറഞ്ഞു. അങ്ങനെ എല്ലാപക്ഷത്തും അദ്ദേഹത്തെ വാനോളം പുകഴ്ത്തി. പ്രവർത്തിച്ച രംഗങ്ങളിലൊക്കെത്തന്നെ അദ്ദേഹം വളരെ ശക്തമായി പ്രവർത്തിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ഒരു മാസത്തിലേറെ നീണ്ടുനിന്ന സമരകാലത്ത് കേരള നിയമസഭ ഒരു മുടക്കവും കൂടാതെ ചെറിയ ന്യൂനതപോലുമില്ലാതെ നടത്തിക്കൊണ്ടുപോകുവാൻ കഴിഞ്ഞു എന്നുപറഞ്ഞാൽ അത് ശ്രീ. വക്കം പുരുഷോത്തമനല്ലാതെ ആർക്ക് കഴിയുമെന്ന് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ഇവിടെ ഈ പ്രമേയത്തെ സംബന്ധിച്ച് വാചാലമായി എല്ലാപേരും പറഞ്ഞതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ശ്രീ. എം. വിജയകുമാർ സ്പീക്കറായിരുന്ന അവസരത്തിൽ അദ്ദേഹത്തെ പാർട്ടി സംസ്ഥാന കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. പാർട്ടി കോൺഗ്രസ്സിൽ പങ്കെടുത്തു. അതിന് കുഴപ്പമില്ല. ഇപ്പോൾ ബംഗാൾ സ്പീക്കറായിരിക്കുന്ന ശ്രീ. ഹാഷിം അബ്ദുൽ ഹലീം തിരുവനന്തപുരത്ത് നടന്ന മാർക്സിസ്റ്റ് പാർട്ടിയുടെ സ്പെഷ്യൽ പ്ളീനത്തിൽ പങ്കെടുത്ത ആളാണ്. അതിന് ഒരു കുഴപ്പവുമില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രമേയം അവതരിപ്പിച്ചപ്പോൾ എ. ഐ. സി. സി. പ്രസിഡന്റ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി സോണിയാഗാന്ധിയെക്കുറിച്ച് പറഞ്ഞു. രാഷ്ട്രീയക്കാരും അല്ലാത്തവരുമായ നിരവധി ആളുകൾ അവരെക്കാണും. അവർ പ്രതിപക്ഷ നേതാവാണ്. അതിൽ എന്താണ് തെറ്റ്? ബംഗാൾ സ്പീക്കർക്ക് മാർക്സിസ്റ്റ് പാർട്ടിയുടെ സ്പെഷ്യൽ പ്ളീനത്തിൽ പങ്കെടുക്കാം. ശ്രീ. എം. വിജയകുമാറിന് പാർട്ടി കോൺഗ്രസ്സിൽ പങ്കെടുക്കാം. പാർട്ടി സംസ്ഥാന കമ്മിറ്റിയിലേക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടാം. ഇതൊക്കെയാവാം. ശ്രീ. വക്കം പുരുഷോത്തമൻ വാ പൊളിക്കരുതെന്ന് പറഞ്ഞാൽ നടക്കില്ല. നിരാശ മനസ്സിലാകും. ഈ പ്രമേയം കൊണ്ടുവരുമ്പോൾ ചില മോഹങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ ആ മോഹഭംഗത്തിൽ നിന്ന് ഉയർന്നതാണ് ഈ പ്രമേയം. അതിന് ഒരു സംശയവുമില്ല. ആഭ്യന്തര മന്ത്രിയായി വിലസാമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കമുള്ളവർ ആലോചിച്ചിരുന്നു. പക്ഷേ അതൊന്നും നടന്നില്ല. ഞാൻ പ്രതിപക്ഷത്തോട് ചോദിക്കട്ടെ, 'അങ്ങാടിയിൽ തോറ്റാൽ അമ്മയുടെ നേരെ വേണോ?' ശ്രീ. എ. കെ. ആന്റണിയെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് ഇറക്കി ബദൽ മന്ത്രിസഭ ഉണ്ടാക്കാമെന്നൊക്കെ മനക്കോട്ട കെട്ടിയ ആളുകൾക്ക് അത് നടക്കാതെ പോയപ്പോൾ, ആ രാഷ്ട്രീയ മൽസരത്തിൽ ജയിക്കുവാൻ കഴിയാതെ പോയപ്പോൾ സ്പീക്കറുടെ നേരെയാകാമെന്ന് വിചാരിച്ചു. അത് തെറ്റിപ്പോയിയെന്ന് സൂചിപ്പിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. അതുകൊണ്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തിന് യാതൊരു അടിസ്ഥാനവുമില്ല. പൂർണ്ണമായും നിഷ്പക്ഷത പാലിക്കുന്ന, അംഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന, നിയമസഭയുടെ അധികാരാവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്ന ബഹുമാനപ്പെട്ട സ്പീക്കറാണ് ശ്രീ. വക്കം പുരുഷോത്തമൻ. ഇൻഡ്യയിലെ മറ്റ് നിയമസഭകളുടെ ചരിത്രം പരാമർശിക്കുമ്പോൾ നിശ്ചയമായും ശ്രീ. വക്കം പുരുഷോത്തമന്റെ പേര് തങ്കലിപികളാൽ രേഖപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. കെ. പി. മോഹനൻ: സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ശങ്കരനാരായണൻ തമ്പി മുതൽ പത്താം കേരളനിയമസഭയിലെ ശ്രീ. എം. വിജയകുമാർ അടക്കമുള്ള സ്പീക്കർമാരുടെ പ്രവർത്തനത്തെക്കുറിച്ച് വായിച്ചും കേട്ടും അറിഞ്ഞ ഒരാളാണ് ഞാൻ. മഹാനായ സി. എച്ച്. മുഹമ്മദ് കോയ, ഡി. ദാമോദരൻപോറ്റി, സീതിസാഹിബ് എല്ലാവർക്കും പ്രിയങ്കരനായ കഴിഞ്ഞ സഭയിലെ ശ്രീ. എം. വിജയകുമാർ എന്നിവരുടെ പ്രവർത്തനങ്ങൾ എല്ലാവർക്കും അറിയാം. ഞാൻ ഇതു ചർച്ചയ്ക്കു വന്നപ്പോൾ പലരോടും ചോദിച്ചത് ശ്രീ. എം. വിജയകുമാർ എങ്ങനെയായിരുന്നു എന്നാണ്. ശ്രീ. എം. വിജയകുമാറിനെപ്പോലെ ഒരു സ്പീക്കർ ഉണ്ടോ എന്നാണ് എല്ലാവരും ചോദിച്ചത്. അതിൽ തന്നെ എല്ലാം തെളിഞ്ഞു കിടക്കുകയാണ്. ഇവിടെ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു, Equal justice ആണെന്ന്. Equal justice-ന് ഇതാണ് അർത്ഥമെങ്കിൽ എനിക്കൊന്നും അതിനെക്കുറിച്ച് പറയാനില്ല. ഞങ്ങൾക്ക് justice ഒന്നും കിട്ടുന്നില്ല. ഞങ്ങൾ പുതിയ മെമ്പർമാരാണ്. ഒരുപാട് തവണ പോയി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാലും കാളിംഗ് അറ്റൻഷൻ അനുവദിക്കുന്നില്ല. സബ്മിഷൻ കൊടുക്കുന്നു; കിട്ടുന്നില്ല. അത്തരത്തിലുള്ള രീതിയാണുള്ളത്. ഞാൻ വ്യക്തിപരമായിട്ടൊന്നും പറയുന്നില്ല. അത്തരത്തിൽ ഞങ്ങൾക്കും ഞങ്ങളുടേതായിട്ടുള്ള അവകാശങ്ങൾ അനുവദിച്ചുതരണം. ഇതൊക്കെ പറഞ്ഞതുകൊണ്ട് personal grudge കാണിക്കുമെന്നുള്ളത് ഉറപ്പാണ്. അതിലേക്ക് ഞാൻ കടക്കുന്നില്ല. മന്ത്രിമാരെപ്പോലും insult ചെയ്യുന്ന ഒരു സമീപനമാണ് ഇവിടെ കണ്ടുവരുന്നത്. കഴിഞ്ഞ നിയമസഭയിൽ ശ്രീ. സൂപ്പിയെ insult ചെയ്യുന്നതായി കണ്ടു. ചില മന്ത്രിമാരെ defend ചെയ്യുന്നു. ചില മന്ത്രിമാരെ വെടക്കാക്കുന്നു. ഇതെന്താണെന്ന് അന്വേഷിച്ചപ്പോൾ വെടക്കാക്കി തനിക്കാക്കുന്ന ഒരു സമീപനമാണോ എന്ന് സംശയിച്ചുപോയി. ശ്രീ. കെ. പി. രാജേന്ദ്രൻ ആദിവാസികളെക്കുറിച്ച് പറഞ്ഞപ്പോൾ, ദളിത് ക്രൈസ്തവരുടെ പ്രമേയം അവതരിപ്പിച്ചപ്പോൾ മെച്ചപ്പെട്ട സൗകര്യങ്ങൾക്കുവേണ്ടിയല്ലേ മതം മാറുന്നതെന്ന ഒരു പരാമർശമാണുണ്ടായത്. പുതിയ മെമ്പർക്കെങ്കിലും, അവരുടെ അവകാശങ്ങൾ അനുവദിച്ചുതരാത്ത ബഹുമാനപ്പെട്ട സ്പീക്കറെ മാറ്റണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയത് പറയാനുള്ള വിഷയം പശു, എന്നാൽ പറഞ്ഞതോ പശുവിനെ കയറിട്ട് കുറ്റിയിലും കെട്ടാമെന്നു പറഞ്ഞുകൊണ്ട് കുറ്റിയെ സംബന്ധിച്ച് പറഞ്ഞതുപോലയാണ്. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായുള്ള അവിശ്വാസപ്രമേയം കൊണ്ടുവന്നപ്പോൾ അതിൽ സ്പീക്കർ എന്നുള്ള നിലയിൽ അധികാരം വിനിയോഗിച്ച ഏതെങ്കിലും ഒരു നടപടിയെ സംബന്ധിച്ച് കാണുമെന്ന് ഞാൻ കരുതിയിരുന്നു. എന്നാൽ ഒരു നടപടിയും സ്പീക്കർ എന്നുള്ള നിലയിൽ സ്വീകരിച്ചതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ പ്രമേയത്തിൽ ഇല്ലായെന്നുള്ള ഒറ്റ കാരണംകൊണ്ടു തന്നെ ഈ പ്രമേയം അവതരിപ്പിക്കാൻപോലും eligibility ഇല്ലാത്തതാണ്, യോഗ്യതയില്ലാത്തതാണ്. 20 പേർ എഴുന്നേറ്റു നിന്നാൽ അനുമതി കിട്ടുമെന്നുള്ളതുകൊണ്ടുമാത്രം ഇവിടെ ചർച്ചയ്ക്ക് വന്ന ഒരു പ്രമേയം എന്നുള്ളതിൽക്കവിഞ്ഞ് ഇതിലെ ഏതെങ്കിലും ഒരു വരി വായിച്ചുനോക്കിയാൽ ഇത് അവതരിപ്പിക്കാവുന്ന ഒരു പ്രമേയമല്ല. അതിന്റെ അന്തഃസത്ത മനസ്സിലാക്കിയാൽപ്പോലും ഇത് അത്ര ഗൗരവത്തോടുകൂടി കൊണ്ടുവന്ന ഒരു പ്രമേയമല്ല എന്ന് മനസ്സിലാകും. അത് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം സൂചിപ്പിക്കുകയുണ്ടായി. അവിശ്വാസപ്രമേയം എന്നുപറഞ്ഞ് കൊണ്ടുവന്ന് ഇനിയും ആവശ്യം ചില തിരുത്തലുകൾ ആണെന്ന രീതിയിലേക്ക് ശോഷിച്ചുപോയ ഒരു പ്രസംഗം കൂടിയായിരുന്നു അദ്ദേഹത്തിന്റേത്. സ്പീക്കറുടെ നിഷ്പക്ഷത സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. മുൻകാലത്തെ സ്പീക്കർ ചെയ്തിട്ടുള്ള നിലപാടിനെക്കുറിച്ച് ബഹുമാനപ്പെട്ട ഗൗരിയമ്മ പറയുകയുണ്ടായി. എല്ലാ കാലഘട്ടങ്ങളിലും പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

ലീഡേഴ്സിന് മുമ്പിൽ തന്നെ സീറ്റ് കൊടുത്തിരുന്നു. ഒറ്റ ദിവസംകൊണ്ട് ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ സീറ്റ് നിയമസഭാംഗങ്ങളുടെ സീറ്റിന്റെ പുറകിലേക്ക് മാറ്റിയത് കഴിഞ്ഞകാല സ്പീക്കറായിരുന്നു. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ സീറ്റും പുറകിലേക്ക് മാറ്റിയത് അന്നായിരുന്നു. തെരഞ്ഞെടുപ്പിൽ മൽസരിക്കുകയും തെരഞ്ഞെടുപ്പിൽ പാലിക്കപ്പെടാത്ത കൃത്യങ്ങൾ നിർവ്വഹിക്കുകയും ചെയ്ത പലരും മുൻ സ്പീക്കർമാരിൽ ഉണ്ടെങ്കിൽപ്പോലും ശ്രീ. വക്കം പുരുഷോത്തമന്റെ പേര് ഈ നിയമസഭയുടെ അന്തസ്സ് പുലർത്തുന്നു എന്നുള്ള നിലയിൽ അന്യനായി നിൽക്കുകയാണ്. അംഗങ്ങളുടെ അന്തസ്സ് പരിപാലിക്കുന്നതിൽ, അംഗങ്ങൾക്ക് സംരക്ഷണം നൽകുന്നതിലൊക്കെ ശ്രീ. വക്കം പുരുഷോത്തമൻ മറ്റുള്ളവരിൽ നിന്നും വളരെ വ്യത്യസ്തമാണ്. മാത്രമല്ല, നിയമസഭയിൽ പല പ്രശ്നങ്ങൾ വരുമ്പോഴും സഭാനടപടികൾ നടത്തുമ്പോഴും കൃത്യതയോടുകൂടി അത് പൂർത്തീകരിക്കാൻ അദ്ദേഹം കാണിക്കുന്ന ശുഷ്ക്കാന്തി പ്രത്യേകമായിട്ടു പറയേണ്ടതാണ്. അതുകൊണ്ട് ഈ പ്രമേയം അർത്ഥമില്ലാത്തതും അന്തസ്സത്തയില്ലാത്തതുമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. വി. ജയരാജൻ</u>: പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സ്പീക്കർ തികച്ചും നിഷ്പക്ഷനായിരിക്കണമെന്ന ഒരു സങ്കൽപ്പമാണ് ഭരണഘടനാ നിർമ്മാതാക്കൾക്ക് ഉണ്ടായിരുന്നത്. സഭാദ്ധ്യക്ഷൻ നിഷ്പക്ഷതയുടെ അതിർവരമ്പുകൾ നിർവ്വചിക്കേണ്ടതിന്റെ ആവശ്യകത പല സന്ദർഭങ്ങളിലും ഉയർന്നുവന്നിട്ടുണ്ട്. സ്പീക്കറെക്കുറിച്ചുള്ള വിവാദങ്ങൾ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. ആ സന്ദർഭത്തിലൊന്നും സ്പീക്കർ നേരിട്ട് ആ വിവാദങ്ങളിൽ കക്ഷി ചേരാറുണ്ടായിരുന്നില്ല. ഇവിടെ ശ്രീ. വക്കം പുരുഷോത്തമൻ സഞ്ജീവറെഡ്ഡിയെപ്പോലെ രാജി വയ്ക്കണമെന്നൊന്നും ആരും പറഞ്ഞില്ല. ശ്രീ. ആര്യാടൻ മുഹമ്മദിന്റെ വാദം കേട്ടാൽ തോന്നും ഇവിടെ നിന്ന് ആരൊക്കെയോ എന്തൊക്കെയോ പറഞ്ഞു എന്ന്. അദ്ദേഹത്തിന്റെ ചില കണ്ടെത്തലുകളാണ് അതൊക്കെ. പാർട്ടിക്കാരനായിട്ട് ശ്രീ. വക്കം പുരുഷോത്തമൻ ഇരിക്കുക തന്നെ വേണം. പക്ഷേ അദ്ദേഹം ഒരു ഗ്രൂപ്പ് നേതാവായി സഭയ്ക്കകത്തും പുറത്തും നിഷ്പക്ഷത കൈവെടിഞ്ഞ് സ്പീക്കർ പദവിയുടെ മാന്യത കളഞ്ഞുകുളിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് ഇത്തരമൊരു പ്രമേയം പ്രതിപക്ഷം അവതരിപ്പിക്കാൻ നിർബന്ധിതമായത്. അദ്ദേഹം എ. ഐ. സി. സി. സമ്മേളനത്തിൽ പങ്കെടുത്ത സമയത്ത് ഒന്നും ഞങ്ങൾ നീക്കം ചെയ്യൽ പ്രമേയവുമായിട്ട് വന്നിട്ടില്ല. ഇപ്പോൾ അദ്ദേഹം ഈ സ്ഥാനത്തിരുന്നുകൊണ്ട് തുടർച്ചയായി രാഷ്ട്രീയമായി ചെയ്യുന്ന നടപടിക്രമങ്ങൾ, അതാണ് യഥാർത്ഥത്തിൽ പ്രതിപക്ഷത്തെ ഇത്തരമൊരു പ്രമേയം കൊണ്ടുവരാൻ പ്രേരിപ്പിച്ചത്. ശ്രീ. വക്കം പുരുഷോത്തമൻ മുന്നോട്ടുവച്ചിട്ടുള്ള ഒരു പുതിയ വാദം, സ്പീക്കർ സഭയ്ക്കകത്ത് നിഷ്പക്ഷനായാൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മതി. സഭയ്ക്ക് പുറത്ത് അദ്ദേഹത്തിന് ഭരണകക്ഷിയുടെ വക്താവായി പവർത്തിക്കുന്നതിൽ തെറ്റില്ല എന്നാണ്. ആ നിലപാടിനോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോജിക്കുന്നുണ്ടോ? ജവഹർലാൽ നെഹ്റു സ്പീക്കർ പദവിയെ സംബന്ധിച്ച് പറഞ്ഞത് ഇപ്രകാരമാണ്. "രാഷ്ട്രീയത്തിന്റെ വിവാദപരമായ എല്ലാ രംഗങ്ങളിലും ഉള്ള സജീവ പങ്കാളിത്തത്തിൽനിന്നും സ്പീക്കർ വിട്ടുനിൽക്കണം. ഒരു ജഡ്ജിയുടെ സ്ഥാനമായിരിക്കണം സ്പീക്കറുടേത്. സഭയുടെ എല്ലാ ഭാഗങ്ങളിലുമുള്ളവരുടേയും വിശ്വാസം ആർജ്ജിക്കത്തക്ക രീതിയിൽ നിഷ്പക്ഷ നിലപാട് സ്പീക്കർ സ്വീകരിക്കണം. അദ്ദേഹത്തിന്റെ നിഷ്പക്ഷതയ്ക്കും അഖണ്ഡതയ്ക്കും അത് അത്യന്താപേക്ഷിതമാണ്". ലോക്സഭാ സ്പീക്കർ മൗലങ്കർ ഇതേ നിലപാട് സ്വീകരിച്ചുകൊണ്ട് 8-3-1956-ൽ ലോക്സഭയിൽ പറഞ്ഞത് ഇങ്ങനെയാണ്. "ഒരംഗത്തിന്റെ യാതൊരു privilege-ഉം ഞാൻ ഹനിക്കുകയില്ല. സഭയുടെ പാരമ്പര്യത്തിന് യോജിച്ച രീതിയിൽ ഞാൻ പ്രവർത്തിക്കും. ഒരാൾ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടാൽ അയാൾ രാഷ്ട്രീയത്തിനും രാഷ്ട്രീയ പാർട്ടിക്കും അതീതനായിരിക്കണം. സഭയ്ക്കകത്ത് ഭരണപക്ഷത്തോടും പ്രതിപക്ഷത്തോടും സ്പീക്കർ തുല്യനീതിയിൽ ആയിരിക്കണം" എന്നാണ്. ഭരണവിലാസം സ്പീക്കറായി ശ്രീ. വക്കം പുരുഷോത്തമൻ മാറി. 11-ാം നിയമസഭയുടെ രണ്ട് സമ്മേളനങ്ങളും സ്പീക്കറുടെ നിലപാടുകൊണ്ടാണ് നേരാംവണ്ണം നടക്കാതിരുന്നത്. സ്പീക്കർ പക്ഷപാതപരമായി പെരുമാറുമ്പോൾ സ്വാഭാവികമായും സഭയിലും സംഘർഷമുണ്ടാകും. ജനാധിപത്യ വ്യവസ്ഥയിലെ forth estate ആയ മാധ്യമങ്ങളോട് സ്പീക്കർ സ്വീകരിച്ച സമീപനം എന്തായിരുന്നു? നിയമസഭാ റിപ്പോർട്ടിംഗിലും നിയന്ത്രണം കൊണ്ടുവന്നു. അതിനെക്കുറിച്ച് ഇടതുപക്ഷക്കാർ മാത്രമല്ല, അപ്പുറത്തിരിക്കുന്നവർ കൂടി അഭിപ്രായം പറഞ്ഞതല്ലേ? അടിയന്തിരാവസ്ഥയ്ക്കുശേഷം മാധ്യമങ്ങൾക്ക് ഏർപ്പെടുത്തിയ censorship ആയിരുന്നു അക്കാലത്ത് ശ്രീ. വക്കം പുരുഷോത്തമൻ കൊണ്ടുവന്നത്. അക്കാര്യത്തിൽ ശ്രീ. വക്കം പുരുഷോത്തമന്റെ പേര് ഒരുപക്ഷേ ഗിന്നസ് ബുക്കിൽ സ്ഥാനം പിടിക്കുമായിരിക്കും. സ്പീക്കറുടെ നടപടി ജനാധിപത്യവിരുദ്ധമാണെന്ന് Media Research Institute അഭിപ്രായപ്പെട്ടതാണ്. സ്പീക്കറെപ്പറ്റി ആക്ഷേപമില്ലാത്തത് ഇപ്പോൾ Leader of the House-ന് മാത്രമാണ്. നിയമസഭയിൽ രണ്ട് ലീഡർമാർ ഉണ്ട്. Leader of the House and Leader of the Opposition. പ്രതിപക്ഷനേതാവിനോട് ബഹുമാനപ്പെട്ട ചെയറിൽ ഇരുന്നുകൊണ്ട് ശ്രീ. വക്കം പുരുഷോത്തമൻ ചെയ്തത് എന്തെല്ലാം നിലപാടാണ്? എത്ര തവണ മൈക്ക് നിഷേധിച്ചു? എത്ര തവണ പ്രതിപക്ഷത്തിരുന്ന് ഈ കാര്യങ്ങൾ പറയേണ്ടിവന്നു? ജനാധിപത്യത്തിന്റെ ഏറ്റവും വലിയ മാർഗ്ഗദർശിയായും കാവൽക്കാരനായും ജനങ്ങൾ കാണുന്ന പരമാധികാര സഭയിലെ അംഗങ്ങൾക്ക് ജനാധിപത്യപരമായും കീഴ്വഴക്കങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ളതുമായ ഒരു സമീപനം സഭാദ്ധ്യക്ഷ സ്ഥാനത്തുനിന്ന്, ശ്രീ. വക്കം പുരുഷോത്തമന്റെ സ്ഥാനത്തുനിന്ന് ഉണ്ടായിരുന്നില്ല. മാതൃകാപരമായ ഒട്ടേറെ കീഴ്വഴക്കങ്ങൾ

സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒരു നിയമസഭയാണ് കേരള നിയമസഭ. കീഴ്വഴക്കങ്ങൾ മാതൃകയായി സ്വീകരിക്കാൻ ശ്രീ. വക്കം പുരുഷോത്തമൻ തയ്യാറായില്ല. ഇടുങ്ങിയതും സങ്കുചിതവുമായ തന്റെ താൽപ്പര്യങ്ങൾക്കപ്പുറം ജനാധിപത്യപരമായ തന്റെ അധികാരം വിനിയോഗിക്കാൻ സ്പീക്കർക്ക് സാധിച്ചിട്ടില്ല. പലപ്പോഴും ഈ സഭയിൽ ശ്രീ. വക്കം പുരുഷോത്തമൻ വരുന്നത് ഒരു ഹിഡൺ അജണ്ടയുമായിട്ടാണ്. സഭയെ ആ ഹിഡൺ അജണ്ടയുമായി കൈകാര്യം ചെയ്തതിന്റെ ദുരന്തമാണ് പലപ്പോഴുമുണ്ടായിട്ടുള്ള സംഘർഷത്തിന്റെ തന്നെ കാരണം. അടിയന്തിര പ്രമേയം അവതരിപ്പിക്കുന്നതിനുവേണ്ടി ഒട്ടേറെ തവണ പ്രതിപക്ഷത്തിന് അനുമതി കിട്ടിയിരുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അതൊന്നും ഈ പ്രമേയത്തിലില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, ഈ സഭയ്ക്കകത്ത് അദ്ദേഹം നിഷ്പക്ഷത കാണിച്ചില്ല എന്നതിന് ഒട്ടേറെ അനുഭവങ്ങൾ ഞങ്ങൾക്കുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനാണ് ഈ നിയമസഭയിൽ അംഗങ്ങൾ വരുന്നത്, പ്രതിപക്ഷത്തിന്റെ ജോലി അതാണ്. നിയമസഭയിൽ അടിയന്തിരപ്രമേയം അവതരിപ്പിക്കാനുള്ള അവകാശം കീഴ്വഴക്കമനുസരിച്ച് പ്രതിപക്ഷത്തിനാണ്. ഒട്ടേറെ തവണ അത് അവതരിപ്പിക്കാൻ അനുവാദം നൽകിയില്ല. ഇന്നലെയുണ്ടായ ഉദാഹരണം മാത്രം ഞാൻ പറയുകയാണ്. ഇന്നലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ, പത്ത് ലക്ഷത്തോളം കുടുംബങ്ങൾ ഹർത്താലിലായിരുന്നു. അവരുടെ ഉപജീവനത്തെ ബാധിക്കുന്ന പ്രശ്നം അവതരിപ്പിക്കുന്നതിന് അടിയന്തിര പ്രമേയത്തിന് അനുമതി തേടി; അനുവദിച്ചില്ല. എന്താണ് ശ്രീ. വക്കം പുരുഷോത്തമൻ ചെയ്തത്? ഭരണകക്ഷി അംഗമായ ഒരാൾക്ക് നേരത്തേ നിശ്ചയിച്ചിരുന്ന calling attention മാറ്റി അടിയന്തിരപ്രമേയ വിഷയം calling attention ആയി കൊടുത്തു. പ്രതിപക്ഷത്തിന്റെ അടിയന്തിരപ്രമേയം വരുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ടുള്ള ഒരു നിലപാടല്ലേ അത്? Calling attention പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ഓരോന്നാണ്. ആദ്യത്തെ രണ്ട് സമ്മേളനങ്ങളിൽ പ്രതിപക്ഷത്തിന്റെ അവകാശത്തെപ്പോലും ഹനിച്ചില്ലേ? Calling attention ലഭിച്ചോ? അതുപോലെ സബ്മിഷൻ അനുവദിക്കുന്നതിൽ എന്തെല്ലാം വിവേചനമാണ് നടക്കുന്നത്? സബ്മിഷൻ അവതരിപ്പിക്കുന്നതിലുൾപ്പെടെ വിവേചനപരമായ നിലപാടല്ലേ സ്വീകരിക്കുന്നത്? സബ്മിഷൻ ഉന്നയിക്കാൻ മുൻകൂട്ടി രാവിലെ 8.30-നു മുമ്പ് തന്നെ വന്ന് കാണണമെന്ന് റൂളിംഗ് നൽകാൻ കേരള നിയമസഭയുടെ ചരിത്രത്തിൽ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനല്ലാതെ മറ്റാർക്കെങ്കിലും കഴിയുമോ? ഒരംഗത്തിന്റെ അവകാശമല്ലേ? ഇവിടെ ഒരു സന്ദർഭത്തിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന് എഴുതിക്കൊടുക്കാതെ Point of Order ഉന്നയിക്കാൻ അവസരം നൽകിയപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രൻ തനിക്കും അതുവേണമെന്ന് പറഞ്ഞപ്പോൾ അതെങ്ങനെയാണ് ശ്രീ. വക്കം പുരുഷോത്തമൻ കൈകാര്യം ചെയ്തത്?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എങ്ങനെയാണ് Point of Order ഉന്നയിക്കാൻ കഴിയുക? Point of Order എന്നു പറഞ്ഞാലെന്താണ്? സഭയിൽ നടക്കുന്ന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഉയർന്നുവരുന്ന പ്രശ്നങ്ങളാണ് Point of Order ആയി ഉന്നയിക്കുന്നത്. അത് അവതരിപ്പിക്കുന്നതിന് എന്തിനാണ് മുൻകൂട്ടി കാണാൻ പോകേണ്ട കാര്യം? ഇങ്ങനെ നോക്കിയാൽ വളരെയധികം പ്രശ്നങ്ങൾ കാണാൻ കഴിയും. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കട്ടെ, സി. പി. ഐ. (എം.) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയനെതിരായി ഒരു പ്രിവിലേജിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നോട്ടീസ് കൊടുത്തു. പ്രിവിലേജ് നോട്ടീസ് കിട്ടിയാൽ ഭയപ്പെട്ടോടുന്ന ഒരു പ്രസ്ഥാനമല്ല ഞങ്ങളുടേത്. അതിൽ ഞങ്ങൾക്ക് യാതൊരു ഭയപ്പാടുകളുമില്ല. അതുകൊണ്ട് പറയുകയല്ല, ആ നോട്ടീസ് സ്പീക്കർക്ക് കൊടുത്ത ഒക്ടോബർ മാസം 17-ാം തീയതി തന്നെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പത്രസമ്മേളനം നടത്തി, പത്രക്കാരുടെ മുമ്പാകെ ഇത് വിവരിക്കുന്നു. ശ്രീ. ബിനോയ് വിശ്വം ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു വിഷയം സംബന്ധിച്ച് പ്രിവിലേജ് മൂവ് ചെയ്തപ്പോൾ അത് പത്രക്കാർക്ക് കൊടുത്ത ശ്രീ. ബിനോയ് വിശ്വം മോശക്കാരൻ; കൊള്ളരുതാത്തവൻ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കൊള്ളാവുന്നവൻ, എങ്ങനെയുണ്ട് നിഷ്പക്ഷത? ഇതാണോ നിഷ്പക്ഷത? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുനേരെ ശ്രീ. ടി. എൻ. പ്രതാപൻ ഉൾപ്പെടെയുള്ളവർ ഒരു പ്രിവിലേജ് നോട്ടീസ് കൊടുത്തു. പ്രതിപക്ഷനേതാവ് ഒരു മന്ത്രിയുടെ പദവിയുള്ള ആളാണ്. ഒരു പ്രിവിലേജിന് നോട്ടീസ് കൊടുത്താൽ സഭയുടെ കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും അനുസരിച്ച്, ശക്ധർ ആന്റ് കൗളിൽ തന്നെ പറയുന്നതുപ്രകാരം അദ്ദേഹത്തോട് മുൻകൂട്ടി വിശദാംശം തേടണം. അത് തേടാതെതന്നെ ആ നോട്ടീസ് പ്രിവിലേജസ് കമ്മിറ്റിക്കു കൊടുത്തു. അതാണോ നിഷ്പക്ഷത? ശ്രീ. കെ. സുധാകരനും ശ്രീ. ചെർക്കളം അബ്ദുള്ളയ്ക്കും എതിരെ പ്രിവിലേജിന് അംഗങ്ങൾ നോട്ടീസ് കൊടുത്തു. അതിൽ ശ്രീ. കെ. സുധാകരനോടും ശ്രീ. ചെർക്കളം അബ്ദുള്ളയോടും വിശദീകരണം ആരാഞ്ഞു. ശ്രീ. എം. വി. രാഘവനെതിരെ പ്രിവിലേജ് നോട്ടീസ് കൊടുത്തപ്പോൾ അദ്ദേഹത്തോട് വിശദീകരണം തേടി, എന്നിട്ടുമാത്രമേ അതിന്മേൽ സ്പീക്കർ തീരുമാനമെടുത്തുള്ളൂ. പ്രതിപക്ഷനേതാവ് എന്നു പറഞ്ഞാൽ ഈ സഭയിൽ പ്രതിപക്ഷത്ത് ഏറ്റവും കൂടുതൽ ആദരിക്കപ്പെടേണ്ട ഒരാളാണ്, ഭരണപക്ഷവും ആദരിക്കണം. ഈ സഭയിൽ സ്പീക്കറായി ശ്രീ. വക്കം പുരുഷോത്തമൻ ഇരിക്കുന്നിടത്തോളം കാലം പ്രതിപക്ഷത്തോട് നീതിപൂർവ്വം പെരുമാറാൻ കഴിയുമെന്ന് ആർക്കെങ്കിലും നെഞ്ചത്തു കൈവച്ച് പറയാൻ കഴിയുമോ? അതുകൊണ്ടാണ് ഇത്തരമൊരു പ്രമേയം ഞങ്ങൾക്ക് കൊണ്ടുവരേണ്ടിവന്നത്. ഇത് പാസ്സാകുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയില്ല, നിങ്ങൾക്ക് മൃഗീയമായ ഭൂരിപക്ഷമാണ്. നൂറ് പേരുടെ ബലത്തിൽ സ്പീക്കറെക്കൂടി കൂട്ടുപിടിച്ച് 22-ാമത്തെ മന്ത്രിയായി സ്പീക്കറെ കണക്കാക്കി പ്രതിപക്ഷത്തിന്റെ അവകാശങ്ങളെ ഹനിക്കുന്നത് അംഗീകരിക്കാനാവില്ല. അതുകൊണ്ട് ഇത്

LIBRARY ARCHIVES Kerala Legislative Assembly

വിവേകപൂർവ്വം കണക്കിലെടുക്കണം, ഇത് തിരുത്താനുള്ള ഒരവസരമാണ്. ആറുമാസം കഴിഞ്ഞ് ഞങ്ങൾക്ക് വീണ്ടും ഭരണഘടനാപരമായ അവകാശവുമായി വരാൻ ഇടവരുത്തരുതെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷിബു ബേബിജോൺ:</u> സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച രാഷ്ട്രീയപ്രേരിതമായ ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു. ജനാധിപത്യ കേരളത്തിൽ ഈ ചർച്ചതന്നെ ഒരു കറുത്ത അദ്ധ്യായമായി മാറും. കാരണം നീതിമാനായ ഒരു സ്പീക്കർ, ഈ സഭയുടെ മാന്യത വീണ്ടെടുത്ത ഒരു സ്പീക്കർ, ഇവിടെ സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ നിയമസഭയ്ക്കുള്ളിലെ പ്രവർത്തനങ്ങളുടെ നിഷ്പക്ഷതയല്ല ഇവിടെ പരാമർശിക്കുന്നത്. ഈ നിയമസഭയ്ക്കുള്ളിൽ ശ്രീ. എം. വി. ജയരാജനെപ്പോലുള്ള ആളുകൾ ഇങ്ങനെ വീണ്ടുംവീണ്ടും സത്യവിരുദ്ധമായി ആവർത്തിക്കുന്നത് ശരിയാണോ? എല്ലാ ദിവസവും കടന്നുവരുമ്പോൾ കൈയിൽ കിട്ടുന്ന കടലാസ് വായിച്ചുനോക്കിയാൽ തന്നെ അറിയാമല്ലോ നിഷ്പക്ഷത. 100 അംഗങ്ങളുള്ള ഭരണകക്ഷിക്കും ഒരു calling attention, 40 അംഗങ്ങളുള്ള പ്രതിപക്ഷത്തിനും ഒരു calling attention. ഒരു ദിവസം 6 സബ്മിഷനുകളുള്ളതിൽ മൂന്ന് സബ്മിഷൻ ഭരണപക്ഷത്തിനും മൂന്ന് സബ്മിഷൻ പ്രതിപക്ഷത്തിനും. ഇതുകൂടാതെ പ്രതിപക്ഷനേതാവിന് എപ്പോൾ വേണമെങ്കിലും പറയാം. അങ്ങനെ നോക്കിയാൽ കഴിഞ്ഞ സഭാസമ്മേളനത്തിൽ ഭരണകക്ഷിയിലുള്ളവർക്ക് ഒരു സബ്മിഷൻപോലും അവതരിപ്പിക്കുവാൻ സമയം ലഭിക്കാത്തപ്പോൾ പ്രതിപക്ഷത്തുള്ളവർ രണ്ടും മൂന്നും സബ്മിഷനുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതാണോ നീതികേട്? എം. എൽ. എ. ഹോസ്റ്റലിന്റെ മാന്യത വീണ്ടെടുത്തില്ലേ? സാമൂഹ്യ വിരുദ്ധന്മാരുടെ അഴിഞ്ഞാട്ടമായിരുന്നില്ലേ കഴിഞ്ഞ അഞ്ച് വർഷക്കാലം? എന്റെ പിതാവ് രോഗബാധിതനായതിനെത്തുടർന്ന് ഞാൻ അവിടെ ചെന്നപ്പോൾ കണ്ട കാഴ്ചകൾ എന്തൊക്കെയാണ്? ഇപ്പോൾ അവിടെ മാന്യത വീണ്ടെടുത്തില്ലേ? അദ്ദേഹം പക്ഷപാതപരമായി പ്രവർത്തിക്കുന്നുവെങ്കിൽ ആദ്യം ചെയ്യേണ്ടത് എന്നോടായിരുന്നു. കാരണം ചെറുപ്പകാലം മുതൽ ഒരു പുത്രനു തുല്യമായ, അല്ലെങ്കിൽ എനിക്ക് ഒരു പിതാവിനു തുല്യമായ സ്ഥാനമുള്ള വ്യക്തിയായ അദ്ദേഹത്തോട് ഞാൻ എന്റെ പിതാവ് വർഷങ്ങളായി താമസിച്ചിരുന്ന ഫ്ളാറ്റ് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് പറ്റില്ല, നിയമം അനുവദിക്കുന്നില്ല, നീ first timer ആണ്, നീയത് അർഹതപ്പെടുന്നില്ല എന്നാണ്. അത്തരത്തിൽ ഓരോ കാര്യത്തിലും നീതിപൂർവ്വം പ്രവർത്തിച്ച അദ്ദേഹത്തെ നീക്കം ചെയ്യണമെന്നാണല്ലോ ഇപ്പോൾ പറയുന്നത്. എന്താണ് യഥാർത്ഥ കാര്യം? നഷ്ടബോധത്തിൽ നിന്നും ഉടലെടുത്ത മാനസികവിഭ്രാന്തിയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണനെക്കൊണ്ട് ഇങ്ങനെയൊരു പ്രമേയം ഇവിടെ അവതരിപ്പിക്കപ്പെട്ടത്. കാരണം വളരെയധികം സ്വപ്നങ്ങൾ കണ്ടു, ആഗ്രഹങ്ങളുണ്ടായി. ശ്രീ. കെ. പി. രാജേന്ദ്രനാണെങ്കിൽ വകുപ്പുപോലും

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. കേന്ദ്രത്തിൽ ഇടതുപക്ഷം ഗുജ്റാൾ ഭരണത്തിൽ നിന്നും വിട്ടുനിന്നപ്പോൾ സി. പി. ഐ. ഭരിച്ചല്ലോ? അങ്ങനെ ഇവിടെ ബദൽ സർക്കാർ വരികയാണെങ്കിൽ അവസാനനിമിഷം കയറാം എന്നുപറഞ്ഞ് വകുപ്പുപോലും ശ്രീ. കെ. പി. രാജേന്ദ്രൻ തീരുമാനിച്ചു എന്നാണ് അറിയുന്നത്. ബഹുമാന്യനായ വക്കം പുരുഷോത്തമൻ സ്പീക്കറായിരിക്കുന്നിടത്തോളംകാലം ഈ ആഗ്രഹം സാധിക്കില്ല എന്നുള്ള ഉറച്ച വിശ്വാസത്തിലല്ലേ ഈ നാടകം മൊത്തം ഉണ്ടാകുന്നത്? ഞാൻ വളരെ ഗൗരവത്തോടുകൂടി ഈ സഭയുടെ മുമ്പാകെ ഒരുകാര്യം പറയുകയാണ്. സ്പീക്കർ ഒരു കാര്യം പറഞ്ഞതായി ഇവിടെ ആവർത്തിച്ച് പറഞ്ഞു. ഞാൻ പത്രത്തിലാണ് അത് വായിച്ചത്. ഇവിടെ എം. എൽ. എ.-മാർക്ക് ഒരുകോടി രൂപവരെ വിലപറയുന്നു എന്നുള്ള വാർത്ത പത്രത്തിൽ വന്നു. ആ പ്രലോഭനങ്ങളെ അതിജീവിച്ചുനിൽക്കുന്ന എം. എൽ. എ.-മാരെ ഞാൻ അഭിനന്ദിക്കുന്നു എന്നുകൂടി അതിൽ പറയുന്നു. ദുഃഖത്തോടുകൂടി ഞാൻ പറയുന്നു, ആ നവംബർ മാസത്തിൽ ചില വ്യവസായ പ്രമുഖർ എന്റെ ഒന്നുരണ്ട് സുഹൃത്തുക്കളെ കണ്ടിട്ടു പറഞ്ഞു, ഷിബുവിനോട് ഒന്നു പറയണം, ബിസിനസ്സൊക്കെ മോശമല്ലേ, ഞങ്ങൾ എ.കെ.ജി. സെന്ററിലെ നിർദ്ദേശ പ്രകാരം വരുന്നതാണ്, എന്തെങ്കിലുമൊക്കെ സാമ്പത്തിക സഹായം ചെയ്യാം എന്ന്.....(ബഹളം)..... അതിന് എന്റെ കൈയിൽ തെളിവുണ്ട്. ആ കാര്യം അവർ പറഞ്ഞുവിട്ടത് ഞാൻ സ്പീക്കറോട് പോയി വേദനയോടുകൂടി പറഞ്ഞു. അവർ എന്റെ അടുത്തേയ്ക്കു പറഞ്ഞുവിട്ടപ്പോൾ ഒരു കാര്യം മറന്നു, ഞാൻ ശ്രീ. ബേബി ജോണിന്റെ മകനാണെന്നുള്ള കാര്യം മറന്നിട്ടാണ് അവർ എന്റെയടുത്ത് പറഞ്ഞുവിട്ടത്. അത് നിഷേധിക്കാൻ പറ്റുമോ? .....(ബഹളം)..... ആരാണെന്നുള്ളതൊക്കെ പറയേണ്ട വേദിയിൽ ആവശ്യം വരുമ്പോൾ ഞാൻ പറയുന്നതായിരിക്കും.....(ബഹളം)..... അങ്ങനെ ഓരോ ഘട്ടത്തിലും ഇത് പരിശോധിക്കുകയാണെങ്കിൽ രാഷ്ട്രീയപ്രേരിതമായി മുൻകാലങ്ങളിലെ ഗ്രൂപ്പ് വൈരത്തിൽ നിന്നും മോചിപ്പിക്കാൻവേണ്ടി, അണികൾ ആശയക്കുഴപ്പത്തിലാണ്, അധികാരമില്ലാതെ നിലനിൽക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് എങ്ങനേയും അധികാരത്തിൽ കയറണം, അതിന് തടസ്സംനിന്ന ഒരു സ്പീക്കറെ മാറ്റുക എന്ന രാഷ്ട്രീയ പ്രേരിതമായ ഒരു പ്രമേയമാണിത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഈ പ്രമേയത്തിൽ എഴുതിയിട്ടുള്ള കാര്യങ്ങളൊക്കെ ഞാൻ നോക്കി. ഈ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതും ഇവിടെ നടന്ന പ്രസംഗങ്ങളും രണ്ടും രണ്ടാണ്. കടലും കടലാടിയും പോലെ ഒരു ബന്ധവുമില്ലാത്തതാണ്. ഞാനിതു ശ്രദ്ധിച്ചപ്പോൾ രണ്ട് രൂപത്തിലുള്ള പ്രശ്നങ്ങളാണ് ഇതിൽ മുഖ്യമായും എനിക്ക് കാണാൻ കഴിഞ്ഞത്. ഒന്ന്, സ്പീക്കറോടുള്ള വാശിവച്ച് എന്തും പറഞ്ഞ് സ്പീക്കറെ അപമാനിക്കണമെന്ന നിർബന്ധബുദ്ധിയോടുകൂടിയ ചിലയാളുകൾ. രണ്ട്, ചിലയാളുകൾ ആചാരവെടി പോലെ ഇതിനകത്ത് ഒന്നു പങ്കെടുത്തുവെന്ന് വരുത്തി ഒരു നിവേദന രൂപത്തിൽ വീണ്ടും തുടരുന്ന സ്പീക്കറോട് ഇനിയും രണ്ട് സബ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംഘടിപ്പിക്കത്തക്ക വിധത്തിലുള്ള പ്രസംഗങ്ങൾ, അതും pleading guilty എന്നുള്ള നിലയിൽ. സത്യത്തിൽ എനിക്ക് അവരോടു സിമ്പതി തോന്നുകയാണ്. ഇപ്പോൾ വന്നുകൂടിയ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു സബ്മിഷനെങ്കിലും വസൂലാക്കാൻ കഴിയുമെങ്കിൽ, അതു ആദായകരമെന്നു കരുതുന്ന രൂപത്തിലുള്ള പ്രസംഗങ്ങളും ഞാൻ കേട്ടു. ഇത് ചരിത്രപരമായ ചർച്ചയാണ്. നിയമസഭയുടെ ചരിത്രത്തിൽ ഇതുപോലുള്ള ചർച്ചകൾ വിരളമായിട്ടേ ഉണ്ടാവുകയുള്ളൂ. ഞാൻ ഇതിന്റെ ഭരണഘടനാപരമായ position-നെക്കുറിച്ചൊന്നും പറയുന്നില്ല. ശക്ധർ ആന്റ് കൗൾ വീണ്ടും ആവർത്തിക്കുന്നില്ല. ഭരണപക്ഷത്തു നിന്നു സംസാരിച്ച ശ്രീ. ആര്യാടൻ മുഹമ്മദ് തുടങ്ങി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അടക്കമുള്ള ആളുകൾ ഇതിനെക്കുറിച്ച് ആവർത്തിച്ച് ഓർമ്മിപ്പിച്ചു എന്നുള്ളതുകൊണ്ട് രണ്ടാം ഊഴം എന്നുള്ള നിലയിൽ ആവർത്തനച്ചുവയോടുകൂടി ഒന്നും സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ബ്രിട്ടീഷ് പാർലമെന്റിനെക്കുറിച്ച് നിങ്ങൾ പറഞ്ഞല്ലോ, ബ്രിട്ടീഷ് പാർലമെന്റിന്റെ 404 വർഷക്കാലത്തെ ചരിത്രത്തിൽ കേവലം നാല് പ്രാവശ്യം മാത്രമാണ് സ്പീക്കർക്ക് എതിരായുള്ള റിമൂവൽ നോട്ടീസ് വന്നിട്ടുള്ളത്. അവിടെ സ്പീക്കർ നിഷ്പക്ഷമതിയായാൽ ആ സ്പീക്കറെ പിന്നീടുള്ള തെരഞ്ഞെടുപ്പിൽ ഒപ്പോസ് ചെയ്യില്ലെന്ന നിലയിലുള്ള കീഴ്വഴക്കങ്ങൾ നിലനിൽക്കുന്നത് എല്ലാവർക്കും അറിയാം. തികഞ്ഞ നിഷ്പക്ഷമതിയായ ജി. വി. മൗലങ്കറെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിഷ്പക്ഷമതികളെപ്പോലും വെറുതെ വിടുന്ന കാലമാണോ ഇത്? തികഞ്ഞ നിഷ്പക്ഷമതിയെന്ന് എല്ലാവരും പറയുന്ന, പ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻപോലും പറയുന്ന ജി. വി. മൗലങ്കറെ മാറ്റുന്നതിനുവേണ്ടിയുള്ള നോട്ടീസ് 1954-ൽ കൊടുത്തു എന്നുള്ളതുകൊണ്ടുതന്നെ ശ്രീ. വക്കം പുരുഷോത്തമനെതിരായിട്ടുള്ള ഈ നോട്ടീസിൽ ഞാൻ പുതുമയൊന്നും കാണുന്നില്ല. അതു കേവലം പ്രതിപക്ഷത്തിരിക്കുന്ന ആളുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായിട്ടു മാത്രം കാണുകയാണ്. മൃഗീയ ഭൂരിപക്ഷമുള്ളതുകൊണ്ട് ഞങ്ങൾ എന്തും ചെയ്യുമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചു. മൃഗീയഭൂരിപക്ഷം ഞങ്ങൾ ഓടിളക്കിക്കൊണ്ടുവന്നതല്ലല്ലോ? മൃഗീയ ഭൂരിപക്ഷം കിട്ടാൻ ആളുകൾ ഇവിടെ ചാടിക്കയറി വന്നവരല്ലല്ലോ? മൃഗീയഭൂരിപക്ഷമായി ഞങ്ങളിവിടെ ഏതെങ്കിലും സർക്കസ്സ് കാണിച്ചിട്ട് വന്നതാണോ? മൃഗീയഭൂരിപക്ഷം ഞങ്ങൾക്കു തന്നത് കേരളത്തിലെ മൂന്ന് കോടി ജനങ്ങളാണെന്നുള്ള സത്യം നിങ്ങൾക്ക് മറക്കാൻ കഴിയുമോ? ജനങ്ങളുടെ പ്രതിനിധികളാണ് ഞങ്ങൾ. സ്വാഭാവികമായും ജനമനസ്സിന്റെ ഒരു ബാലൻസാണ് ഇവിടെ കാണുന്നത്. ആ ബാലൻസിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് ഭൂരിപക്ഷം കിട്ടിയിട്ടുണ്ട്. ഭരണഘടനയുടെ 179 (സി) അനുഛേദ പ്രകാരം നിങ്ങൾക്ക് 71 വോട്ടുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ പ്രമേയത്തിനു വലിയ കാര്യമൊന്നുമുണ്ടാവില്ലെന്ന് നിങ്ങൾക്കുതന്നെ അറിയാം. എങ്കിലും സ്പീക്കറെ താഴെയിറക്കുക എന്നുള്ള മാനസിക സംതൃപ്തിക്കുവേണ്ടി മാത്രമാണ് നിങ്ങൾ ഈ സാഡിസ്റ്റ് പ്രവർത്തനങ്ങൾ നടത്തിയത് എന്നാണ് എന്റെ

വിശ്വാസം. നിങ്ങൾ ഒരു ചർച്ചയിൽ പാലിക്കേണ്ട സാമാന്യ മര്യാദപോലും പാലിച്ചില്ലെന്നു ഞാൻ പറയുന്നതിനകത്തു അൺപാർലമെന്ററിയുടെ അംശമുണ്ടെങ്കിൽ ഞാൻ അഡ്വാൻസായി ഖേദം രേഖപ്പെടുത്തിക്കൊണ്ടു പറയുന്നു, ആ സാമാന്യ മര്യാദ നിങ്ങൾ കാണിച്ചില്ല. ഇവിടെയൊരു ക്രമപ്രശ്നം ചോദിച്ചു. ഈ ചർച്ചയിൽ കാണിക്കേണ്ട ജനാധിപത്യ മര്യാദ നിങ്ങൾ കാണിച്ചോ? ആ ജനാധിപത്യ മര്യാദയുടെ കൈപുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ നിങ്ങൾ അംഗീകരിച്ചോ? ഈ ചർച്ചയിൽ ഒരു കാരണവശാലും അഭ്യൂഹങ്ങളും പരിഹാസങ്ങളും ആരോപണങ്ങളും അപകീർത്തികരമായ പരാമർശങ്ങളും ഉണ്ടാകരുത് എന്ന് പറഞ്ഞിട്ടും ശ്രീ. വക്കം പുരുഷോത്തമനെ വ്യക്തിപരമായി തേജോവധം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെങ്കിലുമുണ്ടോ എന്നാണ് നിങ്ങൾ പരിശോധിച്ചു നോക്കിയത്. ഇവിടെ നിങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്തില്ലേ? ഒരു സ്പീക്കറെ സംബന്ധിച്ചിടത്തോളം ഹൗസല്ലേ പ്രധാനം? ആ ഹൗസിനകത്തുണ്ടായിരുന്ന ഡിവിഷൻ ഏത് രൂപത്തിലാണ് എന്നുള്ളതിനെക്കുറിച്ച് നോക്കിയല്ലേ സ്പീക്കർ തീരുമാനമെടുക്കേണ്ടത്? ഞാൻ പറയുന്നു സ്പീക്കർ ഏതെങ്കിലും രൂപത്തിൽ പക്ഷപാതപരമായി പെരുമാറിയിട്ടുണ്ടെങ്കിൽ അതു പ്രതിപക്ഷത്തിനു അനുകൂല മായിട്ടാണ് എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ മനഃപൂർവ്വം വിസ്മരിക്കുകയാണ്. ഇവിടെ സബ്മിഷനെക്കുറിച്ച് പറഞ്ഞല്ലോ. കഴിഞ്ഞ നിയമസഭയിലെ അംഗങ്ങളായിരുന്ന എത്രയോ പേർ അപ്പുറത്തിരിപ്പുണ്ട്. നിയമസഭാംഗങ്ങൾക്ക് അവരുടെ നിയോജക മണ്ഡലത്തിലേയും പൊതുവായ കാര്യങ്ങളെക്കുറിച്ചും ആവലാതി രേഖപ്പെടുത്താനുള്ള ചരിത്രപരമായ ഈ ഹൗസിൽ, ഞങ്ങൾ ഞങ്ങളുടെ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങൾ പറയുമ്പോൾ, കഴിഞ്ഞ സ്പീക്കർ എന്തൊക്കെ ചെയ്തുവെന്നു നിങ്ങൾക്ക് അറിയില്ലേ? ലിസ്റ്റൊന്നും ഞാൻ എടുക്കുന്നില്ല. പക്ഷേ അന്നത്തെ ദിവസത്തെ സമരത്തിന്റെ അടിസ്ഥാനത്തിൽ പുതിയതായി അനുവദിക്കുന്നു എന്നു പറഞ്ഞ് ഈ ഡയസ്സിൽ വന്നിരുന്ന് അംഗസംഖ്യ വർദ്ധിപ്പിച്ചത് നിങ്ങൾക്കെല്ലാം അറിയില്ലേ? അതും പോകട്ടെ, ഇവിടെ proportion എത്രയാണ്? ഇവിടെ നിങ്ങൾക്കൊരു proportion ഇല്ലേ? നിങ്ങൾ പ്രതിപക്ഷമായതുകൊണ്ട് എന്തിനും പകുതി കിട്ടണം എന്നൊരു വാശി വയ്ക്കേണ്ട കാര്യമുണ്ടോ? ഇവിടെ proportion ഉണ്ടാകണ്ടേ? 101-ഉം 40-ഉം. നാല്പതൊന്നും പലപ്പോഴും കാണാറില്ല. അതു വേറെ പ്രശ്നം. നിങ്ങളുടെ ഫിക്സഡ് ഡെപ്പോസിറ്റുണ്ടല്ലോ? ആ deposit ഒക്കെ ചോർന്നു പോയല്ലോ? രാജ്യസഭാ ഇലക്ഷനിലെ ഫിക്സഡ് ഡെപ്പോസിറ്റ് 39 ആയി പിന്നെയും അതിനെക്കുറിച്ച് പറയാൻ നിങ്ങൾക്ക് നാണമില്ലേ? ഞാൻ ആ ഡെപ്പോസിറ്റ് വിടുന്നു. എന്നാലും നിങ്ങളുടെ ഡെപ്പോസിറ്റ് വാദത്തിനുവേണ്ടി ഞാൻ അംഗീകരിക്കുന്നു. ഡെപ്പോസിറ്റ് 40 അല്ലേയുള്ളൂ. 101-ഉം 40-ഉം അല്ലേയുള്ളൂ. 101-ഉം 40-ഉം തമ്മിലുള്ള proportion എന്താണ്? ഞാൻ ചോദിക്കുന്നു നിഷ്പക്ഷമതിയാകണം സ്പീക്കർ എന്നു വരികിൽ ശ്രീ. കോടിയേരി ബാലകൃഷ്ണന് എഴുന്നേറ്റു നിന്നു പറയാമോ

LIBRARY ARCHIVES Kerala Legislative Assembly

"അടുത്ത പ്രാവശ്യം മുതൽ നിയമസഭാ നടപടികളുടെ proportion അനുസരിച്ച് കൊണ്ടുപോകാൻ ഞങ്ങൾ ഒരുക്കമാണ്" എന്ന്. ഇങ്ങനെ പ്രഖ്യാപിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഞാൻ നിങ്ങൾക്കു വഴങ്ങിത്തരാം. നിങ്ങൾക്ക് എഴുന്നേറ്റു നിന്നു ചോദിക്കാമോ? നിങ്ങൾ ചോദിക്കില്ലല്ലോ? ഒന്നിവിടെ അനുവദിച്ചാൽ ഒന്നവിടെ വേണം. 50:50 ആണ് ഇവിടെ അവിടെ 50:50 അല്ലല്ലോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> രാജ്യസഭാ തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞല്ലോ? നിങ്ങൾ സംസാരിക്കുന്നത് നിങ്ങളുടെ കൂട്ടത്തിൽ മാറി നിന്ന 27 പേരുടെ സമയം കൂടി വച്ചിട്ടല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഞാൻ ചോദിച്ച ചോദ്യം വേറെയാണ്. അരി എത്രയെന്നു ചോദിക്കുമ്പോൾ പയർ അഞ്ഞാഴി എന്നു പറയുന്നതു ശരിയാണോ? ഞാൻ ചോദിക്കുന്നതു സ്പെസിഫിക്കായിട്ടുള്ള ചോദ്യമാണ്. 40 പ്രബലന്മാരോടല്ലേ ഞാൻ ചോദിക്കുന്നത്. നിങ്ങൾ ഫിക്സഡ് ഡെപ്പോസിറ്റും കയ്യിൽ ഒതുക്കിക്കൊണ്ട് ഇവിടെ ഇരിക്കുകയല്ലേ? നമുക്ക് ആ proportion അനുസരിച്ചു പോകാം. ബഹുമാനപ്പെട്ട സ്പീക്കർ ഞാൻ അങ്ങയോടു പറയുന്നു അടുത്ത പ്രാവശ്യം മുതലെങ്കിലും ഞങ്ങളുടെ proportion അനുസരിച്ച് ഈ സഭയ്ക്കകത്തുള്ള സമയം പോകണം. അതാണ് ഞങ്ങളുടെ അഭിപ്രായം. അതിനു നിങ്ങൾ തയ്യാറുണ്ടോ? നിഷ്പക്ഷത മതിയല്ലോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറിയായിട്ടാണല്ലോ നിങ്ങൾ സംസാരിക്കുന്നത്? മാറിപ്പോയ 27 ആളുകളുടെ സമയം കൂടി വച്ചാണോ നിങ്ങൾ സംസാരിക്കുന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> നിങ്ങളുടെ ബഞ്ചിൽ എത്ര പേരുണ്ട്? തൊട്ടടുത്തിരിക്കുന്ന ആൾപോലുമില്ലല്ലോ? പിന്നയല്ലേ ബാക്കി.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഇവിടെ നിന്നും ഒരാളും മാറിയിട്ടില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ 27 ആളുകൾ മാറുമെന്ന് സ്വപ്നം കണ്ടതായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സ്വപ്നം കണ്ടുവെന്നു മാത്രമല്ല ഞാനൊരു ദിവസം എം. എൽ. എ. ഹോസ്റ്റലിൽ ചെല്ലുമ്പോൾ, എന്റെ ഒരു സ്നേഹിതന്റെ, സീനിയർ മെമ്പറാണ്, ഫ്ളാറ്റിന്റെ വാതിൽക്കൽ വലിയൊരാൾക്കൂട്ടം. ഞാൻ പതുക്കെ കാര്യം ചോദിച്ചപ്പോൾ പറയുകയാണ്, പേഴ്സണൽ സ്റ്റാഫിൽ ചേരാൻ വന്നവരാണെന്ന്. പേഴ്സണൽ സ്റ്റാഫിൽ ആളുകളെ റിക്രൂട്ടു ചെയ്യുകയായിരുന്നു. ഈ ഗവൺമെന്റ് പോയാൽ ഒരവസരം ഒപ്പിച്ച് പേഴ്സണൽ സ്റ്റാഫിലെ ആളുകളെ സംഘടിപ്പിക്കാൻ ഇരിക്കുകയായിരുന്നു. പിന്നെ അവരെക്കുറിച്ച് പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഞാൻ അവരെ വിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: വെറുതെ മോഹിക്കാൻ മോഹം എന്നുള്ള ഒരു പാട്ടുണ്ടല്ലോ. അതുപോലെയാണ് ശ്രീ. തിരുവഞ്ചൂരേ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മോഹം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇപ്പോൾ പാട്ടെല്ലാം പഴമ്പാട്ടായിപ്പോയി. എല്ലാം പോയി ശ്രീ. കോടിയേരി ബാലകൃഷ്ണാ. നാടൻ ശീലവും ശൈലിയുമെല്ലാം പോയി. കൊടി എന്ന് കേൾക്കുമ്പോൾ കോടിയേരി ഇളകും. എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. ദയവായി അങ്ങ് ഇനിയെങ്കിലും ഇളകരുതെന്നാണ് എനിക്ക് അങ്ങയോട് പറയുവാനുള്ളത്.

ഇവിടത്തെ പ്രശ്നം നിയമസഭയിൽ സ്പീക്കർക്ക് രാഷ്ട്രീയം ആകാമോ എന്നതല്ലേ? ഇന്ത്യയിലെ നിയമസഭകളിൽ ഏതെങ്കിലും സ്പീക്കർ രാഷ്ട്രീയം കാണാതിരുന്നിട്ടുണ്ടോ? നിങ്ങൾ കക്ഷിരാഷ്ട്രീയം എല്ലായിടത്തും വേണമെന്ന് പറയുന്നവരല്ലേ? എൽ. പി സ്കൂളുകളിൽപോലും എസ്. എഫ്. ഐ. യൂണിറ്റുണ്ടാക്കണമെന്ന് പറയുന്ന ആളുകൾ സ്പീക്കർക്ക് നിയമസഭ വിട്ടാൽ രാഷ്ട്രീയം പാടില്ലെന്ന് പറയുന്നത് എന്ത് വിരോധാഭാസമാണ്? നിങ്ങൾ എല്ലാസ്ഥലത്തും രാഷ്ട്രീയം വേണമെന്നാണ് പറയുന്നത്. അരാഷ്ട്രീയമെന്നു പറഞ്ഞ് പ്രസംഗിച്ചു നടക്കുന്ന നിങ്ങൾ സ്പീക്കർ നിയമസഭയ്ക്ക് പുറത്ത് നടത്തുന്ന അഭിപ്രായപ്രകടനങ്ങളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. സ്പീക്കർ പദവി ഒരു വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിന് ഏതുപരിധിവരെ പോകാമെന്നതിന് വിലക്കേർപ്പെടുത്തുന്നത് ആ വ്യക്തിയെ ചോദ്യം ചെയ്യുന്നതിന് സമമല്ലേ? അങ്ങനെ ചെയ്യാൻ കഴിയുമോ? സ്പീക്കർ നിയമസഭയ്ക്കകത്ത് നിഷ്പക്ഷനാണോ എന്നുമാത്രം ആലോചിച്ചാൽ മതി. സ്പീക്കർ നിയമസഭയിൽ നിന്നിറങ്ങിയാൽ എവിടെയെല്ലാം പോകുന്നു, അദ്ദേഹം എത്ര കിലോമീറ്റർ യാത്ര ചെയ്യുന്നുണ്ട്, ഉച്ചയ്ക്ക് ചോറാണോ കഞ്ഞിയാണോ പപ്പാത്തിയാണോ കഴിക്കുന്നത് അങ്ങനെ സ്പീക്കറുടെ സ്വകാര്യ ജീവിതത്തിൽ കടന്നുകയറേണ്ട കാര്യമില്ല. ഈ നിയമസഭയുടെ അന്തസ്സ് പാലിക്കുന്നുണ്ടോ എന്നു മാത്രം നോക്കിയാൽ മതി. ശ്രീ. വക്കം പുരുഷോത്തമൻ ആയിരമാവർത്തി ഇത് പാലിച്ചിട്ടുണ്ട്. അതാണ് ശ്രീ. വക്കം പുരുഷോത്തമൻ. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ചോദ്യം ചെയ്യാൻ ആർക്കും കഴിയില്ല. നിങ്ങൾ ആദ്യമൊന്ന് മുട്ടി നോക്കി. സ്പീക്കറെ വിരട്ടി നോക്കി, സ്പീക്കറെ കീഴ്പ്പെടുത്താൻ നോക്കി, രാഷ്ട്രീയം പറഞ്ഞ് അപമാനിക്കാൻ നോക്കി. ഇതിലൊന്നും കിട്ടാതെ വന്നപ്പോൾ നിങ്ങൾ ഈ നിയമസഭാ മന്ദിരത്തെ രാവണൻകോട്ട എന്നു പറഞ്ഞ് ആക്ഷേപിച്ചിട്ട് ഒരു പോക്കുപോയി. നിഷ്പക്ഷനായി പ്രവർത്തിക്കുന്ന ഒരു നീതിപാലകനെ കാറടിച്ചു കാണിക്കുന്ന രീതിയിൽ മാർക്സിയൻ ശൈലിയിൽ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ബ്ളാക്ക്മെയിലിൽ പൊളിറ്റിക്സിൽ ബുദ്ധിയുള്ള ഒരു വ്യക്തി കൂടുങ്ങുകയില്ല എന്നുള്ളതാണ് സത്യം. അതുകൊണ്ട് അതിവിടെ നടക്കാൻ പോകുന്നില്ല. നമുക്ക് പഴയ ചരിത്രമെടുത്ത് പരിശോധിച്ചു നോക്കാം. നിങ്ങൾ

പറയുന്ന മാതൃകാ സ്പീക്കർമാർ ആരൊക്കെയാണ്? ശ്രീ. വർക്കല രാധാകൃഷ്ണനോ അതോ ശ്രീ. എ. പി കുര്യനാണോ അതോ എം. വിജയകുമാറാണോ. നിങ്ങൾ ഉദ്ദേശിക്കുന്ന പത്തരമാറ്റുള്ള പളുങ്കുമണികളായിട്ടുള്ള മാതൃകാ സ്പീക്കർമാർ ഇതിൽ ആരാണെന്ന് നിങ്ങൾക്ക് പറയാമോ? അന്ന് ഞാൻ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. ആ സമയത്ത് ഇവിടെയുണ്ടായിരുന്ന മെമ്പർമാർക്കൊക്കെ അറിയാം.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണാ അങ്ങ് ഇവിടെ പരാമർശിച്ച മുൻ സ്പീക്കർമാരിൽ ഒരാൾ വിദേശ യാത്ര കഴിഞ്ഞുവന്ന് നേരെ പോയത് മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ കമ്മിറ്റി ഓഫീസിലാണെന്നുള്ള കാര്യം അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പേര് പറയുന്നില്ല. കാരണം മരണപ്പെട്ട വ്യക്തികളെ പരാമർശിക്കുന്നത് ശരിയല്ലാത്തതുകൊണ്ടും അങ്ങ് സൂചിപ്പിച്ച വ്യക്തിയുടെ പേര് എനിക്കറിയാവുന്നതുകൊണ്ടും ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് ചോദിച്ച ചോദ്യത്തിന് നിങ്ങൾ ഉത്തരം പറഞ്ഞില്ല. ഇവിടെ ബഹുമാനപ്പെട്ട എം. വി. ജയരാജൻ ശക്ധറും കൗളും ഭരണഘടനയുമൊക്കെ ധാരാളം ഉദ്ധരിച്ചു. കീഴ്വഴക്കങ്ങളെക്കുറിച്ച് പറഞ്ഞു. ശ്രീ. ആര്യാടൻ മുഹമ്മദ് ചോദിച്ച വളരെ പ്രസക്തമായ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞില്ല. പാർട്ടി ചിഹ്നംവച്ച് ഒരു സ്പീക്കർക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കാമോ എന്ന ചോദ്യത്തിന് നിങ്ങളുടെ ഉത്തരമെന്താണ്? കോൺഗ്രസ്സിനകത്ത് അല്ലെങ്കിൽ യു.ഡി.എഫ്-നകത്ത് എന്നെങ്കിലും സ്പീക്കറാകാത്ത ഒരാൾ സ്പീക്കറാകാൻ വേണ്ടി മൽസരിച്ചാൽ നിങ്ങളുടെ അഭിപ്രായമെന്തായിരിക്കും? അപ്പോൾ നിങ്ങൾക്ക് അതൊന്നും പ്രശ്നമല്ലേ, നിങ്ങൾക്ക് അതൊന്നും ബാധകമല്ലേ? നിങ്ങൾ എന്ത് ഇമ്മ്യൂണിറ്റി വർഗ്ഗമാണ്? നിങ്ങൾ ഇമ്മ്യൂണായി ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽപ്പെടുന്ന ഒരു ഇനമായി നിൽക്കുന്നവരാണോ? ഞാൻ പറയുന്നു സ്പീക്കർക്ക് രാഷ്ട്രീയമാകാം; നിയമസഭയ്ക്കകത്ത് നിഷ്പക്ഷനായാൽ മാത്രം മതി. കീഴ്വഴക്ക ലംഘനമിവിടെ ഉണ്ടായിട്ടില്ല. കീഴ്വഴക്കങ്ങളുണ്ടാക്കിയത് എ. പി. കുര്യനും, ശ്രീ. വർക്കല രാധാകൃഷ്ണനും, ശ്രീ. എം. വിജയകുമാറുമൊക്കെയാണ്. അവരുടെ കീഴ്വഴക്കത്തിൽ നിന്നൊക്കെ വ്യത്യസ്തമായി എന്ത് കീഴ്വഴക്കമാണ് ശ്രീ. വക്കം പുരുഷോത്തമൻ ഉണ്ടാക്കിയത്? ഞാൻ ചോദിക്കട്ടെ ഇവിടെ പശ്ചിമ ബംഗാളിലേയും ത്രിപുരയിലേയും സ്പീക്കറെക്കുറിച്ച് പറഞ്ഞല്ലോ, പശ്ചിമബംഗാളിലെ മാർക്സിസ്റ്റ് സ്പീക്കർക്കും ത്രിപുരയിലെ മാർക്സിസ്റ്റ് സ്പീക്കർക്കും ബോധ്യപ്പെടാത്ത ഒരു കാര്യം കേരള നിയമസഭയിലെ ശ്രീ. വക്കം പുരുഷോത്തമന് ബോധ്യപ്പെട്ടേ മതിയാകൂ എന്നുള്ള വാശി പ്രിയപ്പെട്ട കോടിയേരി ബാലകൃഷ്ണാ അങ്ങ് വച്ചുകൊണ്ടിരിക്കുന്നത് ശരിയാണോ? അങ്ങ് ഒരു കർക്കശക്കാരനല്ല എന്നെനിക്കറിയാമെങ്കിലും അങ്ങ് അത് വച്ചുകൊണ്ടിരിക്കുന്നത് ശരിയാണോ? നിയമസഭയിൽ പ്രതിപക്ഷത്തിന് അർഹിക്കുന്നതിലും കൂടുതൽ പരിഗണന കിട്ടിയിട്ടുണ്ട്. നിങ്ങൾ അതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ദുർവിനിയോഗം ചെയ്തത് ഞങ്ങളുടെ ആരുടെയെങ്കിലും കുറ്റമാണോ? ഞാൻ നിങ്ങളോട് ചോദിക്കട്ടെ ശ്രീമതി കെ. ആർ ഗൗരിയമ്മ, വാർദ്ധക്യത്തിലെത്തിയ കമ്മ്യൂണിസ്റ്റ് പാർട്ടിയെ വളർത്തിയെടുത്ത ശ്രീമതി കെ. ആർ. ഗൗരിയമ്മ, കേരം തിങ്ങും കേരള നാട്ടിൽ കെ. ആർ. ഗൗരിയമ്മ ഭരിക്കട്ടെയെന്ന് മുദ്രാവാക്യം വിളിച്ച നിങ്ങൾ, വോട്ട് കഴിഞ്ഞപ്പോൾ അവർ ചവറ്റുകുട്ടയിൽ പോയിരുന്നു. നിങ്ങൾ ശ്രീമതി കെ. ആർ ഗൗരിയമ്മയെ എന്താണ് ചെയ്തത്? ശ്രീമതി കെ. ആർ ഗൗരിയമ്മയെ നിങ്ങൾ മുൻ സീറ്റിൽ നിന്ന് പുറകിലോട്ടാക്കി. എന്നുമാത്രമല്ല മരുന്നു വാങ്ങുന്നതിനുള്ള സാദ്ധ്യതപോലുമില്ലാത്ത വിധത്തിൽ തീരുമാനം കൊണ്ടുവന്നു. അത് മ്ളേച്ഛകരമാണെന്നു പറഞ്ഞ് ശ്രീ. എം. വിജയകുമാർ നടത്തിയ റൂളിംഗ് ഇപ്പോഴും അസംബ്ളി രേഖകളിൽ ഉറങ്ങുകയാണ്. ശ്രീമതി കെ. ആർ ഗൗരിയമ്മ എണീറ്റ് ഒരു വാക്കൗട്ടിനു വേണ്ടി പ്രസംഗം നടത്താൻ തീരുമാനിച്ചാൽ നിങ്ങൾക്ക് സഹിക്കില്ലായിരുന്നു. സീനിയർ മെമ്പർമാർക്ക് ആനുകൂല്യം കൊടുക്കണമെന്ന് വാദിച്ചുകൊണ്ടിരുന്ന നിങ്ങൾ എന്തിനാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മയെ എതിർക്കാൻ ശ്രമിച്ചത്?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇന്ന് സംസാരിക്കാൻ തന്ന ലിസ്റ്റിൽ പ്രതിപക്ഷ ഭാഗത്തുള്ള ശ്രീ. എ. സി. ഷൺമുഖദാസ്, ഡോ. കെ. സി. ജോസഫ്, ശ്രീ. വി. സി. കബീർ, ശ്രീ. പി. സി. ജോർജ്, ശ്രീ. എ. എ. അസീസ് തുടങ്ങിയ വിവിധ പാർട്ടികളെ പ്രതിനിധീകരിക്കുന്ന മെമ്പർമാരെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള കാര്യം പാർലമെന്ററി പാർട്ടി അംഗം ശ്രദ്ധിച്ചോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ചോദ്യം എനിക്ക് മനസ്സിലായി. അതുകൊണ്ടു തന്നെയാണ് ഞാൻ പറഞ്ഞത് കീഴ്വഴക്കമൊന്നും ലംഘിക്കുന്നില്ല നിങ്ങളുണ്ടാക്കിയ കീഴ്വഴക്കം ഇപ്പോഴും തുടരുകയാണ്.

ശ്രീ. കെ. ബാബു: ഇപ്പോൾ ശ്രീ. എ. സി. ഷൺമുഖദാസിനും ഡോ. കെ.സി. ജോസഫിനും ബാക്കിയുള്ളവർക്കും വേണ്ടി വാദിച്ച ശ്രീ. കെ.പി. രാജേന്ദ്രൻ ഇവരെ രണ്ടുപേരേയും ഇടതുമുന്നണിയിൽ ചേർത്തിട്ടില്ല എന്നുള്ള കാര്യം അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവരെ ഇടതുമുന്നണിയിൽ ചേർത്തിട്ടില്ല എന്നുമാത്രമല്ല വരാൻ പോകുന്നത് ഇവരെ ജാമ്യത്തിലെടുക്കാൻ യു. ഡി. എഫ് ഇറങ്ങേണ്ടി വരും എന്നതാണ്. അതാണല്ലോ മഹാരാഷ്ട്രയിലും പള്ളത്തും കാണുന്നത്? ശ്രീ. എ. സി. ഷൺമുഖദാസേ നിങ്ങളെ ഞങ്ങൾ ജാമ്യത്തിലെടുക്കും. ഭരണഘടനയെത്തന്നെ ചോദ്യം ചെയ്യുന്ന രൂപത്തിലുള്ള ഒരു പ്രമേയമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. കെ. സി. വേണുഗോപാൽ: ഈ പ്രമേയത്തിന്റെ അടിസ്ഥാനം നേരത്തെ സൂചിപ്പിക്കപ്പെട്ടതുപോലെ രാഷ്ട്രീയ കസേരകൾ നേടാമെന്ന വ്യാമോഹമല്ലേയെന്ന് അങ്ങേയ്ക്ക് അറിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇനി ഇപ്പോൾ ഏതാണ്ട് രക്ഷയില്ലാത്ത സ്ഥിതിയായി. അതുകൊണ്ട് ഞാൻ പറയുന്നു വ്യാമോഹത്തിൽ കുടുങ്ങിയ അവരുടെ വേദന ഞാൻ മനസ്സിലാക്കുകയാണ്. വലിയ ഒരു പ്രതീക്ഷയാണ് ഇവിടെവച്ചിരിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ജ്ഞാനപ്പാനയിലെ ഒരു വരിയുണ്ട്.

"സ്ഥാനമാനങ്ങൾ ചൊല്ലികലഹിച്ചു
നാണംകെട്ട് നടക്കുന്നു ചിലർ"

അതുപോലെയാണ് നമ്മുടെ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ സ്ഥിതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: യഥാർത്ഥ നാണംകെട്ടവർ അപമാനിതരായി പോകും. അതുകൊണ്ട് നാണംകെട്ടവരുമായി ഉപമിക്കരുത്. അതിനേക്കാൾ എത്രയോ താഴെയാണ് ഇവർ. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണന് ജീവനുംകൊണ്ട് ഓടിപ്പോകണമെന്നതാണ് മനോവിചാരം. ഉളിയും കൊട്ടുവടിയും കിട്ടിയിരുന്നെങ്കിൽ സ്ഥലംവിടാമായിരുന്നു എന്നുകരുതുന്ന പണിക്കാരന്റെ ഇരുപ്പാണ് അങ്ങയുടെ ഇരുപ്പെന്ന് എനിക്കറിയാം.

ശ്രീ. പി. ടി. തോമസ്: ബഹുമാന്യനായ സ്പീക്കർ വക്കം പുരുഷോത്തമനെ സ്പീക്കർ സ്ഥാനത്തു നിന്നും മാറ്റണമെന്നുള്ളതാണല്ലോ ഇവിടത്തെ വിഷയം. ജയകൃഷ്ണൻ മാസ്റ്ററുടെ കൊലക്കേസിലെ പ്രതികളെ ശിക്ഷിച്ചവർക്ക് പിൻതുണ പ്രഖ്യാപിച്ചവരാണ് ശ്രീ. കോടിയേരിയടക്കമുള്ളവരെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇതൊക്കെ നടന്നാലും നമ്മുടെ ശ്രീ. കോടിയേരിയല്ലേ, തിരുമുമ്പോൾ ഒരു മാർദ്ദവം വേണ്ടേ. അതുകൊണ്ട് ഞാൻ മാർദ്ദവത്തിൽ പറഞ്ഞെന്നേയുള്ളൂ. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. നിയമസഭയുടെ അന്തസ്സിനുപോലും നിരക്കാത്തതാണ് ഈ പ്രമേയം. അതുകൊണ്ട് ഇത് നിരാകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ആർ. എസ്. പി.-യുടെ പഞ്ചായത്ത് മെമ്പറായി കോൺഗ്രസ് രാഷ്ട്രീയം വഴി വിവിധ സ്ഥാനങ്ങൾ അലങ്കരിച്ച സ്പീക്കർ പദവിയിലിരിക്കുന്ന ശ്രീ. വക്കം പുരുഷോത്തമന്റെ വിശ്വസ്തതയിൽ ആദ്യം ഒരു സംശയം പ്രകടിപ്പിച്ചത് കെ. പി. സി സി പ്രസിഡന്റ് ശ്രീ. കെ. മുരളീധരനും തലമൂത്ത കോൺഗ്രസ് നേതാവ് ശ്രീ. കെ. കരുണാകരനുമാണ്. ഈ സ്പീക്കറെ വിശ്വസിക്കാൻ കഴിയുമോ; എങ്ങനെ ഈ സ്പീക്കറെ സഹിക്കുന്നു എന്ന് പുറത്ത് പറഞ്ഞത് നിങ്ങളുടെ നേതാവ് തന്നെയാണ്. ശ്രീ. കെ. കരുണാകരൻ കഴിഞ്ഞ ദിവസവും പറഞ്ഞു. തെരഞ്ഞെടുക്കപ്പെട്ടുവരുന്ന പ്രതിനിധികൾ ഈ സഭയിൽ വായ് തുറക്കുന്നതുതന്നെ സ്പീക്കറുടെ ഔദാര്യം കൊണ്ടു മാത്രം ആണെന്നാണ് അദ്ദേഹം സങ്കൽപ്പിക്കുന്നത്. അംഗസംഖ്യ കുറഞ്ഞ

പാർട്ടികളേയും അതിന്റെ പ്രതിനിധികളേയും പീഡിപ്പിക്കുന്ന സമീപനമാണ് ഈ സ്പീക്കറിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതായത് ഞാൻ ആദ്യം സൂചിപ്പിച്ചത് ആർ. എസ്. പി.-ക്കാരനായി തുടങ്ങി, ഒരു ചെറിയ പാർട്ടിയുടെ പ്രവർത്തകനായി തുടങ്ങി വലിയ പാർട്ടിയുടെ അംഗമായപ്പോൾ ചെറിയ പാർട്ടികളെ പിച്ചിച്ചീന്തുന്ന നയമാണ് ഇന്ന് ബഹുമാന്യനായ സ്പീക്കർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ചെറിയ പാർട്ടിയിലുള്ള അംഗങ്ങളെ വായ് തുറക്കാൻ അനുവദിക്കാത്ത സ്പീക്കറാണ്. ഉരുക്കു മനുഷ്യനാണെന്നാണ് ഇവിടെ നേരത്തേ സൂചിപ്പിച്ചത്. ആ ഉരുക്കു മുഷ്ടികൊണ്ട് അടിച്ചമർത്തുന്നതല്ല ഈ പാവനമായ നിയമസഭ എന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. സ്പീക്കർ എന്ന പദവി എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ളതിനെ സംബന്ധിച്ച് പ്രമേയം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിശദമായി കുറേ ഉദാഹരണങ്ങൾ പറഞ്ഞുകൊണ്ട് അത് ന്യായീകരിക്കാൻ ശ്രമിക്കുകയുണ്ടായി. അതിനെ എതിർത്തുകൊണ്ട് അപ്പുറത്തു നിന്നും ശ്രീ. ആര്യാടൻ മുഹമ്മദ് മുതൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വരെയുള്ള സുഹൃത്തുക്കൾ സംസാരിച്ചതിൽ സ്പീക്കർ എങ്ങനെയായിരിക്കണം എന്നുള്ളത് പറഞ്ഞതല്ല, തികച്ചും രാഷ്ട്രീയക്കാരനായി ശ്രീ. വക്കം പുരുഷോത്തമൻ മാറണം. മാറിയതിൽ തെറ്റില്ല എന്നുള്ളതിനെ ന്യായീകരിക്കുകയാണുണ്ടായത്. ഗാന്ധിജിയെ എന്നേ മറന്നു. അതുപോലെതന്നെ നിങ്ങൾ പണ്ഡിറ്റ്ജിയേയും മറന്നതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. നിങ്ങൾക്ക് എന്തുകൊണ്ടും പറ്റിയ ആൾ തന്നെയാണ് ശ്രീ. വക്കം പുരുഷോത്തമൻ എന്ന് നിങ്ങളുടെ എല്ലാ തരത്തിലുമുള്ള വിശദീകരണങ്ങൾ കൊണ്ടും മനസ്സിലായി. അപ്പോൾ കൂടുതലൊന്നും തന്നെ എനിക്ക് സംസാരിക്കേണ്ടി വരുന്നില്ല. കാരണം, അവസാനമായി ശ്രീമതി ഗൗരിയമ്മയെപ്പറ്റിയാണ് ഒരു രോദനം കേട്ടത്. മുൻ ഗവൺമെന്റ് അവരെ പുറകിൽ ഇരുത്തിക്കളഞ്ഞു എന്ന്.

[1 P.M.]

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): ഞാൻ പുറകിൽ ഇരുന്നതൊക്കെ ശരി. നിങ്ങൾ ഇപ്പോൾ മുൻപിലിരിക്കുന്നു. ഒരു മെമ്പർ നിയമസഭയിൽ വോട്ടു ചെയ്താൽ ആ വോട്ട് അനുവദിക്കാത്ത സ്പീക്കറെക്കുറിച്ച് എന്താണ് പറയുക? ഒടുവിൽ ഞാൻ സത്യാഗ്രഹം ചെയ്യും എന്ന് പറഞ്ഞിട്ടാണ് മൂന്നാം ദിവസം എന്റെ വോട്ട് അംഗീകരിച്ചത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇവിടെ ഇല്ലാത്ത ഒരു മാന്യ മെമ്പറെ സംബന്ധിച്ച് എന്റെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മുഖവിലയ്ക്ക് എടുക്കാൻ കഴിയാത്തതിൽ എനിക്ക് ഖേദമുണ്ട്. മുൻ സ്പീക്കറെ സംബന്ധിച്ചാണല്ലോ ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞത്. അതിനെക്കുറിച്ച് മറുപടി പറയാൻ അദ്ദേഹം ഇവിടെയില്ലല്ലോ? സാമാന്യ മര്യാദയുള്ളവർ. അങ്ങനെ പ്രതിപാദിക്കാറില്ല. അതുകൊണ്ട് പറഞ്ഞു എന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നിങ്ങൾ ചോദ്യങ്ങളും കാര്യങ്ങളും പറഞ്ഞു വന്ന് അതിൽ നിന്നും ഊരരുത്. നിങ്ങൾ ഗാന്ധിജിയേയും പണ്ഡിറ്റ്ജിയേയും എല്ലാം ഉപേക്ഷിച്ച് ഇന്ന് തൊഗാഡിയാമാരുടേയും അതേപോലുള്ള എൻ. ഡി. എഫ്. നേതാക്കന്മാരുടേയും കൂടെ കൂടിയതുകൊണ്ട് ഗാന്ധിജിയെ മറക്കുന്നതോ പണ്ഡിറ്റ്ജിയെ മറക്കുന്നതോ ഒരു അത്ഭുതമായിട്ട് ഞാൻ കാണുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചതിനുശേഷം ശ്രീ. ആര്യാടൻ മുഹമ്മദ് തുടങ്ങിയതു തന്നെ ശ്രീ. വക്കം പുരുഷോത്തമനെ ഉയർത്തിക്കാണിച്ചു കൊണ്ടാണ്. അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. എങ്ങനെയാണ് ഇവിടെ സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ ഞങ്ങളോട് പെരുമാറിയിട്ടുള്ളതെന്ന് ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണനും സംസാരിച്ചു. എല്ലാ മെമ്പർമാരും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ വിവരിച്ചു. ആ വസ്തുതകൾ സത്യമാണെന്ന് നിങ്ങൾക്കറിയാം. നിങ്ങൾക്ക് വേണ്ടത് മുട്ടാപ്പോക്ക് രാഷ്ട്രീയമാണ്. അത് നടപ്പിലാക്കുന്നതിന് പറ്റിയ ഒരു സ്പീക്കറെ നിങ്ങൾക്ക് വേണം. അതിന് പലപ്പോഴും അദ്ദേഹം ഉപകാരിയായിരുന്നിട്ടുണ്ട്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബലഹീനനായ ഒരു സ്പീക്കറെയാണ് നിങ്ങൾക്ക് വേണ്ടത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ചോദ്യം ചോദിക്കാനായിരുന്നോ എഴുന്നേറ്റത്? ഞാൻ അത്ഭുതപ്പെട്ടു പോയി. പ്രഖ്യാപനം നടത്താനാണെന്ന് മനസ്സിലായില്ല. ഞങ്ങൾ കുറച്ച് ആളുകളേയുള്ളൂ. കുറച്ച് ആളുകൾക്ക് സാമാന്യമായ അവകാശങ്ങൾ ലഭിക്കുമെന്നുള്ള നിലയിൽ ഞങ്ങൾ ആദ്യം മുതൽ തന്നെ ബിസിനസ് അഡ്വൈസറി യോഗത്തിലും മറ്റ് യോഗങ്ങളിലും എല്ലാം തന്നെ ജനാധിപത്യപരമായ നിലയിൽ ഞങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും പുറപ്പെടുവിച്ചു. ഈ സഭയിൽ ജനങ്ങളുടെ പ്രശ്നങ്ങൾ ജനാധിപത്യപരമായിട്ട് ഉന്നയിക്കാനും കൈകാര്യം ചെയ്യാനുമാണ് ഞങ്ങൾ ശ്രമിച്ചു പോരുന്നത്. അതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ നിങ്ങൾ പറഞ്ഞുതന്നാൽ അത് സ്വീകരിക്കുന്നതിൽ ഞങ്ങൾക്ക് കുറച്ചിലില്ല. അപ്പോൾ ഞങ്ങൾ അങ്ങനെ സ്വീകരിച്ചുവന്നു. ഏതായാലും പൂട്ടികെട്ടിയിരിക്കുന്ന ഒരു വിഭാഗത്തിന്റെ ശബ്ദം ഇപ്പോൾ ഇവിടെ നിങ്ങളിൽക്കൂടി ഞങ്ങൾ കേട്ടു. അത് ശരിയായ ശബ്ദമാണെന്ന് ഞങ്ങൾക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. കാരണം അവരുടെ അഭിപ്രായങ്ങൾ മുമ്പ് ഉണ്ടായിരുന്നതിൽനിന്ന് ഇപ്പോൾ മാറി ചിലർ നിങ്ങളുടെ കൂടെ വന്നു എന്നുള്ളതുകൊണ്ട് നിങ്ങൾ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് വേണമെങ്കിൽ ധരിപ്പിക്കാം. എന്നിരുന്നാലും വലിയയൊരു വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ ഈ സമീപനത്തെ അനുകൂലിക്കാതെ തന്നെ ശക്തമായ നിലയിൽ നിൽക്കുന്നുണ്ട് എന്ന സത്യം നിങ്ങൾ മറക്കുന്നില്ല. എങ്ങനെയെന്നാൽ എന്റെ സ്നേഹിതൻ, മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഇപ്പോഴും ഭിന്നവിഭാഗത്തോട് എടുത്തുകൊണ്ടിരിക്കുന്ന സമീപനം ഈ നാട്ടിലെ പത്രങ്ങളിൽക്കൂടി ജനങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ മുന്നണിയിലെ രണ്ടാമത്തെ പാർട്ടിയായ മുസ്ലീംലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറി മുതൽ കോൺഗ്രസിലെ പ്രശ്നങ്ങൾ വന്നതിനുശേഷം എങ്ങനെയാണ് ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളതും നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ സത്യമെല്ലാം നിങ്ങൾ ഇപ്പോൾ വിസ്മരിച്ചുകൊണ്ട്, അതുംകൂടി കണ്ടുകൊണ്ടാണ് ഞങ്ങൾ ഈ പ്രമേയം കൊണ്ടുവന്നത് എന്നും അല്ലെങ്കിൽ ഞങ്ങൾ പ്രമേയമേ കൊണ്ടുവരില്ല എന്നുമുള്ള ഒരു സൂചന നിങ്ങൾ ഇവിടെ അഭിപ്രായ പ്രകടനങ്ങളിൽ കൊണ്ടുവന്നു. നിങ്ങൾ തമ്മിൽ തല്ലുമ്പോൾ അത് പ്രയോജനപ്പെടുത്തരുത് എന്നാണ് നിങ്ങളുടെ അവകാശവാദം. അങ്ങനെയാണെങ്കിൽ ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന മണ്ടൂസൻമാർ എന്തിനാണ് പ്രതിപക്ഷമായിട്ടിരിക്കുന്നത്? നിങ്ങളുടെ ഭിന്നത എത്ര ചെറുതാണെങ്കിലും പ്രതിപക്ഷം ഉപയോഗിക്കും; നിങ്ങളാണെങ്കിലും ഉപയോഗിക്കും. അതിൽ സംശയമില്ല. അപ്പോൾ അത് ഒരു കുറച്ചിലായിട്ടും മഹാകാര്യമായിട്ടും പറഞ്ഞ് രക്ഷപ്പെടാം എന്നുവിചാരിക്കരുത്. ഇപ്പോൾ നിങ്ങൾക്ക് എൻ. ഡി. എ. ഗവൺമെന്റിനോട് മാനസികമായി വളരെ ആരാധനാ മനോഭാവമല്ലേയുള്ളത്? ഇപ്പോൾ വില്ലാളി വീരൻമാരായി ഞങ്ങളുടെ നേരെ നിങ്ങൾ മുഷ്ടിചുരുട്ടുകയാണ്. ചുരുട്ടിക്കോ, ചുരുട്ടിക്കോ. ഏതായാലും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള തെരഞ്ഞെടുപ്പിന്റെ കാലമൊക്കെ കഴിഞ്ഞിട്ട് പിന്നെയും നാളുകൾ പിറക്കുന്നതാണ്. നമുക്കെല്ലാം കാണാവുന്നതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം യു. ഡി. എഫ്.-നെതിരായിട്ട് നാലാളുവരുന്നുണ്ടോ എന്ന് നോക്കാതെ തന്നെ ഈയുള്ള നാൽപ്പതു പേരെ വച്ചുകൊണ്ട് ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാക്കാൻ കഴിഞ്ഞില്ലേ? ശ്രീ. എ. കെ. ആന്റണി നേതൃത്വം നൽകുന്ന ഗവൺമെന്റിന് എതിരായി ഇതുപോലെതന്നെ ഒരു പ്രമേയം കൊണ്ടുവരാനും സാധിക്കും. അപ്പുറത്ത് ഇഷ്ടംപോലെ ആളുകൾ ഇല്ലേ? ഞങ്ങൾ തോൽക്കും; സംശയമില്ല. ബഹുമാനപ്പെട്ട സ്പീക്കറെ സംബന്ധിച്ച് ഇപ്പോൾ മാത്രമല്ല, ആറാറ് മാസം കൂടുമ്പോഴെല്ലാം ഇതേപോലെയുള്ള കാര്യങ്ങൾ ചെയ്യുക.....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: What is your Point of Order?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ആർട്ടിക്കിൾ 180-ഉം 181-ഉം വളരെ ക്ലിയറാണ്. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരെ റിമൂവ് ചെയ്യുന്ന ഒരു മോഷൻ വന്നാൽ അതിനകത്ത് പറഞ്ഞ ഒന്ന്, രണ്ട്, മൂന്ന്, നാല് കാര്യങ്ങളെ കുറിച്ചല്ലാതെ മറ്റ് യാതൊന്നും പറയാൻ പാടില്ല. അങ്ങനെ വയ്ക്കാനുള്ള കാരണം സ്പീക്കർക്ക് ഇതിന് മറുപടി പറയാനുള്ള അവസരമുണ്ട്. പൊളിറ്റിക്കലായിട്ടുള്ള കാര്യങ്ങൾക്ക് സ്പീക്കർക്ക് മറുപടി പറയാൻ പറ്റില്ല. അതുകൊണ്ട് ശക്ധർ ആന്റ് കൗൾ എടുത്തു നോക്കിയാൽ, മൗലങ്കറെ റിമൂവ് ചെയ്യാൻ മോഷൻ വന്നപ്പോൾ ഡെപ്യൂട്ടി സ്പീക്കർ ആദ്യമായി തന്നെ പറഞ്ഞത് ഇതിനകത്തുള്ളതല്ലാതെ മറ്റു കാര്യങ്ങൾ പറയാൻ പാടില്ല എന്നാണ്. ഈ കാര്യങ്ങൾക്കൊന്നും മറുപടി പറയാൻ സ്പീക്കർക്ക് കഴിയില്ല. അതുകൊണ്ട് ഇതനുവദിക്കാൻ പാടില്ല. ഇത് റൂളിന് എതിരാണ്; കീഴ്വഴക്കത്തിനെതിരാണ്, ശക്ധർ ആന്റ് കൗളിന് എതിരാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പ്രതിപക്ഷ നേതാവിനറിയാം, അദ്ദേഹം അതിനകത്ത് നിന്ന് സംസാരിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ സൗജന്യത്തോടുകൂടി ഒരു ആറ്, എട്ട് മിനിട്ട് നേരത്തെ തന്നെ എടുത്തതാണ്. പ്രതിപക്ഷത്തിന് ഏതാണ്ട് ആറോ, എട്ടോ മിനിട്ട് നിങ്ങൾ കുറച്ചാണ് നൽകിയത്. അത് എന്തും ആയിക്കൊള്ളട്ടെ, ഞങ്ങൾ അതിനെപ്പറ്റിയൊന്നും ആക്ഷേപം ഉന്നയിക്കുന്നില്ല. ഞങ്ങൾക്ക് ന്യായമായി പറയാനുള്ള കാര്യങ്ങൾ പ്രതിപക്ഷ ബഞ്ചിൽ നിന്നുള്ള ആളുകൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഞാൻ അതിൽ നിന്നും കൂടുതലായി ഒന്നും പറയുന്നില്ല. അപ്പുറത്തിരിക്കുന്ന എന്റെ സുഹൃത്തുക്കൾ ഇതിനെ പ്രതികരിച്ചുകൊണ്ട് സംസാരിച്ചതിനെ സംബന്ധിച്ച് മാത്രമേ എനിക്ക് പറയാൻ ഉണ്ടായിരുന്നുള്ളൂ. അതെല്ലാം തന്നെ ഞാൻ സാമാന്യേന പറഞ്ഞുകഴിഞ്ഞു. ഞാൻ ഇനി ദീർഘിപ്പിക്കുന്നില്ല. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സ്പീക്കർ,

മി. സ്പീക്കർ: മി. ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സ്പീക്കറെ നീക്കം ചെയ്യാനുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചതും പ്രതിപക്ഷ നേതാവ് സംസാരിച്ചതും അതുപോലെ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് മറ്റംഗങ്ങൾ സംസാരിച്ചതും എല്ലാം ഞാൻ വളരെ സശ്രദ്ധം കേൾക്കുകയായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എഴുതി തന്ന പ്രമേയത്തിലെ ആരോപണങ്ങൾ എല്ലാം സഭയ്ക്ക് പുറത്തുള്ള കാര്യങ്ങളായിരുന്നു. ഒരു സ്പീക്കർ എന്ന നിലയിൽ സഭയ്ക്കകത്ത് ഞാൻ സ്വീകരിച്ച ഒരു നടപടിയെക്കുറിച്ച് ഒരു ആരോപണവും ഇല്ലായിരുന്നു. മാത്രമല്ല അങ്ങനെ ഒരു ആരോപണം വരേണ്ട കാര്യവും ഇല്ല. കഴിഞ്ഞ സമ്മേളനം അവസാനിപ്പിച്ചത് ആഗസ്റ്റ് 14-ാം തീയതിയാണ്, അഞ്ച് മാസം കഴിഞ്ഞു, ആറു മാസം ആകാൻ പോകുന്നു. അന്ന് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

പിരിഞ്ഞത് വളരെ സൗഹാർദ്ദപരമായ ഒരു അന്തരീക്ഷത്തിലാണ്. ആ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ പറഞ്ഞതുമാണ്. അപ്പോൾ എന്നെപ്പറ്റി ഒരു പരാതിയും ഇല്ലായിരുന്നു. അതുകഴിഞ്ഞ് അടുത്ത സഭ കൂടുന്നതിനു മുമ്പുതന്നെ, സഭ ഇല്ലാതിരുന്ന അവസരത്തിൽ തന്നെ എനിക്കെതിരായി എന്നെ നീക്കം ചെയ്യേണ്ട പ്രമേയം കൊണ്ടുവന്നതിന്റെ കാരണം എന്താണെന്ന് ഞാൻ എത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. ഞാൻ 100 ശതമാനം സഭയ്ക്കകത്ത് നിഷ്പക്ഷനായി പ്രവർത്തിച്ചിട്ടുണ്ട് എന്ന് എനിക്ക് എവിടെ വേണമെങ്കിലും സത്യംചെയ്യാൻ കഴിയും. ഒരു കാര്യം ഇന്ന് എനിക്ക് മനസ്സിലായി. ഏതൊരു സ്പീക്കർ ആയിരുന്നാലും, എത്ര നിഷ്പക്ഷനായിരുന്നാലും രാഷ്ട്രീയത്തിൽ അതെല്ലാം മാഞ്ഞുപോകും. രാഷ്ട്രീയ എതിരാളികൾ എപ്പോഴും അതിനെ എതിർക്കും എന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി. വളരെ നിഷ്പക്ഷനായി പെരുമാറാൻ ഞാൻ ശ്രമിച്ചു. ഇവിടെ വരുന്നതുവരെയുള്ള എന്റെ ധാരണ സഭയ്ക്കകത്ത് എന്തെല്ലാം ബഹളം ഉണ്ടാക്കിയാലും എന്റെ നിഷ്പക്ഷതയെക്കുറിച്ച് നൂറു ശതമാനം പ്രതിപക്ഷാംഗങ്ങൾക്ക് ബോദ്ധ്യമുണ്ട് എന്നാണ് ഇത്രയും വലിയ നിഷ്പക്ഷനായിട്ട് ഒരു കാര്യവുമില്ല എന്ന് ഈ പ്രസംഗങ്ങൾ കേട്ടപ്പോൾ ഇന്ന് എനിക്ക് മനസ്സിലായി. എത്ര നിഷ്പക്ഷനായാലും അത് അംഗീകരിക്കില്ല എന്ന് എനിക്ക് മനസ്സിലായി. നേരത്തെ ഇവിടെ സംസാരിച്ച സുഹൃത്തുക്കൾ ആദ്യമായി ഞാൻ ഈ സഭയിൽ സ്വീകരിച്ച നിലപാടുകളെക്കുറിച്ച് ചില ആരോപണങ്ങൾ പറയുകയുണ്ടായി. ഞാൻ അത്ഭുതപ്പെടുകയാണ്. എന്റെ യുവ സുഹൃത്ത് ശ്രീ. കെ. പി. മോഹനൻ പറഞ്ഞു, അദ്ദേഹത്തിന് സബ്മിഷനും, കാളിംഗ് അറ്റൻഷനും കൊടുക്കുന്നില്ല, എന്ന്. അദ്ദേഹത്തിന്റെ പാർട്ടി ഏത് പാർട്ടിയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. നൂറ്റി ചില്വാനം ആളുകൾ ഭരണപക്ഷത്തുണ്ട്. ഇപ്പോൾ കൂടുന്നത് ഒരു ചെറിയ സമ്മേളനമാണ്. ഭരണപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു സബ്മിഷനോ, ഒരു കാളിംഗ് അറ്റൻഷനോ തരണമെന്ന് പറഞ്ഞ് എന്റെ പുറകെ നടന്ന് എന്നെ എത്ര നിർബന്ധിച്ചിട്ടും അതിൽ പലർക്കും അത് കൊടുക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. പക്ഷെ എന്റെ യുവ സുഹൃത്തിന് ഞാൻ ഈ ചെറിയ സമ്മേളനത്തിലും, 30-ാം തീയതി ഒരു സബ്മിഷൻ കൊടുത്തതാണ്. എന്നിട്ടും അദ്ദേഹം ഇവിടെ നിന്ന് പറയുകയാണ്. മനസ്സാക്ഷിയെന്ന ഒന്നുണ്ടോ നിങ്ങൾക്ക്? മറ്റ് പല ആരോപണങ്ങളും പുതിയതായി ഇവിടെ പറഞ്ഞു. പോയിന്റ് ഓഫ് ഓർഡർ എഴുതിത്തരണമെന്ന് ശ്രീ. എം. വി. ജയരാജൻ പറഞ്ഞു. ഓർഡർ സഭയ്ക്കകത്ത് നടക്കുന്ന ബിസിനസിനെ സംബന്ധിച്ച വിഷയമാണെങ്കിൽ പോയിന്റ് ഓഫ് അപ്പോൾ ഉന്നയിക്കാം. അത് എല്ലാ ആളുകൾക്കും അറിയാം. ഇവിടെ അങ്ങനെ ഉന്നയിക്കുന്നുണ്ട്; അതിന് മറുപടി പറയുന്നുമുണ്ട്. അതിന്റെ റൂളിംഗ് കൊടുക്കുന്നുണ്ട്. പഴയ കാര്യങ്ങൾ പോയിന്റ് ഓഫ് ഓർഡർ എന്ന്പറഞ്ഞ് ഉന്നയിക്കുന്നതിനാണ് നേരത്തെ എഴുതിത്തരണമെന്ന് പറയുന്നത്. അല്ലാതെ സഭയ്ക്കകത്ത് നടന്ന കാര്യങ്ങളല്ല. അങ്ങനെയുള്ളത്, അനുവദനീയമാണോയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കണം. ഇവിടെ ഇരുന്നതിനുശേഷം എന്തെങ്കിലും എഴുതിക്കൊടുത്തയച്ചാൽ അത് വായിക്കുന്നത് എന്റെ ജോലിയല്ല. ഞാൻ സഭയെ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ നീളത്തിൽ എഴുതിക്കൊണ്ടുവരുന്നത് മുഴുവൻ ഇവിടെയിരുന്നു വായിക്കാൻ പറ്റില്ല. അതുകൊണ്ടാണ് നേരത്തെ എഴുതിത്തന്നാൽ അത് പരിശോധിക്കാം എന്ന് പറഞ്ഞത്. എത്രയെണ്ണം അനുവദിച്ചിരിക്കുന്നു. നിഷേധിച്ചത് വളരെ ചുരുക്കമല്ലേ? ഇവിടെ തന്നിട്ടുള്ളതെല്ലാം അനുവദിക്കുകയല്ലേ ചെയ്തത്? നിയമപ്രകാരം, ചട്ടപ്രകാരം അനുവദിക്കാൻ കഴിയാത്തതാണെങ്കിൽപ്പോലും അത് പറഞ്ഞിട്ട്, നിങ്ങൾ ഉന്നയിച്ചോ എന്ന് പറയുമായിരുന്നു. വളരെ ബ്രോഡ്മൈൻഡഡ് ആയിട്ട് ഞാൻ അനുവദിച്ചിട്ടും ഇതാണല്ലോ എനിക്കു കിട്ടിയ അനുഭവമെന്നു ഞാൻ ദുഃഖിക്കുകയാണ്. അടിയന്തിരപ്രമേയത്തിന്റെ കാര്യം പറഞ്ഞു, നേരത്തെ ഈ അലിഗേഷന്റെ കൂടെ 'അടിയന്തരപ്രമേയം അനുവദിക്കുന്നത്' എന്ന് എഴുതിയിരുന്നെങ്കിൽ ഞാൻ ഒരു ലിസ്റ്റ് കൊണ്ടുവരുമായിരുന്നു. ഇപ്പോൾ ഒരു സിസ്റ്റമുണ്ട്, നിയമസഭയുടെ സെഷൻ കഴിയുമ്പോൾ സെക്രട്ടറിമാർ ആ സഭയിൽ നടന്ന കാര്യങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് എല്ലാ നിയമസഭയിലേയും സെക്രട്ടറിമാർക്ക് അയയ്ക്കും. വെസ്റ്റ് ബംഗാളിൽ നിന്നും വരും. അടിയന്തിരപ്രമേയം കൊണ്ടുവന്നതിൽ പകുതിപോലും അവിടെ ഉന്നയിക്കാൻ അനുവദിച്ചിട്ടില്ല. അതിന്റെ നമ്പർ പറഞ്ഞിട്ടുണ്ട്, ഇത്രയെണ്ണം തന്നു, അതിൽ ഇത്രയെണ്ണം ഉന്നയിക്കാമെന്ന് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പകുതിപോലും അവിടെ ഉന്നയിച്ചിട്ടില്ല. കൊണ്ടുവരുന്നതെല്ലാം അനുവദിക്കാൻ പറ്റുന്നില്ല. അടിയന്തിരപ്രമേയം അനുവദിക്കത്തക്കതാണോ ഇല്ലയോ എന്നുള്ള ചട്ടമുണ്ട്. ആ ചട്ടത്തിന് വിരുദ്ധമായിട്ടും അനുവദിക്കുന്നു. എന്നിട്ടും അതിനെക്കുറിച്ച് പരാതി പറയുന്നത് കേട്ടപ്പോൾ എനിക്ക് വാസ്തവത്തിൽ സങ്കടമാണ് തോന്നിയത്. മാധ്യമപ്രവർത്തകർക്കാർക്കെങ്കിലും എന്നോട് പരാതിയുണ്ടോയെന്ന് ഇറങ്ങി ചോദിക്കണം. അവരാരും എന്നെപ്പറ്റി പരാതി പറയുകയില്ല. അവർ അത്ര മോശക്കാരല്ല. ലോകത്തിൽ ആരേയും ഭയമില്ലാത്ത ഒരു വിഭാഗമുണ്ടെങ്കിൽ അത് പത്രക്കാരാണ്. അതുകൊണ്ട് പത്രക്കാർ ആരും പറയുകയില്ല. കാരണം ഞാൻ അവരോട് വളരെ മര്യാദയായിട്ടാണ് പെരുമാറുന്നത്. അവരുടെ അവകാശങ്ങൾ മുഴുവൻ അനുവദിച്ചിട്ടുണ്ട്, അതിൽ കൂടുതൽ കൊടുത്തിട്ടുണ്ട്. പാർലമെന്റിൽ വിഷ്വൽ മീഡിയക്ക് കൊടുത്തിട്ടുള്ള ഒരു ഡയറക്ഷൻ അതേപടി കോപ്പിചെയ്ത് ഞാൻ അവർക്ക് കൊടുത്തു. അവർ അത് പാലിക്കുന്നില്ല. ഞാനത് കണ്ണടയ്ക്കുകയാണ്. പക്ഷേ അവിടെ കൊടുത്ത ആ ഡയറക്ഷൻ ഞാൻ ഇവിടേയും അതേപടി പകർത്തിക്കൊടുത്തു. അത് അവർക്ക് ഒരു തെറ്റിദ്ധാരണ വന്നു. അതുകൊണ്ടാണ് അവർ കുറച്ച് സമരങ്ങളൊക്കെ ചെയ്തത്. പക്ഷെ അവർക്കാർക്കും എന്നെപ്പറ്റി ഒരു പരാതിയും പറയാൻ കഴിയുകയില്ല എന്ന് നെഞ്ചിൽ കൈവച്ച് എനിക്ക് പറയാൻ കഴിയും. സഭയ്ക്കകത്ത് ഞാൻ ചെയ്തതായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇന്നിവിടെ ചർച്ചയ്ക്ക് എടുത്തപ്പോൾ വലിയ ബഹളമുണ്ടാക്കി,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അത്ഭുതപ്പെട്ടുപോയി. കഴിഞ്ഞ മാസം 20-ാം തീയതിയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ പ്രമേയം സെക്രട്ടറിയെ ഏൽപ്പിക്കുന്നത്. 19-ാം തീയതി ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി 6-ാം തീയതി വരെയുള്ള പരിപാടികൾ ഫൈനലൈസ് ചെയ്തു. അത് 20-ാം തീയതി ബി. എ. സി. റിപ്പോർട്ടായി ഇവിടെ അവതരിപ്പിച്ച് പാസ്സാക്കി. പാസ്സാക്കിക്കഴിഞ്ഞ ഉടനെ സ്പീക്കറെ നീക്കാനുള്ള പ്രമേയം വന്നു. അന്ന് അത് എടുക്കാതിരിക്കാം, എടുക്കാതിരിക്കണമെന്നുള്ള തായിരുന്നു ഉദ്ദേശ്യമെന്ന് ഞാൻ സംശയിക്കുകയാണ്. കാരണം 20-ാം തീയതി തന്നാൽ 14 ദിവസം കഴിഞ്ഞിട്ടേ ഇത് എടുക്കാൻ ഒക്കുകയുള്ളൂ. ചില പത്രങ്ങൾ, രാഷ്ട്രീയക്കാർ, ചില ബുദ്ധിജീവികൾ റൂൾ വേവ് ചെയ്ത്, ഇത് അപ്പോഴേ എടുക്കേണ്ടതായിരുന്നു എന്ന് പറയുകയും എഴുതുകയും ചെയ്തു. റൂൾ അനുസരിച്ചുള്ള ഏത് ചട്ടവും നമുക്ക് വേവ് ചെയ്യാം. ഇവിടെ റൂൾ വേവ് ചെയ്യുന്നതിനെക്കുറിച്ചുപോലും തർക്കം പറഞ്ഞത് ഞാൻ അകത്തിരുന്നു കേട്ടു. ഏത് റൂളും ഈ ഹൗസിന് വേവ് ചെയ്യാം. ഒരു സംശയവും ആർക്കും വേണ്ട. പ്രൊസിഡ്യൂവറിൽ ഉള്ള ഏത് റൂൾ വേണമെങ്കിലും ഈ സഭയ്ക്ക് വേവ് ചെയ്യാം. പക്ഷേ ഇത് Constitutional provision ആണ്. ആ Constitutional provision at least 14 ദിവസം കഴിഞ്ഞതിനുശേഷം മാത്രമേ എടുക്കാവൂ എന്നാണ് പറയുന്നത്. അപ്പോൾ അതിനുമുൻപ് എടുക്കാൻ കഴിയുകയില്ല. 14 ദിവസം കഴിയുന്ന ദിവസമെന്നു പറയുന്നത് ഇന്നാണ്. ഞാൻ ഒരു ദിവസം പോലും താമസിപ്പിച്ചില്ല. 14 ദിവസം കഴിയുന്ന ഇന്നുതന്നെ അതെടുക്കണമെന്ന് ഞാൻ പറഞ്ഞു, അതല്ലെങ്കിൽ അത് കഴിഞ്ഞതിനുശേഷം ഇനി രണ്ടു ദിവസമേയുള്ളൂ. ഇപ്പോൾ എടുക്കാൻ പറ്റുകയില്ല എന്ന് എനിക്ക് പറയാം. 20 പേരുടെ പിന്തുണ ഉണ്ടെങ്കിൽ 10 ദിവസത്തിനകം എടുത്താൽ മതിയെന്നാണ് റൂളിൽ പറയുന്നത്. അപ്പോഴും ഇത് എടുക്കാതിരിക്കാം. പക്ഷേ അങ്ങനെ ഒളിച്ചോടാൻ ഞാൻ ആഗ്രഹിച്ചില്ല. രാഷ്ട്രീയപ്രേരിതമായിട്ടാണെങ്കിലും ഇങ്ങനെ കൊണ്ടുവന്ന പ്രമേയം ഇവിടെ ചർച്ച ചെയ്യണമെന്നും ഞാൻ ആഗ്രഹിച്ചു. അതുകൊണ്ടു തന്നെയാണ് ഞാൻ ഇത് 9-ാം തീയതിയിലേക്ക് വച്ചത്. 6-ാം തീയതിവരെയുള്ള കാര്യപരിപാടികൾ ഫൈനലൈസ് ചെയ്ത് പാസ്സാക്കിയതാണ്. അതുകൊണ്ട് ഏറ്റവും അടുത്ത ദിവസം 9-ാം തീയതി വച്ചപ്പോൾ ഒരു ആരോപണമുണ്ടായി. ഞാൻ, മാർക്സിസ്റ്റ് പാർട്ടിയെ വളരെ inconvenient ആക്കുന്ന ഒരു ദിവസം വച്ചുകളഞ്ഞു എന്ന്. ഒരു എം. എൽ. എ.-യുടെ പുത്രന്റെ കല്യാണദിവസമാണ് അന്ന്. എനിക്കും വേദനയുണ്ട്. ഞാനും ആ കല്യാണത്തിന് പോകാനിരുന്നതാണ് എന്ന് അവരോട് പറഞ്ഞതാണ്. പക്ഷേ വേറെ ദിവസമില്ലാത്തതുകൊണ്ട് വച്ചു. എനിക്ക് എതിരായിട്ടുള്ള പ്രമേയമെടുക്കണമെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ ഒരു മിനിട്ടുപോലും ആ കസേരയിൽ കയറിയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അതിന്റെ തീരുമാനമെടുത്തതിനുശേഷം മതി ഇനി ആ കസേരയിൽ കയറുന്നത് എന്നുള്ളതായിരുന്നു. എന്റെ ആഗ്രഹം. ഞാൻ അറിയാതെയാണെങ്കിലും നിങ്ങൾക്ക് എന്നോട് സ്നേഹമില്ലെങ്കിലും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹിക്കുന്ന പ്രതിപക്ഷ ബഞ്ചിലുള്ള ഒരു എം. എൽ. എ.-യുടെ മകന്റെ കല്യാണത്തിന് മറ്റുള്ളവർക്ക് അസൗകര്യം ഉണ്ടാക്കുന്ന ഒരു തീരുമാനമെടുത്തതിലുള്ള എന്റെ വേദന മാറ്റണം. അതുകൊണ്ടാണ് അന്ന് സിറ്റിംഗ് വേണ്ട ഇന്നുതന്നെ അത് എടുക്കാമെന്ന് ഞാൻ പറഞ്ഞത്. അതിനെ എതിർത്തതിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. എന്ത് കാര്യത്തിന് എതിർത്തു എന്ന് ഞാൻ എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. എനിക്കെതിരായി എഴുതിത്തന്ന ആരോപണങ്ങളെക്കുറിച്ച് മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ഒരു രാഷ്ട്രീയപാർട്ടിയുടേയും ഗ്രൂപ്പിന്റേയും വക്താവായി ഞാൻ പ്രവർത്തിക്കുന്നു, അഞ്ചാം ഗ്രൂപ്പിന്റെ നേതാവായി സ്വയം പ്രഖ്യാപിക്കുകയുണ്ടായി എന്നതാണ്. ഞാൻ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ ഞാൻ ഗ്രൂപ്പിന്റെ നേതാവാണെന്ന്? പറഞ്ഞില്ലെന്നുമാത്രമല്ല, ഞാൻ എല്ലാ ഗ്രൂപ്പുകാരേയും എതിർക്കുകയാണ് ചെയ്തത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിവരെ ഉൾക്കൊള്ളുന്ന ഒരു ഗ്രൂപ്പിന്റെ ആൾ ആണെന്നാണ് വയ്പ്. അദ്ദേഹത്തെപ്പോലും ഞാൻ എതിർക്കുകയാണ് ചെയ്തത്. ഗ്രൂപ്പാണ് എന്റെ പാർട്ടിയെ നശിപ്പിക്കുന്നത് എന്നാണ് ഞാൻ ആവർത്തിച്ചുപറഞ്ഞത്, ആ ഗ്രൂപ്പ് ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അത് ഈ രാജ്യത്തിനുതന്നെ അപകടകരമാണ്. ഗ്രൂപ്പിസം രാഷ്ട്രീയ പ്രസ്ഥാനത്തിനുതന്നെ അപകടകരമാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് അപകടമുണ്ടായാൽ അത് സംസ്ഥാനത്തിനു തന്നെ അപകടമാണ് എന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ഞാൻ ഒരു ഗ്രൂപ്പിലും അംഗമല്ല, ഒരു ഗ്രൂപ്പിന്റേയും അംഗമാകുകയുമില്ല. പലരും എന്റെ അടുത്തുവന്നു പറഞ്ഞു. പക്ഷെ ഞാൻ അതിനോട് യോജിക്കുന്നില്ല. മറ്റൊരു ആരോപണം 2003 സെപ്റ്റംബർ 23-ാം തീയതി എറണാകുളം ലോക്സഭാ മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ മൽസരിച്ച കോൺഗ്രസ് സ്ഥാനാർത്ഥി ശ്രീ. എം. ഒ. ജോൺ തന്റെ കൂടി സ്ഥാനാർത്ഥിയാണെന്നും താനുമായി ആലോചിച്ചാണ് ശ്രീ. എം. ഒ. ജോണിനെ സ്ഥാനാർത്ഥിയാക്കിയതെന്നും ഞാൻ പരസ്യപ്രസ്താവന നടത്തി എന്നതാണ് ശ്രീ. എം. ഒ. ജോൺ എന്റെ സ്ഥാനാർത്ഥിയാണെന്ന് ഞാൻ ആരോടും പറഞ്ഞിട്ടില്ല, പക്ഷെ ഒരു കാര്യം സത്യമാണ്, എറണാകുളത്തെ സ്ഥാനാർത്ഥി നിർണ്ണയത്തെക്കുറിച്ച് പാർട്ടിയിൽ അഭിപ്രായവ്യത്യാസം വന്നു, അതെല്ലാം നിങ്ങൾക്കറിയാം. അപ്പോൾ ആരാണ് നല്ല സ്ഥാനാർത്ഥിയെന്ന് ഒരു broader consensus അറിയാൻവേണ്ടി ഹൈക്കമാൻഡ് ശ്രമിച്ചു. ആ നിയോജക മണ്ഡലത്തിലുള്ള എല്ലാ എം. എൽ. എ.-മാരോടും ചോദിച്ചു. ആരാണ് best candidate എന്ന് അവർ അഭിപ്രായം പറഞ്ഞു. അക്കൂട്ടത്തിൽ ഞാനും അഭിപ്രായം പറഞ്ഞു. അതിൽ എന്താണ് തെറ്റ്? ഞാൻ ഒരു തെറ്റും കാണുന്നില്ല. ഞാൻ എം. എൽ. എ.-മാരെ ഫോൺചെയ്ത് ഭീഷണിപ്പെടുത്തിയെന്നാണ് എന്റെ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. എന്റെ സുഹൃത്തുക്കളായ എം. എൽ. എ.-മാരോട് ആരോടെങ്കിലും ചോദിച്ചുനോക്കൂ, ആരെയെങ്കിലും ഞാൻ ഭീഷണിപ്പെടുത്തിയിട്ടുണ്ടോയെന്ന്. മാർക്സിസ്റ്റ് പാർട്ടിയിലെ എം. എൽ. എ.-മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ പേടിയാണ്. പക്ഷേ കോൺഗ്രസിൽ അങ്ങനെ പേടിയൊന്നുമില്ല. പേടിയില്ലാത്തതുകൊണ്ടാണല്ലോ നമ്മൾ ഇപ്പോൾ അനുഭവിക്കുന്നത്. കോൺഗ്രസിൽ ഇപ്പോൾ ആർക്കും പേടിയില്ല. ആർക്കും സ്വതന്ത്രമായിട്ടു പറയാം. ആരെയെങ്കിലും അങ്ങനെ ഭീഷണിപ്പെടുത്തിയാൽ നല്ല ചുട്ട മറുപടി കൊടുക്കാൻ തന്റേടമുള്ള എം.എൽ.എ.-മാരാണ് കോൺഗ്രസിലെ എം.എൽ.എ.-മാർ. അവർക്ക് അതിൽ യാതൊരു ഭയവുമില്ല. അതിന് ചുട്ട മറുപടിയും കൊടുക്കും. അതുകൊണ്ട് ഞാൻ ആരെയും ഭയപ്പെടുത്തിയിട്ടില്ല, ഭയപ്പെടുത്തി അങ്ങനെ മയക്കാവുന്ന ആളുകളുമല്ല കോൺഗ്രസിലെ എം.എൽ.എ.-മാർ. അങ്ങനെ അവരെ under estimate ചെയ്യണ്ട. മറ്റൊന്ന് എം. എൽ. എ.-യുടെ വിലനിലവാരം ഒരു കോടി രൂപയായി ഉയർന്നുവെന്ന് ഞാൻ പറഞ്ഞുവെന്നാണ്. നൂറ് ശതമാനം തെറ്റാണ്. എന്റേതായ ഈ പ്രസ്താവന വരുന്നത് നവംബർ 28-ാം തീയതിയാണ്. 14-ാം തീയതിയിലെ മാതൃഭൂമി പത്രത്തിൽ എന്താണ് പറഞ്ഞിട്ടുള്ളത്? "അതിനിടെ ഒരു എം. എൽ. എ.-യെ പിടിച്ചുകൊടുത്താൽ അരക്കോടി രൂപ നൽകാമെന്ന വാഗ്ദാനവുമായി ചില ഏജന്റുമാർ ഇറങ്ങിയിട്ടുണ്ടത്രേ. നിരക്ക് അരക്കോടിയെന്നും ഒരു കോടി രൂപ വരെ ഉയർത്തിയിട്ടുണ്ടെന്നുമാണ് ഒടുവിൽ കേട്ടത്" ദീപിക, 25-ാം തീയതി, "ബദൽ മന്ത്രിസഭയ്ക്കുള്ള കരുനീക്കം ശക്തമായിരിക്കെ എം. എൽ. എ.-മാരെ ചാക്കിടാൻ കോടികൾ വാഗ്ദാനം, 10 എം. എൽ. എ.-മാരെങ്കിലും പുതിയ നീക്കത്തിൽ ആശയക്കുഴപ്പത്തിലാണ്. ഏറ്റവും ഒടുവിൽ ഒരു എം. എൽ. എ.-ക്ക് കാലുമാറാൻ ഒരു കോടി രൂപ മുതൽ ഒന്നരക്കോടി രൂപ വരെ വാഗ്ദാനം ചെയ്തതായി അറിയുന്നു". 27-ാം തീയതിയിലെ കേരളശബ്ദത്തിൽ പറയുന്നതെന്താണെന്ന് അറിയാമോ? അതിൽ ഒരു കോടിയിൽ നിന്നൊക്കെ മുകളിൽപ്പോയി. "വിശ്വാസവോട്ടെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ എം. എൽ. എ.-മാരുടെ വില ഒരു കോടി, രണ്ട് കോടി, മൂന്ന് കോടി തുടങ്ങിയ നിലകളിലേക്ക് ഉയർന്നു കഴിഞ്ഞുവെന്നും ശ്രുതിയുണ്ട്. എം. എൽ. എ.-മാരെ ചാക്കിട്ടുപിടിക്കാൻ" .....അതങ്ങനെ? 30-ാം തീയതിയും, ഇതുപോലെ പറയുന്നുണ്ട്, "എം. എൽ. എ.-മാരുടെ വില, തങ്ങൾക്ക് കോടികളുടെ വാഗ്ദാനവും മന്ത്രിസ്ഥാനവും ഓഫർ ചെയ്യുന്നതായി പല എം.എൽ.എ.-മാരും രഹസ്യമായി പറയുന്നു. കേരള രാഷ്ട്രീയം മുൻപ് ഒരിക്കലും കണ്ടിട്ടില്ലാത്ത വൃത്തികെട്ട ....." ഇതെല്ലാം വന്നപ്പോൾ നെഞ്ചുപൊട്ടി ഞാനൊന്നു പറഞ്ഞുപോയി. അത് എം. എൽ. എ.-മാർക്ക് എതിരായിട്ടല്ല. അന്ന് നടന്ന ആ സംഭവത്തിലുള്ള വേദന കൊണ്ട് പറഞ്ഞുപോയതാണ്. എം. എൽ. എ.-മാരെ അഭിനന്ദിച്ചാണ് പറഞ്ഞത്. കോടികളുടെ വാഗ്ദാനം ഉണ്ടായിട്ടും പല സ്ഥാനവും വാഗ്ദാനം ചെയ്തിട്ടും പട്ടിണിപാവങ്ങളായ എം. എൽ. എ.-മാർ പോലും നമ്മുടെ കൂട്ടത്തിലുണ്ട്, പാവപ്പെട്ട കുടുംബത്തിൽനിന്നുള്ള എം. എൽ. എ.-മാർ പോലും നമ്മുടെ കൂട്ടത്തിലുണ്ട്. അതിൽ ഒരു എം. എൽ. എ.-യെപ്പോലും സ്വാധീനിക്കാൻ കഴിഞ്ഞില്ല എന്നതിൽ എനിക്ക് അഭിമാനമുണ്ട്, ഒരു സ്പീക്കർ എന്നുള്ള നിലയിൽ എനിക്ക് അഭിമാനമുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ഞാൻ പറഞ്ഞത്. അത് ഏത് എം. എൽ. എ.-യെ ക്ഷീണിപ്പിക്കാനാണെന്ന് എന്റെ സുഹൃത്തുക്കൾ ഒന്ന് പറഞ്ഞാൽ കൊള്ളാം. ഒരു എം.എൽ.എ.-യേയും ഞാൻ അവഹേളിച്ചിട്ടില്ല. അവഹേളിക്കുകയുമില്ല. I would be the last man. ഈ നിയമസഭയിൽ 100 ശതമാനവും ഞാൻ നിഷ്പക്ഷനായിരിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. പക്ഷേ ചട്ടങ്ങൾ പാലിക്കുന്നതിൽ കുറേ കണിശക്കാരനായിരുന്നു. ഒന്നുകൂടി എടുത്തുപറഞ്ഞാൽ കുറേ കർക്കശക്കാരനായിരുന്നു. അത് ചില പ്രതിപക്ഷാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ടെങ്കിൽ എനിക്കതിൽ ഖേദമുണ്ട്. പക്ഷേ എന്റെ ഉദ്ദേശ്യം അതല്ല. യഥാർത്ഥത്തിൽ എന്റെ ആ നിലപാട് ഗവൺമെന്റിനും പല ബുദ്ധിമുട്ടുകളും ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ അത് നിങ്ങളാരും അറിയുന്നില്ല. ചില മന്ത്രിമാർക്ക് പോലും എന്നോട് പരിഭവം ഉണ്ടാകേണ്ട സംഭവമുണ്ടായിട്ടുണ്ട്. അവരോടും ഞാൻ പറയുന്നു, അത് മനഃപൂർവ്വമല്ല, വ്യക്തി വൈരാഗ്യം കൊണ്ടല്ല, അത് ചട്ടങ്ങൾ പാലിക്കണമെന്നുള്ള എന്റെ ആഗ്രഹം കൊണ്ടാണ് അങ്ങനെയുള്ള നിലപാടുകളെല്ലാം എടുത്തിരിക്കുന്നത്. ചട്ടങ്ങൾ പാലിക്കണം സഭയുടെ decorum കാത്തുസൂക്ഷിക്കണം. അതായിരുന്നു എന്റെ ambition. അതിൽ കൂടുതലൊന്നുമില്ല. ഈ സഭയ്ക്ക് ഒരു അന്തസ്സുണ്ട്. ആ അന്തസ്സ് പാലിക്കണം. അതിന്റെ decorum കാത്തുസൂക്ഷിക്കണം. അതിന് വേണ്ടി മാത്രം സ്വീകരിച്ചതാണ്. അത്രയേയുള്ളു. ഞാൻ ഇത്രയെല്ലാം ചെയ്തിട്ടും, വളരെ considerate ആയി പ്രതിപക്ഷാംഗങ്ങളോട് പെരുമാറിയിട്ടും എന്തിന് വേണ്ടി ഇവർ എനിക്കെതിരായി ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നു? ഞാൻ ആലോചിച്ചിട്ട് ഒരു കാര്യമേയുള്ളു. അടുത്തകാലത്തുണ്ടായ രാഷ്ട്രീയ സംഭവ വികാസങ്ങളിൽ ഇവർക്ക് ഞാനൊരു തലവേദനയായി തോന്നി. വക്കം സ്പീക്കറായി തുടരുന്നിടത്തോളം കാലം നമ്മുടെ സ്വപ്നം നടക്കില്ല എന്നൊരു ഭയം തോന്നി. അത് എന്റെ സംശയമായിരുന്നു. പക്ഷേ അദ്ദേഹം അത് സ്ഥിരീകരിച്ചു. പ്രതിപക്ഷനേതാവ് സ്ഥിരീകരിച്ചു. നിങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായാൽ ഞങ്ങളത് തീർച്ചയായിട്ടും പ്രയോജനപ്പെടുത്തും. കോൺഗ്രസിനെ തകർക്കുക, കോൺഗ്രസിനെ നശിപ്പിക്കുക എന്നതാണ് ഉദ്ദേശ്യം. അതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. പ്രതിപക്ഷം അങ്ങനെ തന്നെ വേണം. ഞാൻ അതിനെ കുറ്റം പറയുന്നില്ല. കേരളത്തിൽ അങ്ങനെ തന്നെ വേണം. ഇൻഡ്യയിൽ ആ പരിപാടിയില്ലെങ്കിലും കേരളത്തിൽ അത് തന്നെ വേണം. പക്ഷേ അതിനുവേണ്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇത്രയും നാടകങ്ങൾ കളിക്കണമായിരുന്നോ? അവരുടെ ഈ ദുരന്ത നാടകങ്ങൾ കണ്ട് അവരുടെ അണികൾ കരയുകയാണ്. ഇത് അവർക്ക് ഏറ്റവും വലിയ നഷ്ടക്കച്ചവടമായിപ്പോയി എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ചില എം.എൽ.എ.-മാർ എന്നോട് പറഞ്ഞിട്ടുണ്ട്, ഞാൻ ഇപ്പോൾ പേരൊന്നും പറയുന്നില്ല, നഷ്ടക്കച്ചവടമാണെന്ന്. കോൺഗ്രസിനെ പിളർത്തുന്നതിനെ ഞാൻ എതിർത്തു. കോൺഗ്രസ് നശിക്കാതിരിക്കാൻ ഞാൻ യത്നിച്ചു. സഭയിലെ നിഷ്പക്ഷതയ്ക്ക് വേണ്ടി താൽക്കാലികമായെങ്കിലും എന്റെ പാർട്ടിബന്ധം മറക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ തയ്യാറാണ്. പക്ഷേ എന്റെ പാർട്ടി നശിക്കാതിരിക്കാൻ എന്ത് വില കൊടുക്കാനും ഞാൻ തയ്യാറാണ്. അത് ഈ സഭയിൽ ഉറപ്പിച്ച് പറയുന്നതിൽ എനിക്ക് ഒരു മടിയുമില്ല. ഏത് സ്ഥാനവും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണ്. സ്പീക്കർ പദവി നഷ്ടപ്പെട്ടാലും എനിക്കതിൽ കാര്യമില്ല. എന്റെ പാർട്ടി നശിക്കരുതെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഇന്ന് എനിക്ക് സന്തോഷമുണ്ട് സംതൃപ്തിയുണ്ട്. എന്റെ പാർട്ടി പിളരുകയില്ല, എന്റെ പാർട്ടി നശിക്കില്ല. എന്നെപ്പോലെതന്നെ അതിനുവേണ്ടി പ്രവർത്തിച്ച ഒരുപാട് പേരുണ്ട്. ഞാൻ മാത്രമല്ല, എന്നെപ്പോലെ കോൺഗ്രസിനെ സ്നേഹിക്കുന്ന ഒരുപാട് സുഹൃത്തുക്കളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഇന്ന് കാണുന്ന രീതിയിൽ പാർട്ടി മുന്നോട്ടുപോകുന്നത്. അതിൽ സന്തോഷിക്കുന്നത് എല്ലാവരുമാണ്. പല ദുരന്ത നാടകങ്ങളും കണ്ട് നിശബ്ദരായി ഈ സഭയ്ക്കകത്തിരുന്ന എന്റെ സഹപ്രവർത്തകൻമാരും ഇപ്പോൾ സന്തോഷിക്കുന്നുവെന്ന് എനിക്ക് നൂറു ശതമാനം ഉറപ്പുണ്ട്. എല്ലാവരും പരിപൂർണ്ണ സന്തോഷത്തിലാണ്. ഞാൻ നിയമസഭയ്ക്കകത്ത് രാഷ്ട്രീയം പ്രവർത്തിച്ചിട്ടില്ല; പുറത്തും പ്രവർത്തിച്ചിട്ടില്ല. എന്നാൽ ഞാൻ അവസാനം പറഞ്ഞ ചില വാക്കുകളിൽ അൽപ്പം രാഷ്ട്രീയമുണ്ടെന്ന് സമ്മതിക്കുന്നു.

ഇവിടെ പ്രശ്നം സ്പീക്കർക്ക് രാഷ്ട്രീയം ആകാമോ ഇല്ലയോ എന്നുള്ളതാണ്. അതൊക്കെ ഞാൻ ഇവിടെ പറയണമെന്ന് കരുതിയതാണ്. ഇവിടെ ലണ്ടനിലെ പാരമ്പര്യമൊക്കെ പറഞ്ഞു. Once a Speaker ever a Speaker. മാറുന്നത് വരെ സ്പീക്കറായിട്ട് തുടരാം. ആരും എതിർക്കുകയില്ല. അദ്ദേഹത്തിന് പാർട്ടി ബന്ധമില്ല ഒരു ബന്ധവുമില്ല. അത് ഇവിടെ വേണമോ ഇല്ലയോ എന്നുള്ളത് ലോക്സഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്പീക്കർമാരുടെ സമ്മേളനത്തിൽ ഉന്നയിച്ചുനോക്കി. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി തന്നെ അത് തള്ളി. അതുകൊണ്ട് അതൊക്കെ പോയി. ഇന്ന് ജീവിച്ചിരിക്കുന്ന സ്പീക്കർമാരിൽ, മുൻപുള്ളവരിലും ഏറ്റവും കൂടുതൽ കാലം സ്പീക്കറായിരുന്ന ഒരു മഹത് വ്യക്തിയുമുണ്ട്. അതാണ് ഇവിടെ നേരത്തെ പറഞ്ഞ ശ്രീ. ഹഷിം അബ്ദുൾ ഹലിം. വെസ്റ്റ് ബംഗാളിലെ സ്പീക്കറാണ്. 22 വർഷമായി അദ്ദേഹം സ്പീക്കറാണ്. അദ്ദേഹം സ്പീക്കറായ ശേഷം ഇതുവരെ മാറിയിട്ടില്ല. കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ അദ്ദേഹത്തിന് ഉന്നതമായ സ്ഥാനമുണ്ട്. ഏഷ്യയുടെ പ്രതിനിധിയായി അദ്ദേഹം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തന്നെയുണ്ട്. ഇത്രയും ആധികാരികമായി സ്പീക്കർമാരെ പറ്റി സംസാരിക്കാൻ അവകാശമുള്ള, അറിയാവുന്ന, വിവരമുള്ള ഒരു സ്പീക്കറാണ് അദ്ദേഹം. അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഞാൻ മറുപടി പറയുന്നില്ല. ഒരു സ്പീക്കർക്ക് രാഷ്ട്രീയം ആകാമോ ഇല്ലയോ എന്ന് അദ്ദേഹം മറുപടി പറയും എന്റെ പ്രതിപക്ഷ സുഹൃത്തുക്കൾക്ക്. 'സ്പീക്കർക്ക് രാഷ്ട്രീയ ബന്ധം ആകാം'- ഹഷിം. അദ്ദേഹം തിരുവനന്തപുരത്ത് വന്ന് പറഞ്ഞതാണ്. 9-1-1993-ലെ മലയാള മനോരമ പത്രം ഞാൻ വായിക്കാം. പിന്നെ വേറെ ആർക്കും മറുപടി പറയേണ്ട കാര്യമില്ല. "നിയമസഭാ സ്പീക്കർ രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതിൽ അപാകതയില്ലെന്ന് ബംഗാൾ സ്പീക്കറും സ്പീക്കർമാരുടെ ഉപസമിതിയുടെ അദ്ധ്യക്ഷനുമായ ഹഷിം അബ്ദുൾ ഹലിം അഭിപ്രായപ്പെട്ടു". സ്പീക്കർമാരുടെ ഉപസമിതിയുടെ അദ്ധ്യക്ഷനായിട്ടാണ് അദ്ദേഹം ഇവിടെ വന്നത്. കമ്മിറ്റിയായിട്ടാണ് വന്നത്. അദ്ദേഹം അഭിപ്രായപ്പെട്ടു, "ഞാൻ ബംഗാളിൽ സി.പി.എം. പാർട്ടി വേദികളിൽ പ്രസംഗിക്കാറുണ്ട്, തെരഞ്ഞെടുപ്പ് പ്രചരണ യോഗങ്ങളിൽ പങ്കെടുക്കും. പാർട്ടിയുടെ സ്റ്റേറ്റ് അംഗമായി തുടരുന്നു". സ്പീക്കർമാരുടെ ഉപസമിതി യോഗത്തിൽ പങ്കെടുക്കാൻ എത്തിയ അദ്ദേഹം പത്രലേഖകരോട് സംസാരിക്കുകയായിരുന്നു. സ്പീക്കർ സ്ഥാനം സഭയ്ക്കുള്ളിൽ, പുറത്തിറങ്ങിയാൽ പാർട്ടിക്കാരനായി പ്രവർത്തിക്കുന്നതിന് ഭരണഘടന വിലക്കൊന്നുമില്ല. അല്ലെങ്കിൽ നിങ്ങൾ ഭരണഘടന ഭേദഗതി ചെയ്തുകൊള്ളൂ. ശ്രീ. ഹലിം പ്രതികരിച്ചു. എന്തിനാണ് ഈ മുഖംമൂടി? പാർട്ടിയുടെ സ്ഥാനാർത്ഥിയായി നിന്നുകൊണ്ടാണ് തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്. ജയിച്ച് സ്പീക്കറായി കഴിയുമ്പോൾ എങ്ങനെയാണ് നിറം മാറുന്നത്? സ്പീക്കർ നിഷ്പക്ഷനായി പ്രവർത്തിക്കണമെന്ന കാര്യത്തിൽ തർക്കമില്ല. പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കണം. അതിന് മുമ്പ് പറഞ്ഞ ഒന്നും തടസ്സമല്ല. വളരെ കറക്ടായിട്ട് അദ്ദേഹം പറഞ്ഞിരിക്കുകയാണ്. അദ്ദേഹം ഇതിനകത്ത് മറുപടി പറയും. എനിക്ക് അതിൽ കൂടുതൽ ഒന്നും പറയാനില്ല. ഞാൻ ഒരു മറുപടിയും പറയുന്നില്ല. ഞാൻ ഈ സഭയിലെ എല്ലാ അംഗങ്ങളെയും സ്നേഹിച്ചു. പ്രതിപക്ഷാംഗങ്ങളെയും സ്നേഹിച്ചു, എല്ലാവരേയും ഞാൻ ബഹുമാനിച്ചു. എല്ലാവരെയും ഒരുപോലെ കാണുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ചു. അവരുടെ ഭാരിച്ച ചുമതലകൾ വിജയപ്രദമായി നിർവ്വഹിക്കുന്നതിന് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ഞാൻ ആത്മാർത്ഥമായി ശ്രമിച്ചു. പൊതുജനമധ്യത്തിലും ഗവൺമെന്റിലും അംഗീകാരം വാങ്ങി കൊടുക്കാൻ ഞാൻ ആത്മാർത്ഥമായി നടപടികൾ സ്വീകരിച്ചു. അതിൽ പ്രതിപക്ഷ മെമ്പർമാരെ ഞാൻ ഒഴിവാക്കിയില്ല. പ്രതിപക്ഷ മെമ്പർമാരെ ബഹുമാനിക്കാതിരുന്ന പല ഉദ്യോഗസ്ഥരെ ക്കൊണ്ടും ഞാൻ മാപ്പ് പറയിച്ചു. അവരെക്കൊണ്ട് ഞാൻ ഖേദം പ്രകടിപ്പിച്ചു. അതൊന്നും വിശദമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജനപ്രതിനിധികൾ സമൂഹത്തിലെ ഉന്നതസ്ഥാനീയരാണ്. അതറിയുന്ന ഞാൻ എല്ലാ ഭാഗത്തുള്ള അംഗങ്ങളേയും ബഹുമാനിച്ചു. ഞാൻ സ്നേഹിക്കുന്ന, ഞാൻ ബഹുമാനിക്കുന്ന ഈ സഭയിലെ ചില എം. എൽ. എ.-മാർ എനിക്കെതിരായി, എന്നെ നീക്കം ചെയ്യുന്നതിനുള്ള ഒരു പ്രമേയം കൊണ്ടുവന്നതിൽ ഞാൻ ആത്മാർത്ഥമായി ദുഃഖിക്കുന്നു. ആ ദുഃഖഭാരത്താൽ ഞാൻ തല കുനിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു; പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ — 36

1. Shri. A. A. Azeez
2. Shri. A. C. Shanmughadas
3. Shri. A. K. Balan
4. Shri. Binoy Viswam
5. Dr. K. C. Joseph
6. Dr. Thomas Issac
7. Smt. Girija Surendran
8. Shri. K. K. Jayachandran
9. Shri. K. P. Mohanan
10. Shri. K. P. Rajendran
11. Shri. K. P. Satheesh Chandran
12. Shri. K. Radhakrishnan
13. Shri. K. V. Kunhiraman
14. Shri. Kodiyeri Balakrishnan
15. Shri. Kovoor Kunjumon
16. Shri. M. Kumaran
17. Shri. M. V. Govindan Master
18. Shri. M. V. Jayarajan
19. Shri. Mangode Radhakrishnan
20. Shri. Manjalamkuzhi Ali
21. Shri. Mathai Chacko
22. Shri. P. C. George
23. Shri. P. Jayarajan
24. Shri. P. Narayanan
25. Shri. P. Sankaran
26. Shri. Pirappancode Murali

LIBRARY ARCHIVES Kerala Legislative Assembly

27. Shri. Raju Abraham
28. Shri. Saju Paul
29. Shri. T. K. Balan
30. Shri. T. K. Devakumar
31. Shri. T. P. Ramakrishnan
32. Shri. V. C. Kabeer
33. Shri. V. Chenthamarakshan
34. Shri. V. K. C. Mammed Koya
35. Shri. V. K. Chandran
36. Shri. V. S. Achuthanandan

അനുകൂലിക്കുന്നവർ—36

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട ചെയറിനോട് ഒരു അഭ്യർത്ഥനയുണ്ട്. .....(ബഹളം)..... അങ്ങ് procedure ഒന്ന് വ്യക്തമായി പറയണം. ഈ പ്രമേയത്തെ അനുകൂലിക്കുന്നവർ മാത്രമേ വരികയുള്ളു, procedure അനുസരിച്ച് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള നടപടിക്രമം നടത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ മാത്രമേയുള്ളു മറ്റേത് ക്യാൻസൽ ചെയ്തിരിക്കുന്നു. ഭരണഘടനയുടെ 179 (സി) അനുഛേദം അനുസരിച്ചുള്ള ഭൂരിപക്ഷം പ്രമേയത്തിന് ലഭിക്കാത്തതുകൊണ്ട് പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ സ്പീക്കർ]

VI ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട്-ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ 2-ാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡുകൾ സംബന്ധിച്ച് 2004-05 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly